2013 DECEMBER | Vol.12 | Issue 12 | ₹15

# കെയ്റോസ്

വിശ്വാസ
മുന്നേറ്റത്തിനായ്...



# എളിമയുടെ ലുത്തീനിയ

ശാന്തനും വിനീത ഹൃദയനുമായ ഈശോനാഥാ
എന്റെ പ്രാർത്ഥന കേൾക്കേണമെ.

വിലമതിക്കപ്പെടണമെന്നുള്ള ആഗ്രഹത്തിൽ നിന്ന്
സ്തുതിക്കപ്പെടാനുള്ള ആഗ്രഹത്തിൽ നിന്ന്
മുൻഗണന ലഭിക്കണമെന്നുള്ള ആഗ്രഹത്തിൽ നിന്ന്
എന്റെ അഭിപ്രായം എല്ലാവർക്കും-
സ്വീകാര്യമാകണമെന്നുള്ള ആഗ്രഹത്തിൽ നിന്ന്
മറ്റുള്ളവർ എന്നോട് ആലോചിച്ച്-
പ്രവർത്തിക്കണമെന്നുള്ള ആഗ്രഹത്തിൽ നിന്ന്
അപമാനിക്കപ്പെടുമെന്നുള്ള ഭയത്തിൽ നിന്ന്
നിന്ദിക്കപ്പെടുമെന്നുള്ള ഭയത്തിൽ നിന്ന്
അവജ്ഞാപാത്രമാകുമെന്നുള്ള ഭയത്തിൽ നിന്ന്
വിസ്മരിക്കപ്പെടുമെന്നുള്ള ഭയത്തിൽ നിന്ന്
പരിഹസിക്കപ്പെടുമെന്നുള്ള ഭയത്തിൽ നിന്ന്
ദ്രോഹിക്കപ്പെടുമെന്നുള്ള ഭയത്തിൽ നിന്ന്
സംശയിക്കപ്പെടുമെന്നുള്ള ഭയത്തിൽ നിന്ന്

പ്രിയ ഈശോ,
എന്നെ രക്ഷിക്കണമെ.

മറ്റുള്ളവർ അധികമധികം സ്നേഹിക്കപ്പെടണമെന്ന് ആഗ്രഹിക്കുവാൻ
മറ്റുള്ളവർ എന്നേക്കാളധികം പ്രശംസിക്കപ്പെടണമെന്ന് ആഗ്രഹിക്കുവാൻ
മറ്റുള്ളവർ എന്നേക്കാളധികം ആദരിക്കപ്പെടണമെന്ന് ആഗ്രഹിക്കുവാൻ
മറ്റുള്ളവർക്ക് എന്നേക്കാളധികം മുൻഗണന-
ലഭിക്കണമെന്ന് ആഗ്രഹിക്കുവാൻ
മറ്റുള്ളവർക്ക് എന്നേക്കാളധികം ജനസമ്മതി-
ലഭിക്കണമെന്ന് ആഗ്രഹിക്കുവാൻ
മറ്റുള്ളവർ എന്നേക്കാളധികം വിശുദ്ധരായി-
പരിഗണിക്കപ്പെടുന്നതിനും എന്നാൽ ഞാൻ
നല്ല ദൈവം എനിക്കു നൽകുന്ന വിശുദ്ധിയിൽ
മാത്രം സംതൃപ്തി കണ്ടെത്തുന്നതിനും ഇടവരുവാൻ

പ്രിയ ഈശോ,
എന്നെ സഹായിക്കേണമെ.

**ശാന്തനും വിനീതഹൃദയനുമായ ഈശോയെ എന്റെ ഹൃദയം അങ്ങയുടെ ഹൃദയത്തിന് അനുയോജ്യമാക്കേണമേ.**

Prepared by Anisha V.J.



# ദൗത്യം കണ്ടെത്തണം

ജീവിതത്തിൽ എല്ലാവരും ആഗ്രഹിക്കുന്നത് സന്തോഷമാണ്. ദൈവത്തിന്റെ ആഗ്രഹവും മനുഷ്യർ സന്തോഷിക്കണമെന്നുതന്നെയാണ്. ദൈവം തന്നെയാണ് ആ ആഗ്രഹം മനുഷ്യന്റെയുള്ളിൽ സൃഷ്ടിച്ചിരിക്കുന്നത്. ഓരോ വ്യക്തിക്കായും ദൈവം കാത്തുസൂക്ഷിച്ചിരിക്കുന്ന പ്രത്യേകമായ ദൗത്യം കണ്ടെത്തുകയും നിറവേറ്റുകയും ചെയ്യുമ്പോഴാണ് സന്തോഷമുണ്ടാകുന്നത്, ജീവിതത്തിന് അർഥമുണ്ടാകുന്നത്.

ദൈവരാജ്യം വളരാനുതകുന്ന വിധത്തിൽ, നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ നിർവഹിക്കേണ്ട പ്രത്യേക ദൗത്യം കണ്ടെത്തി, അതു നിർവഹിക്കുന്നതിലൂടെയേ നീണ്ടുനിൽക്കുന്ന സന്തോഷവും സംതൃപ്തിയും ലഭിക്കൂ.

ദൈവം നിങ്ങളെ ഏതു ദൗത്യത്തിനാണ് വിളിക്കുന്നതെന്ന് തിരിച്ചറിയാനായോ? നിങ്ങളുടെ ജീവിതാനുഭവങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, പ്രത്യേകതകൾ, കഴിവുകൾ, ജീവിത പശ്ചാത്തലം, ബന്ധങ്ങൾ എന്നിവയെല്ലാം ദൗത്യം കണ്ടെത്താൻ സഹായിക്കുന്ന കാര്യങ്ങളാണ്. അതോടൊപ്പം പ്രാർഥനയും ദൈവവചനവും ആത്മീയ ഉപദേശങ്ങളും സഹായകരമാകും. ഹൃദയത്തിൽനിന്ന് എടുത്തുമാറ്റാൻ സാധിക്കാത്ത, ദൈവം തന്നെ നിക്ഷേപിച്ചിരിക്കുന്ന സന്തോഷമാണ് ആഗ്രഹിക്കുന്നതെങ്കിൽ നിങ്ങൾ ജീവിത ദൗത്യം കണ്ടെത്തി നിർവഹിക്കുക തന്നെ വേണം. "അപ്പോൾ നമ്മുടെ എല്ലാ ധാരണയെയും അതിലംഘിക്കുന്ന ദൈവത്തിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും ചിന്തകളെയും യേശുക്രിസ്തുവിൽ കാത്തുകൊള്ളും" (ഫിലിപ്പി 4:7).

നന്മയും മഹത്വവുമുള്ള ഏതെങ്കിലുമൊക്കെ മനോഹരമായ ദൗത്യങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിക്കാൻ ആഗ്രഹിക്കുന്നവരാണ് യുവജനങ്ങൾ. ഇത്തരത്തിലുള്ള ഹൃദയാഭിലാഷത്തെക്കുറിച്ചുള്ള അവബോധവും തിരിച്ചറിവും പലർക്കുമുണ്ടാകില്ല എന്ന സാഹചര്യവുമുണ്ട്.

2013-ലെ ക്രിസ്മസ് വരുകയാണ്. കുട്ടികളും യുവജനങ്ങളും മുതിർന്നവരുമൊക്കെ തങ്ങളുടേതായ രീതിയിൽ ദൈവപുത്രന്റെ പിറവിത്തിരുനാളിനൊരുങ്ങുകയാണ്. എന്റെ ജീവിതത്തിൽനിന്ന് ദൈവം എന്താണ് ആഗ്രഹിക്കുന്നത്, എന്റെ സന്തോഷം പൂർണമാകുന്നതിനായി ദൈവം കണ്ടെത്തിയിരിക്കുന്ന പ്രത്യേകദൗത്യമെന്താണ്?

നമ്മുടെ പ്രാർഥനകളും നോമ്പും ക്രിസ്മസിനായുള്ള പ്രത്യേക ഒരുക്കങ്ങളും ഇത്തരമൊരു കണ്ടെത്തലിലേക്ക് നമ്മെ നയിച്ചിരുന്നെങ്കിൽ എത്ര മനോഹരമായേനെ. തങ്ങളുടെ ജീവിതത്തിൽ ദൈവം ആഗ്രഹിക്കുന്നത് എന്താണെന്നുകണ്ടെത്തി, ഹൃദയത്തെ തൃപ്തിപ്പെടുത്തുന്ന സന്തോഷത്തിന്റെ പൂർണതയിലേക്ക് വഴിതുറക്കാൻ കുട്ടികളെയും യുവാക്കളെയും സഹായിക്കാനുള്ള ഉത്തരവാദിത്വം മുതിർന്നവർക്കുണ്ട്.

ആത്മാവിൽ സന്തോഷിക്കുന്ന, ദൈവിക ദൗത്യം തങ്ങളുടെ ജീവിതത്തിൽ കണ്ടെത്തി നിറവേറ്റുന്ന സഭാംഗങ്ങളും സഭയുമാകട്ടെ പുൽക്കൂട്ടിലെ ഉണ്ണിശോയ്ക്ക് ഇത്തവണ നാം സമർപ്പിക്കുന്ന സമ്മാനം.

*സ്നേഹപൂർവം, ഡോ. ചാക്കോച്ചൻ ഞാവള്ളിൽ*
*kairosmag@gmail.com*

Kairos Magazine|December 2013|Vol.12|Issue 12|www.kairos.jesusyouth.org|facebook.com/Readkairos

വിലാസം: കെയ്റോസ്, എമ്മാവൂസ്, എച്ച്.എം.ടി. കോളനി പി.ഒ. പിൻ-683 503. ഫോൺ: 0484 - 2558825
ഇമെയിൽ: kairosmag@gmail.com

IFSC FDRL 0001012, KAIROS TRUST, SB A/c No. 13060100110898, FEDERAL BANK, KALAMASSERY

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ **180** | അഞ്ചു വർഷത്തേക്ക് ₹ **800** | വിദേശത്തേക്ക് ₹ **1500** (ഒരു വർഷത്തേക്ക്)

സ്പിരിച്വൽ ഡയറക്ടർ **ഫാ. ഏബ്രഹാം പള്ളിവാതുക്കൽ** (കെ.വൈ.സി.റ്റി.ആനിമേറ്റർ) 9895711927; പ്രിന്റർ ആൻറ് പബ്ലിഷർ **റെജി കരോട്ട്** 9447394142; എക്സിക്യൂട്ടീവ് മാനേജർ **സിൻജോ പി.കെ.** (കെ.വൈ.സി.റ്റി.കോ-ഓർഡിനേറ്റർ) 9895711787

ചീഫ് എഡിറ്റർ **ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513; അസോസിയേറ്റ് എഡിറ്റർ **സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ് **ഫാ. ജോഷി മാക്കീൽ** 9895942870, **റെന്നി ഞാറക്കുളം** 9447459474, **ബാബു തുണ്ടത്തിൽ** 9446256120, **അഡ്വ. കെ.ജെ. ജോൺസൺ** 9447245745, **ഡോ. കൊച്ചുറാണി ജോസഫ്** 9447155736, **ഡോ. സൂസി ജോസ്** 9446224723, **ടിറ്റോ മാത്യു** 9605360572, **അഞ്ജു റോസ്** 8086380461, **അരുൺ ആന്റണി** 9447378547, **ജോബി തോമസ് കട്ടപ്പന** 9400472357, **ഷാലു തോമസ്** 9677103641, **ഷാജി ജോസഫ്** 9895405631, **രാജേഷ് മത്തായി** 9447576650, **നൈസിൽ രാജേഷ്** 9446123934, **അനിഷ വി.ജെ** 9747266752, **സന്തോഷ് ഡോമിനിക്ക്** 9895849707, **ജോബി തോമസ്** 9995213936, **ജെയിംസ് ആഴ്ചങ്ങാടൻ** 9846142576, **ജോസി ആലഞ്ചേരി** 9249902760, **ഷാജി ലൂയിസ്** 9895763292, **ജോസ് കുര്യൻ** 9447128457

സർക്കുലേഷൻ/മാനേജർ **ജോജിബാബു മമ്പള്ളിൽ** 9447742672; ഫിനാൻസ് മാനേജർ **ടോമി തോട്ടുങ്കൽ** 9447926098

ഡിസൈൻ **ഷാജി ജോസഫ് അറക്കൽ** 9895405631

## കത്തുകൾ

### സ്വാഗതം




കെയ്റോസ് മാസികയുടെ സ്പിരിചൽ ഡയറക്ടറായി ഫാ. ഏബ്രഹാം പള്ളിവാതുക്കലും എക്സിക്യൂട്ടിവ് മാനേജരായി സിൻജോ പി.കെ. യും ഉത്തരവാദിത്തമേറ്റെടുത്തിരിക്കുന്നു. കെയ്റോസിനെ ദൈവം ആഗ്രഹിക്കുന്ന വഴിയിൽ നയിക്കാൻ ഇവരുടെ സാന്നിധ്യം ഇടയാക്കട്ടെ.

### നന്ദി




കഴിഞ്ഞ മൂന്നുവർഷം കെയ്റോസ് മാസികയുടെ സ്പിരിചൽ ഡയറക്ടറായിരുന്ന ഫാ. ഷിബു ഒസിഡിയും എക്സിക്യൂട്ടിവ് മാനേജരായിരുന്ന ജോബി തോമസും ഏറെ ഫലപ്രദമായിരുന്ന പ്രവർത്തനങ്ങൾക്കുശേഷം പുതിയ ദൗത്യങ്ങൾ ഏറ്റെടുത്തിരിക്കുന്നു.

---

എന്റെ പേര് ഷീല. എന്റെ മകളുടെ വലതുകാലിന്റെ മുട്ടിന് പെട്ടെന്നൊരു ദിവസം വേദന തുടങ്ങിയിട്ട് മടക്കുവാനോ, നടക്കാനോ പറ്റാത്ത അവസ്ഥയിലായിരുന്നു. മരുന്നുകൾ കഴിച്ചിട്ടും വേദന കുറഞ്ഞില്ല. അങ്ങനെയിരിക്കേ കെയ്റോസിൽ ലാൽ ജോസിന്റെ അനുഭവം വായിക്കാനിടയായി. അതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് അടുത്ത ദിവസം സമീപത്തെ യൂദാശ്ലീഹായുടെ ദേവാലയത്തിൽ നടന്ന കുർബാനയിൽ വച്ച്, അസഹ്യമായ വേദനയ്ക്കിടയിൽ മകൾ ഇങ്ങനെ പ്രാർഥിച്ചു: 'ലാൽ ജോസിന്റെ കൈയ്ക്കു സൗഖ്യം നൽകിയ കർത്താവേ, എന്റെ കാലിന്റെ വേദന മാറ്റണമേ'. കുർബാനയ്ക്കുശേഷം വീട്ടിൽ വന്ന് കാലുകൊണ്ടുചെയ്യാൻ പറ്റാതിരുന്ന പ്രവൃത്തികൾ മകൾ ഓർക്കാതെ ചെയ്തുപോയപ്പോഴാണ് കർത്താവ് പ്രാർഥന കേട്ട് മകൾക്കു സൗഖ്യം നൽകിയെന്നറിയുന്നത്.

*സ്നേഹപൂർവം, ഷീല തോമസ് കൂത്താട്ടുകുളം*



വഴിയും വിളിയും



ജേക്കബ് കോച്ചേരി

# മാറുന്ന തൊഴിൽ സംസ്കാരം

ഒരു പ്രമുഖ കലാലയത്തിലേക്കുള്ള ഇന്റർവ്യൂ നടക്കുന്നു. പഠനത്തിലും പൊതുവിജ്ഞാനത്തിലും പ്രസംഗത്തിലുമെല്ലാം മിടുക്കനായ അബി ഇന്റർവ്യൂവിൽ നന്നായി പങ്കെടുത്തു. എന്നാൽ ഇന്റർവ്യൂ ബോർഡിന്റെ തലവനായ പ്രഫസർ അബിക്ക് പ്രവേശനം നൽകാൻ താത്പര്യപ്പെട്ടില്ല.

വളരെ സാമ്പത്തിക ബുദ്ധിമുട്ടുള്ള കുടുംബമായിരുന്നു അബിയുടേത്. വലുതായപ്പോൾ നിത്യവൃത്തിക്കായി മണൽവാരൽ തുടങ്ങി. പൊലീസിന്റെ കണ്ണുവെട്ടിച്ചും മണൽകടത്തിയിരുന്നതായി അബി പറഞ്ഞു. ഇക്കാര്യമാണ് പ്രഫസറിൽ അനിഷ്ടം ഉണ്ടാക്കിയത്. കാരണം നിയമത്തെയും ധാർമികമൂല്യങ്ങളെയും ധിക്കരിക്കുന്നത്, അത് കുടുംബം പുലർത്താൻ വേണ്ടിയാണെങ്കിൽക്കൂടിയും ആദർശമുള്ള ജീവിതാവസ്ഥകൾക്ക് ചേർന്നതല്ല എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്.

സ്വയംതൊഴിലെടുത്ത് കുടുംബത്തിന് അത്താണിയാകുന്ന അബിയെ എനിക്ക് ഇഷ്ടമായിരുന്നു. അവന് അഡ്മിഷൻ കിട്ടാത്തതിൽ ഞാൻ ഖിന്നനുമായിരുന്നു.

അതിരാവിലെ ഉണർന്ന് പത്രവിൽപനയ്ക്കും വാർക്കപ്പണിക്കും വാഹനം കഴുകാനുമെല്ലാം പോകുന്ന വിദ്യാർഥികളെ ഞാൻ അഭിനന്ദിച്ചിരുന്നു. എന്നാൽ ആ കുട്ടികളൊക്കെ മോശം കൂട്ടുകെട്ടിൽപെട്ട് ഇടയ്ക്കുവച്ച് പഠനം നിർത്തുന്നതായും ഇന്നുകാണുന്നുണ്ട്. കാരണം ഇത്തരം പണികൾക്കുപോകുന്ന കുട്ടികളിലധികവും കുടുംബത്തെ സഹായിക്കാനല്ല, സ്വന്തമായി നാലു ചക്രമുണ്ടാക്കാനാണ് ഇന്ന് മണൽവാരാനും വണ്ടിക്ക് എസ്കോർട്ട് പോകാനുമൊക്കെ തയാറാകുന്നത്.

സ്കൂളിൽനിന്ന് എൻ.എസ്.എസ്. ക്യാംപിനെന്നുപറഞ്ഞ് ഇറങ്ങിയ വിദ്യാർഥി 10 ദിവസംകഴിഞ്ഞിട്ടും വീട്ടിൽ തിരിച്ചെത്തിയില്ല. പിതാവ് സ്കൂളിലെത്തി കാര്യമന്വേഷിച്ചു. അങ്ങനെയൊരു പരിപാടിയേ സംഘടിപ്പിച്ചിട്ടില്ലെന്ന് സ്കൂൾ അധികൃതർ. കുട്ടിയെ അന്വേഷിച്ചുള്ള ഓട്ടമായി പിന്നീട്. ഒടുവിൽ പുഴയുടെ തീരത്ത് തളർന്ന് അവശനായിരിക്കുന്ന മകനെ പിതാവ് കണ്ടെത്തി.

മണൽവാരലായിരുന്നു മകന്റെ സാമൂഹിക സേവനം. 10 ദിവസം സേവിച്ച് എന്തുനേടിയെന്ന് പിതാവ്. രാവും പകലുമായി 15,000 രൂപയ്ക്കുള്ള മണൽവാരി. 12,000 രൂപയ്ക്കു മൊബൈൽ ഫോൺ വാങ്ങി, ബാക്കി ഹോട്ടൽ ഭക്ഷണത്തിന് ചെലവായി. കൈയിലുള്ളത് 500 രൂപ.

കുട്ടികളുടെ കൈയിൽ ആവശ്യത്തിലധികം പണംവന്നുകഴിയുമ്പോൾ ചീത്ത കൂട്ടുകെട്ടുകളിലേക്കും അതുവഴി ലഹരിയുടെ കാണാക്കയങ്ങളിലേക്കും ചെന്നെത്തുന്നത് പതിവുകാഴ്ചയാണ്. പ്രത്യേകിച്ച് ചില തൊഴിലുകളിൽ പണിസാധനമെന്നപോലെ പ്രധാനപ്പെട്ടതാണത്രേ മദ്യവും. അതുവിളമ്പുമ്പോൾ മുതിർന്നവരുടെ കൂടെ ജോലിയെടുക്കുന്ന കുട്ടികളും അതിൽപെട്ടുപോകും.

ഒരു മദ്യപാനിയും പണംകൊടുത്ത് കുടിച്ച് കുടിയനാകുന്നില്ല. സുഹൃത്തുക്കളുടെ പ്രോത്സാഹനവും സൗജന്യവുമാണ് മദ്യപാനത്തിനുപിന്നിൽ.

ആവശ്യത്തിനു പണം വന്നുചേരുന്നതോടെ കുട്ടികൾ സ്വയംപര്യാപ്തരായി എന്ന തോന്നലുണ്ടാകുകയും മാതാപിതാക്കളെയും അധ്യാപകരെയും ധിക്കരിക്കുന്ന തരത്തിലേക്ക് പോകുകയും ചെയ്യുന്നു. പിന്നീടത് സ്വഭാവത്തിലും പഠനത്തിലും പിന്നാക്കം കൊണ്ടുപോകും. മണൽ ലോറിക്ക് എസ്കോർട്ട് പോകുന്ന കുട്ടികൾ ക്വട്ടേഷൻ സംഘത്തിൽചേരുന്നതുപോലുള്ള സംഭവങ്ങൾ അങ്ങനെയാണുണ്ടാകുന്നത്.

മാതാപിതാക്കളെ ജോലിയിൽ സഹായിക്കുന്നതും തൊഴിലിന്റെ മഹത്വമറിയുന്നതും നല്ലതുതന്നെ. എന്നാൽ പുറംപണികൾക്ക് പോകുമ്പോൾ ഗുണത്തേക്കാളേറെ കുട്ടികൾ നഷ്ടപ്പെട്ടുപോകാനുള്ള സാധ്യതയാണ് ഇരട്ടിക്കുന്നത്. കുട്ടികളിലെ സ്വഭാവവൈകല്യങ്ങളുടെ മൂലകാരണം തേടുമ്പോൾ കണ്ടെത്തുന്ന പ്രശ്നങ്ങളിലൊന്നാണിത്. കുടുംബത്തിൽ തീരെ നിവൃത്തിയില്ലാത്ത അവസ്ഥയിലേ കുട്ടികളെ തൊഴിലിനയയ്ക്കാവൂ എന്ന് മാതാപിതാക്കളെ ബോധ്യപ്പെടുത്തേണ്ടത് അധ്യാപകരാണ്. ക്ലാസ്സ് പി.ടി.എ.കളിലും മാതൃസംഘങ്ങളിലുമൊക്കെ ഇത് സജീവ ചർച്ചയിലേക്കും അവബോധത്തിലേക്കും നയിക്കണം ■

# അനുഭവം

സണ്ണി കോക്കാപ്പിള്ളിൽ



# മകളെ തല്ലിയാൽ തല്ലുകൊള്ളും

വളരെ വേദനയോടെയാണ് അയാൾ തന്റെ ദുഃഖങ്ങൾ പങ്കുവച്ചത്. സങ്കടവും നിരാശയും വിദ്വേഷവും ആ കണ്ണുകളിലുണ്ടായിരുന്നു. "ഇത്രമാത്രം തീ തിന്നാൻ എന്തു തെറ്റാണു ഞാൻ ചെയ്തത്? ഒരു ജന്മം മുഴുവൻ ആർക്കു വേണ്ടിയാണു ജീവിച്ചതെന്ന് അവൾ മനസ്സിലാക്കേണ്ടിയിരുന്നു. ഇതുവരെ അവളെ ഞാൻ നുള്ളി നോവിച്ചിട്ടില്ല. ആ എന്നോടാണ് ഒരു തെമ്മാടി വന്ന് ഭീഷണിപ്പെടുത്തിയത്!"

ചില സംഭവങ്ങൾ കഥകളെക്കാൾ വിചിത്രമാണ്. ചിലപ്പോൾ അവിശ്വസനീയമെന്നേ തോന്നുകയുള്ളൂ. ബന്ധങ്ങൾ ബന്ധനങ്ങളാവുകയും മറ്റു ചില ബന്ധങ്ങളെ കാർന്നുതിന്നുകയും ചെയ്യുന്ന അവസരങ്ങളുണ്ട്. നിനച്ചിരിക്കാത്ത നേരത്ത് ഇതുവരെ ഒരുമയോടെ നിന്നവർ പരമശത്രുക്കളായി മാറും. ചിലരുടെ ജീവിതത്തിൽ ഇങ്ങനെയൊക്കെ സംഭവിക്കാനായിരിക്കും വിധി!

എന്തെന്തു സ്വപ്നങ്ങളോടെയാണ് ഓരോരുത്തരും കുടുംബജീവിതം ആരംഭിക്കുന്നത്. അതിനെ തല്ലിക്കൊഴിക്കാൻ വേണ്ടപ്പെട്ടവരുടെ ഇടയിൽ നിന്നുതന്നെ ശ്രമമുണ്ടാകുമ്പോൾ ജീവിതനദിയുടെ സ്വച്ഛമായ ഒഴുക്കിനു തടസ്സമനുഭപ്പെടുന്നു. കെട്ടിക്കിടക്കുന്ന ജലം മലിനമാകാൻ അതുമതി. മലിനജലത്തിൽ നിന്നാണല്ലോ ഏറ്റവും കൂടുതൽ രോഗാണുക്കൾ ഉണ്ടാകുന്നത്. ദുർഗന്ധപൂരിതമായ പരിസരസൃഷ്ടിയിൽ അതു മുഖ്യ പങ്കു വഹിക്കുന്നു.

മെട്രോ നഗരത്തിൽ മികച്ച ജോലിയുള്ള ലിഷ എങ്ങനെയാണ് ആനന്ദുമായി പ്രണയത്തിലായതെന്നോർത്ത് ഏറ്റവും അടുത്തവർ പോലും അത്ഭുതം കൂറാറുണ്ട്. എന്തെങ്കിലും ജോലി അവനുള്ളതായി ആർക്കുമറിയില്ല. രാവിലെയും വൈകിട്ടും ബസ് സ്റ്റോപ്പിലെ സ്ഥിരം സാന്നിധ്യം എങ്ങനെയോ ലിഷയുടെ മനസ്സിൽ ചേക്കേറി. കായലോരത്തുള്ള പാർക്കിലെ സിമന്റു ബഞ്ചുകൾ അവരുടെ ഹൃദയ രഹസ്യങ്ങൾ ഏറ്റുവാങ്ങി. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ഷോപ്പിങ്മാൾ അവർക്കുത്സവ വേദിയായി.

ഒരിക്കൽ ബൈക്കിന്റെ പിന്നിലിരുത്തി ലിഷ യുടെ വീട്ടിൽ കൊണ്ടുവന്നിറക്കിയത് അമ്മ കണ്ടപ്പോൾ അവൾക്കെല്ലാം പറയേണ്ടിവന്നു. വീട്ടുകാരുടെ അന്വേഷണത്തിൽ തങ്ങൾക്കു പറ്റിയ ആലോചനയല്ലെന്നു മനസ്സിലായി. പക്ഷേ, ഇക്കാര്യത്തിൽ ഒരു പുനരാലോചന യില്ലെന്ന് ലിഷ കട്ടായം പറഞ്ഞു. ആനന്ദിനു സ്ഥിരമായ ജോലിയില്ല. നല്ല ജോലിക്കുള്ള യോഗ്യതയുമില്ല. മാത്രമല്ല, മറ്റൊരു മതത്തിൽപ്പെട്ടയാളുമാണ്. ലിഷയുടെ ജോലി കൊണ്ട് ജിവിക്കേണ്ടി വരും. താനതിനു തയ്യാറെന്നു ലിഷ. കുടുംബത്തിനു യോജിക്കാത്ത ബന്ധം ഉപേക്ഷിക്കണമെന്ന് വീട്ടുകാർ. താൻ സ്നേഹിച്ചയാളെ കൈയൊഴിയുകയില്ലെന്നു അവൾ.

പോരാട്ടത്തിന്റെ ദിനങ്ങൾ. ഇരുകൂട്ടരും വിട്ടുവീഴ്ചയില്ലാതെ തങ്ങളുടെ വാദഗതികളിൽ ഉറച്ചു നിന്നു. കല്യാണം നടത്തിയില്ലെങ്കിൽ ആനന്ദിന്റെ കൂടെ ഇറങ്ങിപ്പോകുമെന്ന് ലിഷ പറഞ്ഞു. പീറ്ററിനതു സഹിക്കാനായില്ല. ഇത്രയും കാലം താൻ അധ്വാനിച്ചത് ആർക്കു വേണ്ടിയിട്ടായിരുന്നു? ആരോപണ, പ്രത്യാരോപണങ്ങൾക്കിടയിൽ പീറ്റർ മകളുടെ ചെകിട്ടത്ത് അടിച്ചു. ലിഷ കരഞ്ഞു കൊണ്ട് മുറിയിൽ കയറി വാതിലടച്ചു.

ജീവിതത്തിലാദ്യമായി മകളെ തല്ലേണ്ടിവന്നതിൽ അയാൾക്ക് അതിയായ ദുഃഖമുണ്ടായി. ലിഷയുടെ മുറിയുടെ വാതിക്കൽ ചെന്ന് 'മോളേ' എന്നയാൾ വിളിച്ചു. അവൾ എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു. ലിഷയുടെ അമ്മ മുറിയുടെ മുൻപിൽ ചെന്ന് വാതിൽ തുറന്നിറങ്ങിവരാൻ അവളോടു കെഞ്ചിക്കൊണ്ടിരുന്നു.

ഏതാണ്ട് ഒരു മണിക്കൂറായപ്പോൾ വീടിനു പുറത്തൊരു ബഹളംകേട്ട് പീറ്ററും ഭാര്യയും പുറത്തേക്കിറങ്ങി. "എന്റെ പെണ്ണിനെ നീ അടിക്കും ഇല്ലേ? ഇനിയെന്റെ പെണ്ണിന്റെ ദേഹത്തു കൈവച്ചാൽ അറിയിക്കും ഞാൻ". എന്തിനും തയ്യാറായി ആനന്ദ് നില്ക്കുന്നു. ലിഷ ഫോണിൽ വിളിച്ചു വരുത്തിയതാണ്.

പീറ്ററിന്റെ ശരീരം കുഴഞ്ഞു. വേച്ചുവേച്ച് അയാൾ സിറ്റൗട്ടിന്റെ തറയിൽ ഇരുന്നു. ഈ നിമിഷം വരെ ലിഷ തനിക്കു മകളായിരുന്നു. അവൾക്കിപ്പോൾ ഒരു ഉടമസ്ഥനുണ്ട്! ഇത്രയും കാലം മകളുടെ എല്ലാ ഇഷ്ടങ്ങളും നിറവേറ്റിക്കൊടുത്തിട്ടുണ്ട്. അവളെ കൊള്ളാവുന്ന ഒരു ഭവനത്തിലേക്കു പറഞ്ഞു വിടാനാണ് നാളുകളായി കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇതാ ഈ നിമിഷം, അവൾക്കു താൻ അന്യനായി.

"ഒന്നു തല്ലാൻ പോലും നീ എനിക്ക് അവകാശമില്ലാതാക്കിയല്ലോടീ", പീറ്റർ ഉറക്കെ കരഞ്ഞു.

ലിഷ പുറത്തേക്ക് വന്ന് ആനന്ദുമായി കുറച്ചുനേരം സംസാരിച്ചു നിന്നു. എന്നിട്ടവനോടു പോകാൻ പറഞ്ഞു.

"ഇനി തല്ലാൻ കൈ തരിക്കുമ്പോൾ രണ്ടു നായ്ക്കളെ വാങ്ങിച്ചു വിട്", ഉച്ചത്തിൽ സംസാരിച്ചുകൊണ്ട് ആനന്ദ് തിരിച്ചുപോയി.

കുറച്ചു നാളുകൾക്കു ശേഷം അമ്മയാണ് ലിഷയെ കൂട്ടിക്കൊണ്ടു വന്നത്.

"പപ്പ എന്നെ തല്ലിയപ്പോൾ എന്നെക്കാൾ വേദനിച്ചത് ആനന്ദിനായിരുന്നു. അത്രയും സ്നേഹമുള്ളയൊരാളെ വേണ്ടെന്നു വയ്ക്കാൻ എനിക്കാവില്ല".

"കാമുകിയുടെ പിതാവിനോട് സംസാരിക്കേണ്ട വിധത്തിലായിരുന്നോ ആനന്ദിന്റെ പെരുമാറ്റം? മാതാപിതാക്കൾ പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോയെന്ന് നീയും അന്വേഷിക്കണമായിരുന്നു".

"എന്റെ ഭാവിയെക്കുറിച്ച് തീരുമാനമെടുക്കാൻ എനിക്കവകാശമില്ലേ"?

"ഓരോരുത്തരും തോന്നിയവിധത്തിൽ തീരുമാനമെടുത്താൽ ഒരു സംവിധാനങ്ങളും നിലനില്ക്കില്ല".

പിന്നെയും വളരെയധികം നേരം ലിഷ സംസാരിച്ചുകൊണ്ടിരുന്നു. അവസാനം അവളുടെ ഉത്തരമായിരുന്നു: "എനിക്കു തീരുമാനമെടുക്കാൻ കുറച്ചു സമയം വേണം".

മുൻപും പിൻപും നോക്കാതെയുള്ള ചിലരുടെ എടുത്തുചാട്ടങ്ങൾ എത്രയധികം പ്രശ്നങ്ങളാണുണ്ടാക്കുന്നത്. ഏറ്റവും ശക്തമായ ബന്ധങ്ങളെപ്പോലും അതു തകർക്കുന്നു. വളരെയധികം ശ്രദ്ധയോടെ ചെയ്യേണ്ടുന്ന കാര്യങ്ങൾ തികഞ്ഞ ലാഘവത്തോടെ കരുതുന്നതുകൊണ്ടാണ് ചില ബന്ധങ്ങൾ ഇത്രയധികം പ്രശ്നഭരിതമാകുന്നത്.

"എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നു; അവിടുന്ന് എനിക്കുത്തരമരുളും" (സങ്കീ. 120:1) ■



**കവർസ്റ്റോറി**

മാർ റാഫേൽ തട്ടിൽ
തൃശൂർ അതിരൂപത സഹായമെത്രാൻ

# വിശ്വാസ കൈമാറ്റത്തിന് പുതിയ മാർഗങ്ങൾ വേണം

വിശ്വാസവർഷത്തിൽ പരിശുദ്ധപിതാവ് നമുക്ക് നൽകിയിരിക്കുന്ന ആപ്ത വാക്യം'വിശ്വാസ കൈമാറ്റത്തിന് നവ സുവിശേഷവത്കരണം' എന്നുള്ളതാണ്. സഭയുടെ അസ്തിത്വത്തിന്റെ ഏറ്റവും വലിയ ഉൾവിളിയാണ് സുവിശേഷവത്കരണത്തിനുള്ള വെല്ലുവിളി സ്വീകരിക്കുക എന്നത്. സഭയുടെ ദൗത്യം തന്നെ സുവിശേഷവത്കരണമാണ്. അത് വിശ്വാസ കൈമാറ്റമാണ്. വിശ്വാസം മറ്റുള്ളവർക്ക് വെളിച്ചമായി നൽകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ഓരോ കത്തോലിക്കനും പീഠത്തിൻമേൽ വയ്ക്കപ്പെട്ട വിളക്കു പോലെയാണ്. അതിന്റെ വെളിച്ചം എല്ലാവരിലേക്കും എത്തണം. പീഠത്തിലെ വിളക്കിന്റെ വെളിച്ചം എല്ലാവരെയും വിശ്വാസത്തിലേക്ക് ആകർഷിക്കുന്നതാണ് സുവിശേഷവത്കരണം.

എന്തുകൊണ്ടാണ് നവസുവിശേഷവത്കരണം? ഇന്ന് സഭയുടെ മുൻപിൽ സുവിശേഷവത്കരണത്തിന് ധാരാളം പ്രതിസന്ധികൾ ഉണ്ട്. ഈ പ്രതിസന്ധികൾ നമ്മെ ഭയപ്പെടുത്തുന്നതുപോലെയുള്ള ഒരു അന്തരീക്ഷം, എല്ലാവർക്കും പ്രത്യാശ നഷ്ടപ്പെട്ട ഒരു മനോഭാവം. എല്ലാവരും സഭയുടെ പ്രതിസന്ധികളെകുറിച്ചാണ് സംസാരിക്കുന്നത്. ദൈവവിളികൾ കുറയുന്നു, കിട്ടുന്ന ദൈവവിളിയുടെ തന്നെ ഗുണമേന്മ കുറയുന്നു, വൈദിക, സമർപ്പിത ജീവിതത്തിൽ ധാരാളം പാളിച്ചകൾ സംഭവിക്കുന്നു. യുവജനങ്ങൾ സഭയിൽ നിന്ന് അകലുന്നു. കുടുംബങ്ങൾ വളരെയേറെ സെക്യുലറൈസ് ചെയ്യപ്പെടുന്നു. കുടുംബങ്ങളിൽ വിശ്വാസത്തിന്റെ ഭദ്രമായ കൈമാറ്റം നടക്കുന്നില്ല. ഇങ്ങനെ തുടങ്ങി ധാരാളം പ്രതിസന്ധികളെക്കുറിച്ച് ആകുലപ്പെട്ട് ഇരിക്കുന്ന ഒരു അന്തരീക്ഷം സഭയ്ക്ക് അകത്തുണ്ട്. ഇവിടെയാണ് നവസുവിശേഷവത്കരണം എന്ന പദത്തിന്റെ അർഥം നാം മനസ്സിലാക്കേണ്ടത്.

സഭ, ഈ ലോകത്തിൽ നിലനിൽക്കുന്നത് സുവിശേഷവത്കരണത്തിനു വേണ്ടിയാണ്. കർത്താവ് നമ്മെ ഏൽപിച്ചിരിക്കുന്ന ഏറ്റവും ഉത്തരവാദിത്വ പൂർണമായ ദൗത്യം സുവിശേഷവത്കരണമാണ്. പ്രത്യേകിച്ച് കർത്താവിന്റെ അവസാനത്തെ കൽപന, (മത്താ 28: 18-20) വരെയുള്ള തിരുവചനങ്ങൾ. സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരങ്ങളും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനങ്ങളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കൽപിച്ചിട്ടുള്ളവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്ത്യം വരെ ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. ഒരു പക്ഷേ, കമ്മിഷനിങ് ദി അപ്പസ്തോലിക് കോളജ് ഫോർ ഇവാഞ്ചലൈസേഷൻ (മർക്കോ 16:16-18) വരെ

യുള്ളത് ഇതിന്റെ തുടർച്ചയാണ്. കർത്താവ് വീണ്ടും പറയുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു (യോഹ 20:21 ). അതുകൊണ്ട് സഭയുടെ സ്വഭാവം സുവിശേഷവത്കരണത്തിലേക്കുള്ള വിളിയാണ്.

അനുകൂലമായ സാഹചര്യത്തിൽ നടത്തുന്ന ഒരു ക്രയവിക്രയമല്ല സുവിശേഷവത്കരണം. എന്നും പ്രതിസന്ധികൾ ഉണ്ട്. ഇന്നും എന്നും സഭയുടെ മുൻപിൽ ധാരാളം പ്രതിസന്ധികൾ ഉണ്ട്. എന്തുമാത്രം പ്രതിസന്ധികളുടെ മധ്യേയാണ് ആദിമസഭ സുവിശേഷവത്കരണം നടത്തിയതെന്നും ആലോചിക്കണം.

സുവിശേഷത്തിലെ ചില മുഹൂർത്തങ്ങൾ നാം മറക്കുന്നുവെന്ന് എനിക്ക് തോന്നാറുണ്ട്. യോഹ 20:19 വചനം കർത്താവിന്റെ മരണശേഷം ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ച് ഒളിച്ചിരുന്നതിനെ പറ്റിയാണ് പറയുന്നത്. ലൂക്കാ 24:13 – എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ കഥയാണ്. ജറുസലേം വിട്ടുപോയവരുടെ കഥ. കണ്ണുകൾ അടയ്ക്കപ്പെട്ടവർ, മ്ലാനവദനരായവർ, ജറുസലേമിൽ നടന്ന കർത്താവിന്റെ മരണത്തിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയാത്തവർ. പത്രോസ് ശിഷ്യന്മാരോടു പറയുകയാണ്: നമ്മുടെ ഈ ഇരിപ്പ് നാം എത്രനാൾ തുടരും, ഞാൻ മീൻ പിടിക്കാൻ പോവുകയാണ്. നിങ്ങൾ കൂടെ വരുന്നുണ്ടോ? അതായത് ഉപേക്ഷിച്ച വള്ളവും വലയും വീണ്ടും തേടി പിടിച്ച് അവർ പഴയ മാളത്തിലേക്ക് മടങ്ങുന്നു. ഇങ്ങനെ ആദിമ



സഭയുടെ മുൻപിൽ ആധുനിക സഭ നേരിടുന്നതുപോലെ ധാരാളം പ്രതിസന്ധികൾ ഉണ്ടായിരുന്നു. ഈ പ്രതിസന്ധികളുടെ മുൻപിൽ ഭയപ്പെട്ട ശിഷ്യന്മാരാണ് പന്തക്കുസ്തയിൽ ആവേശഭരിതരായി പുറത്തുവന്നത്.

ആദിമസഭ നേരിട്ടതുപോലെ തന്നെ ആധുനിക സഭയുടെ മുൻപിലും പ്രതിസന്ധികൾ ഉണ്ട്. സഭ ഉള്ളിടത്തോളം കാലം സുവിശേഷവത്കരണ പ്രക്രിയയ്ക്കു മുൻപിൽ പ്രതിസന്ധികൾ ഉണ്ടാകും. അനുകൂലമായ സാഹചര്യങ്ങൾ വരുമ്പോൾ മാത്രമേ സുവിശേഷം പ്രസംഗിക്കൂ എന്ന നിലപാട് തെറ്റാണ്. പ്രതികൂല സാഹചര്യങ്ങളിലും സുവിശേഷം പങ്കുവയ്ക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. അപൂർവത്തിൽ അപൂർവമാണ് അനുകൂല സാഹചര്യങ്ങൾ. അതുകൊണ്ട് നവസുവിശേഷവത്കരണം എന്ന വാക്കിന് അർഥം ഇതാണ്. ആധുനിക സഭ നേരിടുന്ന പ്രതിസന്ധികൾ ആദിമസഭ നേരിട്ട പ്രതിസന്ധികൾ അല്ല. ആദിമസഭ നേരിട്ട പ്രതിസന്ധിയിൽ പ്രധാനപ്പെട്ടത് യഹൂദമതത്തിന്റെ ഭ്രഷ്ട് ആയിരുന്നു; റോമൻ ചക്രവർത്തിമാരുടെ മതമർദനം ആയിരുന്നു; യവനതത്വചിന്തകരുടെ അതിപ്രസരമായിരുന്നു.

ആധുനിക സഭ നേരിടുന്ന പ്രതിസന്ധികൾ വളരെ വ്യത്യസ്തങ്ങളാണ്. ഇന്നത്തെ ലോകത്തിന്റെ പ്രവണതകൾ, ആശയങ്ങൾ, നിയമങ്ങൾ, കാഴ്ചപ്പാടുകൾ എന്നിങ്ങനെ പോകുന്നു അത്. ലോകമാണ് ഈ ലോകത്തിന്റേതായ എല്ലാ കാര്യങ്ങളുടെയും മൂല്യം നിശ്ചയിക്കുന്നത്. ലോകത്തിന്റെ മാനദണ്ഡങ്ങൾ ഉപയോഗിച്ചിട്ടാണ് മൂല്യങ്ങൾ നിശ്ചയിക്കുന്നത്. മതരാഹിത്യം, ആപേക്ഷിക വാദം, മതമൗലിക വാദം, സെക്ടുകൾ ഇതൊക്കെ നമ്മുടെ മുൻപിൽ ഉള്ള പുതിയ വെല്ലുവിളികളാണ്.

ഇന്ന് ലോകം വളരെ ചെറുതായി കഴിഞ്ഞു. ആശയവിനിമയ രംഗത്ത് അനന്തമായ സാധ്യതകൾ. സാമൂഹ്യസാമ്പത്തിക മാധ്യമങ്ങളിലൂടെ ലോകം വളരെ വളരെ ചെറുതാക്കപ്പെട്ടിരിക്കുന്നു. ഇന്റർനെറ്റ്, സോഷ്യൽ മീഡിയ ഇതൊക്കെ സഭയുടെ മുൻപിൽ പുതിയ വെല്ലുവിളികൾ തീർക്കുകയാണ്. അതുപോലെ തന്നെ സാമ്പത്തിക മേഖലയിലെ വലിയ മാറ്റങ്ങൾ, ഇന്ന് പ്രവാസികളുടെ ഒഴുക്കാണ്. ഭൂമി മുഴുവൻ യാത്ര ചെയ്യുന്നൊരു ലോകമാണിന്ന്. നമ്മുടെ കേരളത്തിൽ തന്നെ ഏകദേശം 20 ലക്ഷത്തോളം പ്രവാസികൾ ഉണ്ട്.

ബംഗാളികൾ, ഗുജറാത്തികൾ, ജാർഖണ്ഡുകാർ, നോർത്ത് ഈസ്റ്റുകാർ; എല്ലാ പണികൾക്കും അവരാണ് ഇപ്പോൾ വരുന്നത്. ഈ സാമൂഹ്യ മേഖലകൾ അതുപോലെ തന്നെ സോഷ്യൽ കമ്യൂണിക്കേഷൻ മേഖലകൾ, സയൻസ് ആൻഡ് ടെക്നോളജി തുടങ്ങിയവയെല്ലാം പുതിയ വെല്ലുവിളികൾ ആണ്.

ഈ പ്രതിസന്ധികളുടെ മുൻപിൽ സഭ ഭീരുവാകാൻ പാടില്ല. ഇവിടെ നമ്മൾ വഴിവെട്ടാൻ കഴിവുള്ളവർ ആകണം. പ്രതിസന്ധികളുടെ നടുവിലൂടെ സുവിശേഷം മുന്നോട്ടു കൊണ്ടുപോകണം.

ജീസസ് യൂത്ത് പോലെയുള്ള മുന്നേറ്റങ്ങളോട് എനിക്ക് പറയാനുള്ളത് ഓരോരുത്തരും അവരവർ ആയിരിക്കുന്ന മേഖലകളിൽ കണ്ടുമുട്ടുന്ന വെല്ലുവിളികളെ സ്വന്തം സിദ്ധികൾ ഉപയോഗിച്ച് സുവിശേഷവത്കരണത്തിനുള്ള അനുകൂല സാഹചര്യമാക്കി മാറ്റണം. ഉദാഹരണമായി. ടെലിവിഷൻ ധാരാളം ദ്രോഹങ്ങൾ ചെയ്യുന്നു. എന്നുകരുതി ടി.വി നിരോധിക്കാൻ പറയാനാവില്ല. ടെലിവിഷൻ ഉപയോഗിച്ച് സുവിശേഷവത്കരണവും സാധിക്കും. ഒരുപക്ഷേ, ശാലോം ടെലിവിഷൻ, ഗുഡ്നസ് ടി.വി ഇതൊക്കെ ഒരു പുതിയ തുറവി നമുക്ക് തരുന്നുണ്ട്.

പ്രിന്റ് മീഡിയയിലൂടെ വരുന്ന ധാരാളം തിന്മകൾ ഉണ്ട്. എന്നാൽ പ്രിന്റ് മീഡിയ ഉപയോഗിച്ച് എങ്ങനെ നമുക്ക് സുവിശേഷവത്കരണം സാധിക്കും എന്ന് ചിന്തിക്കണം.

അതുപോലെ സിനിമ, ഡാൻസ്, പാട്ടുകൾ എന്നിവയൊക്കെ വിശ്വാസ കൈമാറ്റത്തിന് എങ്ങനെ ഉപയോഗിക്കാൻ കഴിയും? ജീസസ് യൂത്ത് നേതൃത്വത്തിൽ ഉള്ള റെക്സ് ബാൻഡ് എത്രയോ വലിയ ശുശ്രൂഷയാണ് ചെയ്യുന്നത്. യുവാക്കൾ പാട്ടിന്റെയും നൃത്തത്തിന്റെയും പുറകേ പോകുമ്പോൾ അതു പ്രതിസന്ധിയാണ് എന്നു പറഞ്ഞ് നമ്മൾ കതകടച്ച് ഒളിച്ചിരിക്കുകയല്ല. ഈ പ്രതിസന്ധികളെ എങ്ങനെ പ്രതിവിധികൾ ആക്കി മാറ്റാൻ സാധിക്കും എന്നു ചിന്തിക്കണം. ഇതാണ് നവ സുവിശേഷവത്കരണത്തിന്റെ വെല്ലുവിളി. യുവാക്കളോട് എനിക്ക് പറയാനുള്ളത്, നിങ്ങളുടെ മുൻപിൽ ധാരാളം സാധ്യതകൾ ഉണ്ട്. നിങ്ങളിൽ എത്രയോ മിടുക്കന്മാരായ എൻജിനീയേഴ്സും ശാസ്ത്രജ്ഞരും അധ്യാപകരും ഡോക്ടർമാരും ഉണ്ട്. നിങ്ങളിലൂടെ സുവിശേഷവത്കരണത്തിന് പുതിയ ചിറകുകൾ ഉണ്ടാകണം. പണ്ടു വൈദികരിലൂടെയാണ് മിഷൻ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരുന്നത്. ഇന്ന് ഒരുപക്ഷേ, വൈദികരിലൂടെ മിഷൻ പ്രവർത്തനം നടക്കാനുള്ള സാധ്യത കുറഞ്ഞു കഴിഞ്ഞിരിക്കുകയാണ്. കുട്ടികളില്ല, ദൈവവിളികളില്ല, വൈദികരാകാൻ അധികംപേർ മുന്നോട്ടു വരുന്നില്ല. അതിനാൽ ഒരുപക്ഷേ, പണ്ട് വൈദികരിലൂടെയും സമർപ്പിതരിലൂടെയും നടന്നിരുന്നത് ഇന്ന് നടക്കേണ്ടത് ചെറുപ്പക്കാരിലൂടെയാണ്. നിങ്ങളുടെ ശാസ്ത്രീയമായിട്ടുള്ള നേട്ടങ്ങൾ, കലാപരമായ കഴിവുകൾ, മാധ്യമലോകത്തെ അഭിരുചികൾ എന്നിവയെല്ലാം സുവിശേഷവത്കരണത്തിനുള്ള പുതിയ സാധ്യതകളാക്കി നിങ്ങൾ മാറ്റണം.

ഞാൻ ചിലപ്പോഴൊക്കെ വിചാരിക്കാറുണ്ട്. ഇസ്രയേൽ ജനത ഈജിപ്തിൽ നിന്ന് പുറപ്പെട്ട് ചെങ്കടലിന്റെ മുൻപിൽ വന്ന് പെട്ടതുപോലെയാണ് ഇന്ന് സഭയുടെ സ്ഥിതി. ഈ ചെങ്കടൽ വകഞ്ഞുമാറ്റി നടുവിലൂടെ വഴിവെട്ടാൻ ഇന്നത്തെ ചെറുപ്പക്കാർക്ക് കഴിയണം. അതുകൊണ്ട് എല്ലാവരും അച്ചന്മാരാകണം, കന്യാസ്ത്രീകൾ ആകണം, സമർപ്പിതർ ആകണം എന്നല്ല. വിളി കിട്ടിയവരെല്ലാം തീർച്ചയായും വൈദികനാകാനും സന്യസ്തരാകാനും മുന്നോട്ടു വരണം. എങ്കിലും അതിനുപരിയായി ജീവിതാവസ്ഥ എന്തായാലും നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന താലന്തുകൾ സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള വലിയ താലന്തുകളാക്കി മാറ്റണം.

ഒഴിഞ്ഞുമാറാൻ ആഗ്രഹിക്കുന്ന എല്ലാ പ്രതിസന്ധികളുടെ നടുവിലും നിങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന കഴിവുകൾ പ്രതിവിധികളാക്കി മാറ്റണം. അങ്ങനെ സുവിശേഷവത്കരണ പദ്ധതിയിൽ നവമായ ഒരു കാഴ്ചപ്പാട് ഉണ്ടാക്കണം. സുവിശേഷത്തിന് ഒരു മാറ്റവും ഉണ്ടായിട്ടില്ല. സുവിശേഷം അറിയിക്കുന്ന മാർഗങ്ങൾക്ക് മാറ്റം ഉണ്ടാകണം. അതാണ് നവസുവിശേഷവത്കരണത്തിന്റെ വലിയ വെല്ലുവിളി.

അതുകൊണ്ട് സുവിശേഷവത്കരണം അനുകൂല സാഹചര്യത്തിൽ വിത്തിറക്കൽ അല്ല. വിത്തിറക്കിയ ഇടത്തെല്ലാം കളകൾ ഉണ്ടാകും. ഈ കളകൾ മാറ്റി കൃഷിചെയ്യുകയാണ് വേണ്ടത്. പ്രതിസന്ധികൾ എങ്ങനെ സുവിശേഷവത്കരണത്തിന് അനുകൂലമാക്കി മാറ്റാൻ സാധിക്കും എന്നതിനെ കുറിച്ചാണ് ഇന്ന് ചെറുപ്പക്കാർ ചിന്തിക്കേണ്ടത് ■

എൽസീന ജോസഫ്





*ജിഷ ജോസഫ് നെല്ലിക്കൻ*

# ബൈബിൾ വായിക്കാനാണെങ്കിൽ ഹീബ്രു പഠിക്കാൻ എളുപ്പമാണ്

ഒരു പുസ്തകം വായിക്കാൻ നാം ഏതറ്റം വരെ പോകും? ജിഷ ജോസഫ് നെല്ലിക്കനെ സംബന്ധിച്ചാണെങ്കിൽ ഒരു പുതിയ ഭാഷപഠിക്കുക വരെ ചെയ്യും. ബൈബിൾ വായിക്കാനായി മാത്രം ഹീബ്രുപഠിച്ചുതുടങ്ങിയത് അങ്ങനെയാണ്.

മലയാള സിനിമയിലെ മുൻനിര ആർട്ട് ഡയറക്ടറും ജീസസ് യൂത്തുമായ ജോസഫ് നെല്ലിക്കന്റെ ഭാര്യ ജിഷ മൂലഭാഷയിൽ തന്നെ ബൈബിൾവായിച്ചു മനസ്സിലാക്കണമെന്ന തീക്ഷ്ണമായ ആഗ്രഹത്തോടെയാണ് പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി)-ലെ ബൈബിൾ ക്ലാസ്സിൽ പങ്കെടുത്തു തുടങ്ങിയത്.

പഠനം നാലാം വർഷത്തിലെത്തി നിൽക്കുമ്പോൾ മനസ്സു നിറയെ സന്തോഷവും സംതൃപ്തിയും. ബൈബിൾ പോലൊരു മഹത്തായ ഗ്രന്ഥത്തെ അതെഴുതപ്പെട്ട ഭാഷയിൽ തന്നെ വായിച്ചു മനസ്സിലാക്കുവാൻ കഴിഞ്ഞാൽ അതിൽപരം വലിയ കാര്യമൊന്നുമില്ലെന്നാണ് ജിഷ പറയുന്നത്. കാരണം മറ്റൊന്നുമല്ല, ഭാഷാപഠനത്തിന് പ്രേരണയും പ്രചോദനവുമായി കൂടെ നിൽക്കുന്ന കെ. സി. ബി. സി. ബൈബിൾ കമ്മിഷൻ സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ പറയാറുണ്ടത്രേ... ഓരോ വിവർത്തനവും ഒരു ചതിയാണ്. അത് ഗ്രന്ഥത്തിന്റെ തനിമ ചോർത്തിക്കളയും എന്ന്. അപ്പോൾ ബൈബിൾ അതിന്റെ മാതൃഭാഷയിൽ വായിച്ചാൽ അതിന്റെ സുഖവും സൗന്ദര്യവും ഒന്നുവേറെ തന്നെയാണ്. എല്ലാ ബുധനാഴ്ചയും വൈകുന്നേരം പി.ഒ.സി. യിൽ നടക്കുന്ന ബൈബിൾ ക്ലാസ്സിൽ മക്കളോടൊപ്പമാണ് ജിഷ സംബന്ധിക്കാറുള്ളത്. ജീസസ് യൂത്ത് ഇന്റർനാഷണൽ ഓഫിസിലെ ഉത്തരവാദിത്തങ്ങളും വീട്ടമ്മയുടെ റോളും ഒരു പോലെ കൈകാര്യം ചെയ്യുന്ന ജിഷയ്ക്ക് ഏറ്റവും വലിയ പ്രചോദനവും ഭർത്താവും മക്കളുമടങ്ങുന്ന കുടുംബം തന്നെയാണ്. പഠിക്കുന്ന കാര്യങ്ങൾ മറ്റുള്ളവർക്കായി പകർന്നുകൊടുക്കുവാനും സമയം കണ്ടെത്തുന്നു. അത് വലിയൊരു സന്തോഷവുമാണ്. മതബോധന ക്ലാസ്സിലും ഓഫീസിലും ഇപ്പോൾ "സ്വർഗസ്ഥനായ പിതാവേ .... " ഹീബ്രുവിൽ ചൊല്ലുന്നത് അതിന്റെ ഭാഗമാണ്. കുഞ്ഞുനാൾ മുതൽ സൺഡേസ്കൂളിൽ ബൈബിളും മറ്റും താത്പര്യത്തോടെ വായിച്ചിരുന്നപ്പോൾ അധ്യാപകരും മുതിർന്നവരും നൽകിയ പ്രോത്സാഹനമാണ് തനിക്ക് എന്നും കരുത്തായി മാറിയിട്ടുള്ളതെന്നും ജിഷ ഓർക്കുന്നു.

കൂടുതൽ യുവജനങ്ങൾ ഹീബ്രു, ഗ്രീക്ക് ഭാഷാപഠനത്തിലേക്ക് താത്പര്യപൂർവം കടന്നുവരണമെന്നാണ് ജിഷ പറയുന്നത്. താത്പര്യമുണ്ടെങ്കിൽ ആർക്കും സ്വായത്തമാക്കാൻ കഴിയുന്നതേയുള്ളു ഈ ഭാഷ. നിങ്ങൾ തയാറാണോ എങ്കിൽ ദൈവാത്മാവ് ബാക്കി എല്ലാ കാര്യങ്ങളും നിങ്ങൾക്കനുകൂലമാക്കിത്തരും. ഇത് വെറും വാക്കല്ല. ജീസസ് യൂത്ത് പ്രവർത്തനങ്ങളും ടെലിവിഷൻ പ്രോഗ്രാം അവതരണവും കുടുംബിനി എന്ന റോളും ഭംഗിയായി നിർവഹിക്കുന്ന തീക്ഷ്ണതയാർന്ന ഒരു യുവതിയുടെ അനുഭവത്തിൽ നിന്നുള്ള സാക്ഷ്യമാണ്. വൈദിക വിദ്യാർഥികൾ മാത്രം അഭ്യസിച്ചിരുന്ന ഈ ഭാഷ ഇന്ന് അൽമായർക്കു കൂടി പഠിക്കാൻ ബൈബിൾ കമ്മിഷൻ അവസരമൊരുക്കിയിരിക്കുമ്പോൾ അത് ഉപയോഗപ്പെടുത്തുക എന്നുള്ളതല്ലേ നമ്മുടെ ദൗത്യം. വിശ്വാസ വർഷത്തിൽ യുവജനങ്ങളുടെ പ്രവർത്തനങ്ങൾ പുതിയ വാതായനങ്ങൾ തേടുമ്പോൾ ഇത്തരം മാതൃകകൾ നമുക്ക് പ്രചോദനമാണ് ■



## കവർസ്റ്റോറി

ഷെജിൻ തോമസ്

# വരൂ... കുരിശിന്റെ മഹത്വം പ്രഘോഷിക്കാം

**2007**-ൽ അങ്കമാലിയിൽ എച്ച്.ഡി. എഫ്.സി. ബാങ്കിൽ ബ്രാഞ്ച് മാനേജരായി പ്രവർത്തിക്കുമ്പോൾ കെയ്റോസ് റിട്രീറ്റിൽ പങ്കെടുക്കാനെത്തിയതായിരുന്നു ഞാൻ. ക്ലാസ്സിനായി എല്ലാവരും തയാറായിക്കൊണ്ടിരിക്കുന്നു. പെട്ടെന്നാണ് അവിടെയൊരു മ്യൂസിക് ടീമിന്റെ അഭാവം എന്റെ ശ്രദ്ധയിൽപ്പെട്ടത്. അത് എന്നെ വല്ലാതെ അസ്വസ്ഥനാക്കി. ജീസസ് യൂത്തിന്റെ ഒരു പരിപാടിക്ക് മ്യൂസിക് ടീം ഇല്ലാതെ വരുക എന്നുള്ളത് എനിക്ക് വലിയ ദു:ഖമാണ് നൽകിയത്. അടുത്തുള്ള ചാപ്പലിൽ പോയിരുന്ന് ഞാൻ പ്രാർഥിക്കവേ ദൈവാത്മാവ് സംസാരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. സംഗീതത്തിലൂടെ വിലകൊടുക്കുക എന്നുള്ള തോന്നൽ ഉള്ളിൽ ശക്തമായി. ഇക്കാരണത്താൽ തന്നെ എന്റെ പ്രാർഥനയും കൂടുതൽ തീക്ഷ്ണമായി. അങ്ങനെയിരിക്കുമ്പോഴാണ് ഇപ്പോൾ യു.കെ.-യിൽ ഉള്ള ജോമി എന്നെ വിളിച്ചിട്ട് സെന്റ് തെരേസാസ് കോളജിൽ ക്യാംപസ് മീറ്റ് എന്ന പ്രോഗ്രാം നടക്കുന്നുണ്ട്, പാട്ടുപാടുന്ന കുറച്ചുകുട്ടികളുമായി അങ്ങോട്ടു വരണം എന്ന് പറയുന്നത്. ഞാൻ പെട്ടന്ന് കുറച്ചുപേരുടെയെല്ലാം നമ്പർ കണ്ടെത്തി വിളിച്ചുകൂട്ടി. അതായിരുന്നു ആദ്യത്തെ മ്യൂസിക് പ്രോഗ്രാം. അത് കഴിഞ്ഞ് വന്ന ഉടനെയാണ് ജീസസ് യൂത്ത് സൗത്ത് ഏഷ്യൻ കോൺഫറൻസിനു വേണ്ടി വിളിക്കുന്നത്. ഫാമിലി സ്ട്രീമിൽ മ്യൂസിക് കൈകാര്യം ചെയ്യണം. കൂടാതെ പ്രധാന സ്ട്രീമിലേക്കും കുറച്ചുകുട്ടികളെ തയാറാക്കി നിർത്തണമെന്നും പറഞ്ഞു. കോൺഫറൻസിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർഥിച്ച് ടീമിനെ ഒരുക്കി. അതിനു ശേഷമാണ് ഒരു മ്യൂസിക് ബാൻഡിനെ കുറിച്ച് ഞാൻ ചിന്തിച്ചു തുടങ്ങിയത്.

പ്രാർഥനയിലെല്ലാം ഞങ്ങൾക്ക് ദൈവത്തിന്റെ ശക്തമായ സന്ദേശം ലഭിച്ചുകൊണ്ടിരുന്നു. എല്ലാം സംഗീതവുമായി ബന്ധപ്പെട്ടതായിരുന്നു എന്നുള്ളത് മറ്റൊരു കാര്യം. അതിൽ നിന്നും ദൈവം ഒരു മ്യൂസിക് ബാൻഡ് ആഗ്രഹിക്കുന്നു എന്ന കാര്യം വ്യക്തമായിരുന്നു. കോൺഫറൻസ് കഴിഞ്ഞ് ടീമെല്ലാവരും പലതവണ ഒരുമിച്ചുകൂടി. പ്രാർഥിക്കുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. അങ്ങനെ ടീമിലെ എല്ലാവർക്കും ജീസസ് യൂത്ത് ജീവിതശൈലി കൂടുതൽ അടുത്തറിയാനും അതിൽ വളരുവാനുമുള്ള അവസരം ലഭിച്ചു.

ബാൻഡ് അവതരിപ്പിക്കുന്ന പ്രോഗ്രാമുകളിൽ അഭിഷേകത്തിന്റെ അനുഭവമുണ്ടാകുന്നതു കാണുമ്പോൾ, സദസ്സ് മനസ്സ് നിറഞ്ഞ് കരഘോഷം മുഴക്കുമ്പോൾ എനിക്ക് ഉറപ്പാണ്. ബാൻഡിലെ കുട്ടികളുടെ ത്യാഗങ്ങളും അവർ നൽകുന്ന വിലയുമാണ് ഞങ്ങളുടെ

കരുത്ത്. അത്രമാത്രം തീക്ഷ്ണതയോടെയാണവർ പ്രവർത്തിക്കുന്നത്. പ്രോഗ്രാമുകൾ ലഭിച്ചു തുടങ്ങിയെങ്കിലും ആദ്യമൊന്നും ഒരു ബാൻഡ് നെയിം ഞങ്ങൾക്കുണ്ടായിരുന്നില്ല. ഓരോരോ പേരുകളിലാണ് അറിയപ്പെട്ടിരുന്നത്. സ്ഥിരമായി ഒരു പേരിടാനായി കാത്തിരിക്കുകയായിരുന്നു ഞങ്ങൾ. എങ്കിലും കർത്താവ് കൃത്യമായി നൽകാതെ ഒരു പേരും ഞങ്ങൾ നൽകില്ല എന്നുള്ളത് ഞങ്ങളുടെ നിർബന്ധമായിരുന്നു. നീണ്ട കാലയളവ് അങ്ങനെപോയി.

ഒരു ദിവസം ദൈവത്തിന്റെ ശക്തമായ പ്രചോദനം ഉണ്ടായി. ഞാൻ പെട്ടന്ന് ഡ്രംസ് വായിക്കുന്ന രാജീവിനെ വിളിച്ച് വൈകിട്ടോടെ ടീമിലെ ബോയ്സിനെ എല്ലാവരെയും ഒരുമിച്ചുകൂട്ടി. എല്ലാവരും വീടിന്റെ തട്ടിൻപുറത്ത് കയറിയിരുന്ന് പ്രാർഥന തുടങ്ങി. ഏകദേശം മൂന്ന് മണിക്കൂറോളം അത് തുടർന്നു. ആത്മാവിന്റെ വലിയ നിറവിനാൽ ഞങ്ങൾ പ്രാർഥിച്ചു. പ്രാർഥിക്കുമ്പോൾ കുരിശുമായി ബന്ധപ്പെട്ട കാര്യങ്ങൾ ദൈവം നൽകിക്കൊണ്ടിരുന്നു. ദൈവം ഈ ബാൻഡിന് ഒരു പേരു നൽകാൻ ഉദ്ദേശിക്കുന്നു എന്ന കാര്യം അതിൽ നിന്നും വ്യക്തമായിരുന്നു. പ്രാർഥനയുടെ ഇടയിൽ 1 കോറി 1:18 എന്ന ഭാഗം കിട്ടി. അതിപ്രകാരമായിരുന്നു. "നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനം ഭോഷത്തമാണ്." സംസാരം കുരിശിനെക്കുറിച്ച് നീണ്ടുപോയപ്പോൾ 'ടോക് എബൗട്ട് ക്രോസ്' എന്ന പേരിൽ എത്തി. പക്ഷേ, അത് സ്ഥിരീകരിക്കാൻ കഴിഞ്ഞില്ല. വീണ്ടും പ്രാർഥിക്കവേ 'കുരിശിന്റെ മഹത്വത്തെക്കുറിച്ച് ദൈവം സംസാരിക്കുന്നതായി ഞങ്ങൾക്കെല്ലാവർക്കും അനുഭവവേദ്യമായി. ഒടുവിൽ ടോക് (തിയറി ഓഫ് ക്രോസ്) എന്ന പേരിൽ ഞങ്ങൾ എത്തി. എല്ലാവരും വലിയ സന്തോഷത്തിൽ അറിയാതെ കരങ്ങളടിച്ചു. പുതിയ പേര് തന്ന് ദൈവം ഞങ്ങളെ അനുഗ്രഹിച്ചപ്പോൾ ഈ ബാൻഡിലൂടെ ഞങ്ങളിൽ നിന്ന് ദൈവം ചില കാര്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്നത് വ്യക്തമായിരുന്നു. കുരിശിന്റെ മഹത്വത്തെ പ്രഘോഷിക്കുക, ദൈവം നൽകിയ കഴിവുകളെ ദൈവമഹത്വത്തിനായും ഞങ്ങളുടെ വിശ്വാസം പങ്കുവയ്ക്കാനായും വിനിയോഗിക്കുക, ഈ ബാൻഡിന്റെ പ്രവർത്തനങ്ങളിലൂടെ ദൈവവചനത്തെ സമൂഹത്തിന് കൊടുക്കുക എന്നിങ്ങനെ.




'ക്രോസ്ടോക്കി'ന്റെ ആദ്യപ്രോഗ്രാം ചെന്നൈയിൽ നടന്ന ടീൻസ് മീറ്റ് ആയിരുന്നു. അന്നു തൊട്ട് ഇന്നുവരെ സൗത്ത് ഇന്ത്യയിൽ മാത്രം നാൽപതോളം ഷോകൾ ദൈവം ഞങ്ങൾക്കായി നൽകി. കൂടാതെ ജീസസ് യൂത്തിന്റെ തന്നെ വിവിധ മിനിസ്ട്രികളുടെയും നാഷനൽ ടീം ഉൾപ്പെടെയുള്ള ടീമുകളുടെയുമെല്ലാം പ്രോഗ്രാമുകളിലും അവസരങ്ങൾ ലഭിച്ചു.

ഞങ്ങളുടെ യാത്രയിൽ എല്ലാത്തരത്തിലുമുള്ള പിന്തുണയും നൽകി ഞങ്ങളെ സഹായിക്കുന്ന 'റെക്സ് ബാൻഡിനെ' മറക്കാനാവില്ല. ഒപ്പം ആന്റണി ഉരുളിയാനിക്കൽ അച്ചനെയും.

ഓരോ ഷോയും കഴിഞ്ഞിറങ്ങുമ്പോൾ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. രണ്ടായിരത്തോളം പേർ പങ്കെടുത്ത കാഞ്ഞൂർ കൺവൻഷൻ കഴിഞ്ഞ് ഞങ്ങളുടെ അടുത്ത് വന്ന് ചില സുഹൃത്തുക്കൾ അക്കാര്യം പങ്കുവയ്ക്കുകയും ചെയ്തു. പിന്നീടവർ ഡിവൈനിൽ ധ്യാനത്തിൽ പങ്കെടുക്കുകയും ക്രിസ്തുവിലേക്ക് കൂടുതലായി അടുക്കുകയും ചെയ്തു. അതുപോലെ തന്നെ കാൻസർ രോഗികൾക്കായി തൃശൂർ അമല മെഡിക്കൽ കോളജിൽ നടത്തിയ ഈവനിങ് ഷോയും വളരെ നല്ല ഒരു അനുഭവമായിരുന്നു.

ദൈവം ആഗ്രഹിക്കുന്ന സംഗീതത്തിലും വരികളിലും സ്വന്തമായി ഒരു സംഗീത ആൽബം ഇറക്കണമെന്ന ആഗ്രഹത്തിലും പ്രാർഥനയിലുമാണ് ഞങ്ങളിപ്പോൾ കൂടാതെ കൈനിറയെ അവസരങ്ങളും ഇപ്പോൾ ഉണ്ട്. സ്വന്തം ഇടവേളകളും ഉല്ലാസങ്ങളുമെല്ലാം മാറ്റിവച്ച് ഒരു പറ്റം ചെറുപ്പക്കാർ ഈ ബാൻഡിലൂടെ വി. കുരിശിന്റെ മഹത്വം പ്രഘോഷിച്ചുകൊണ്ട് മുന്നേറുകയാണ്. പ്രിയപ്പെട്ടവരേ, നിങ്ങളുടെ പ്രാർഥനയും ഞങ്ങൾക്ക് വേണം. പുതുതലമുറയ്ക്ക് വി. കുരിശിന്റെ മാഹാത്മ്യം പങ്കുവയ്ക്കാൻ ഈ ബാൻഡിന് കരുത്തു പകരണേ..... എന്ന പ്രാർഥന ■

ഞങ്ങളുടെ വെബ്സൈറ്റ്:
www.thecrostocband.com കൂടാതെ thecrostoc എന്ന പേരിൽ ഫെയ്സ്ബുക്കിലും സാന്നിധ്യമുണ്ട്.



## കവർസ്റ്റോറി

ഫെമി അലക്സ്

# വിശ്വാസം ജീവിച്ച് ഒരു കുടുംബം

"ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി നമുക്ക് എന്ത് ചെയ്യുവാനാകും?" ഒന്ന് ആലോചിച്ചിട്ടാവാം മറുപടി എന്നുപറഞ്ഞ് നാം ശങ്കിച്ചു നിൽക്കും. വീട്ടിലെത്തുന്ന ഭിക്ഷക്കാർക്ക് ഭക്ഷണം നൽകുമെന്നോ, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുമെന്നോ നാം കുറച്ച് ആശങ്കയോടെ മറുപടിയായി നൽകിയേക്കാം. എന്നാൽ ഈ ചോദ്യം എറണാകുളം കാക്കനാട്ടുള്ള വാഴചാരിക്കൽ മാത്യുവിനോടും ഭാര്യ ആലീസിനോടുമാണെങ്കിൽ എന്താണ് നമുക്ക് ചെയ്യാൻ സാധിക്കാത്തത് എന്ന മറുചോദ്യമാകും മറുപടി.



*ആലീസ്, മാത്യു മക്കളായ ഇമ്മാനുവൽ, ജോ ഹെൻറി എന്നിവർ*

ദൈവരാജ്യ പ്രവർത്തനങ്ങൾക്ക് ഒന്നാംസ്ഥാനം നൽകി ജീവിതത്തെതന്നെ ക്രമപ്പെടുത്തുന്ന മാത്യുവും ആലീസും ചുറ്റുമുള്ളവർക്ക് അത്ഭുതമാണ്. ഡിവൈൻ മാഗസിൻെറ എഡിറ്റിങ്ങിൽ തുടങ്ങി വിശുദ്ധർ എന്ന ചിത്രകഥാ മാഗസിനിൽ എത്തിനിൽക്കുന്ന അവരുടെ ജീവിത വഴിയിൽ വിശ്വാസത്തെ ഉണർത്തുവാനും ഉയർത്തുവാനും സഹായകരമായി തീർന്ന എത്രയെത്ര പ്രവർത്തനങ്ങൾ.

കുട്ടികളുടെ ഇടയിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുന്ന ഏയ്ഞ്ചൽസ് ആർമിയിൽ തുടക്കം മുതൽ ഒട്ടേറെ വർഷങ്ങളുടെ പ്രവർത്തനം, ജീസസ് യൂത്തിലൂടെ യുവജനങ്ങൾക്കിടയിൽ ഇപ്പോഴും തുടരുന്ന നിരവധി പ്രവർത്തനങ്ങൾ, കുടുംബങ്ങൾക്കും ദമ്പതിമാർക്കും വേണ്ടിയുള്ള ചുവടുവയ്പുകൾ. വിശ്വാസം ജീവിക്കാനും പങ്കുവയ്ക്കപ്പെടുവാനുമുള്ളതാണെന്ന് മാത്യുവും ആലീസും തിരിച്ചറിഞ്ഞതിന്റെ ഫലമാണ് ഇതെല്ലാം.

ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി എന്നും തുറന്നു കിടക്കുന്നു, ഇവരുടെ മനസ്സും വീടും. കാക്കനാട് ഇൻഫോ പാർക്ക് ജീസസ് യൂത്ത് കൂട്ടായ്മ ഇവരുടെ പ്രാർഥനയും പ്രവർത്തനവും ചേർന്നതാണ്. "ഐ ബിലീവ്"- വരാപ്പുഴ അതിരൂപതയുടെ വിശ്വാസ പ്രഖ്യാപന ലൈറ്റ് ആൻഡ് സൗണ്ട് ഷോയിലും കെ.സി.ബി.സി. ബൈബിൾ കമ്മിഷൻെറ ദളങ്ങൾ എന്ന ക്യാംപിലും നേതൃത്വനിരയിൽത്തന്നെയുണ്ടായിരുന്നു ഈ ദമ്പതികൾ. വിശ്വാസവർഷ ആചരണത്തിലുള്ള ഇവരുടെ പങ്കുചേരലായിരുന്നു ഇത്.

മാത്യു എറണാകുളത്ത് ബുക്ക് ബൈൻഡിങ് യൂണിറ്റ് നടത്തുകയാണ്. സിനിമയടക്കമുള്ള മാധ്യമങ്ങളിൽ ഡബ്ബിങ് ആർട്ടിസ്റ്റായി പ്രവർത്തിക്കുകയായിരുന്നു ആലീസ്. തങ്ങൾക്ക് ഏറ്റവും ബന്ധമുള്ള മാധ്യമ മേഖലയിലൂടെ തന്നെ കർത്താവിന്റെ സ്നേഹം പങ്കുവയ്ക്കാനുള്ള ആഗ്രഹമാണ് ഇവരെ നയിക്കുന്നത്.

പരിശുദ്ധാത്മാവിനോട് തുറവി ഉള്ളവരായിരിക്കുക എന്ന നിലപാടിൽ നിന്ന് ഉരുത്തിരിഞ്ഞുവരുന്ന ക്രിയാത്മക ചിന്തകൾ ഇവരുടെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുന്നു. നോമ്പുകാലത്ത് വരാപ്പുഴ അതിരൂപതയുടെ ആഭിമുഖ്യത്തിൽ അവതരിപ്പിച്ച എന്റെ പിഴ എന്ന ദൃശ്യാവിഷ്കാര ധ്യാനത്തിലും ഇവരുടെ പങ്കുചേരൽ ഉണ്ടായിരുന്നു. ആനുകാലിക സംഭവങ്ങളും കുരിശിന്റെ വഴിയും ഇഴചേർത്ത് അവതരിപ്പിച്ച പരിപാടി അനേകർക്ക് വ്യത്യസ്തമായ ആത്മീയ അനുഭവമായി. 40 ഇടവകളിലാണ് പരിപാടി അവതരിപ്പിച്ചത്.

"ഇന്ന് ലോകത്തിൽ നല്ല മനുഷ്യരില്ലാത്തതിന് കാരണം നല്ല മാതൃകകൾ ഇല്ലാത്തതാണ്" എന്ന ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾക്ക് വിശുദ്ധർ മാഗസിനിലൂടെ അവർ പ്രത്യുത്തരിക്കുന്നു. തങ്ങളുടെ ജീവിതം വിലകൊടുത്ത് വിശ്വാസം സംരക്ഷിച്ച വിശുദ്ധരുടെ ജീവിത കഥകളിലൂടെ പുതിയ തലമുറയ്ക്ക് നല്ല മാതൃകകളെ കാട്ടിക്കൊടുക്കുന്നു, അവരെ സ്നേഹിക്കാൻ പഠിപ്പിക്കുന്നു ഈ ദമ്പതികൾ. ഇംഗ്ലീഷിലും മലയാളത്തിലും ഇറങ്ങുന്ന ഈ മാസിക 10 വർഷത്തെ പ്രാർഥനയുടെ ഫലമാണെന്നാണ് ഇവർ പറയുന്നത്. വിശുദ്ധരുടെ കഥകൾ ആനിമേഷനായി പുറത്തിറക്കുന്ന ജോലിയും പുരോഗമിക്കുന്നു.

ശാലോം ടെലിവിഷനിലെ സെയിന്റ്സ് ടൗൺ എന്ന പ്രോഗ്രാമിലൂടെ ആലീസും പത്തു കുട്ടികളും കേരളത്തിൽ വിശ്വാസം ജീവിച്ച വ്യക്തികളുടെ ജീവിതത്തിലേയ്ക്ക് നമ്മെയും കൂട്ടിക്കൊണ്ടുപോകുവാനായി എത്തുന്നു. ഇവരുടെ ജീവിത മാതൃക ഈ ലോകത്തിന് കുറേ നല്ല മനുഷ്യരെ നൽകാതിരിക്കില്ല.

അനേകർക്ക് വിശ്വാസ വെളിച്ചം പകർന്ന് മാത്യുവും ആലീസും മാതൃകകളായി മുന്നേറുകുകയാണ്. വിശ്വാസ വർഷത്തിൻെറ അവസാന സമയങ്ങളിൽ എത്തി നിൽക്കുമ്പോൾ, സമയക്കുറവിനെയും സാഹചര്യങ്ങളെയും പഴിക്കുന്ന, ചുറ്റുപാടുകളെ നിസംഗതയോടെ നോക്കി കാണുന്ന ഒരു ശരാശരി ക്രിസ്ത്യാനിയായി നാം കടന്നുപോകാതെ ആത്മാവിന്റെ ഒരു പിൻവിളിക്കായി കതോർക്കാം ■





- Multi colour printing
- Using art paper
- Hard cover binding
- 544 pages
- Demi 1/8 size

12 വിശുദ്ധരുടെ ചിത്രകഥ ഒറ്റ പുസ്തകമായി...!

കുട്ടികൾക്ക് വിശേഷാവസരങ്ങളിൽ നൽകാവുന്ന, മനോഹര സമ്മാനം.

നവംബറിൽ പ്രസിദ്ധീകരിക്കുന്നു.

Rs. 400/- pre-publication offer Rs.350/-

VISUDHAR
Covenant Publishers, Edachira, Thengodu P.O., Kakkanad, Kochi - 682 030, Kerala, India.
Email:visudharcochin@gmail.com

For more details and booking contact:
8086880522, 8086880515, 8086880521


## CBCI യുവജന അവാർഡ്

ഓരോ റീജിയനുകളിലെയും മികച്ച യുവജന പ്രവർത്തകർക്ക് CBCI കമ്മിഷൻ ഫോർ യൂത്ത് നൽകി വരുന്ന യുവജന അവാർഡിന് കേരളത്തിൽ നിന്ന് ഇരിങ്ങാലക്കുട രൂപതാഗം ജെറി പൗലോസും, തിരുവനന്തപുരം ലത്തീൻ അതിരൂപതാഗവും കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറിയുമായ ബിനോജ് അലോഷ്യസും അർഹനായി.



*ജെറി പൗലോസ്*



*ബിനോജ് അലോഷ്യസ്*

### അനുഭവങ്ങൾ നുണപറയുകയില്ല. ഇതിനേക്കാൾ മനസ്സിലാക്കാൻ കഴിയുന്ന അനുഭവങ്ങളുമില്ല.



**'കൗമാരത്തിന്റെ കാണാപ്പുറങ്ങൾ', 'എന്റെ രാജകുമാരി പറന്നുപോയി' എന്നീ പുസ്തകങ്ങൾക്കു ശേഷം സണ്ണി കോക്കാപ്പിള്ളിൽ എഴുതിയ ഏറ്റവും പുതിയ ഗ്രന്ഥം – 'അമ്മ അന്ന് അങ്ങനെ പറഞ്ഞിരുന്നു'**

വിതരണം: കെയ്റോസ് പബ്ലിക്കേഷൻസ്, H.M.T. കോളനി പി.ഒ., എറണാകുളം: 683 503. ഫോൺ: 0484-2558825, 9446890744. E-mail: sunnykokkappillil@gmail.com



## കവർസ്റ്റോറി

ഡോണറ്റ് ഡേവിസ് മാടവന

# ഭക്ഷണം വിളമ്പാൻ പറ്റിയ സ്ഥലം തെരുവുകളാണ്

സ്നേഹത്തിന്റെ കൂദാശ സ്ഥാപിക്കപ്പെട്ടതു മുറിയപ്പെട്ട അപ്പത്തിലും ആശീർവദിക്കപ്പെട്ട വീഞ്ഞിലും ആണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ പങ്കുചേർക്കപ്പെട്ടവരോട് ക്രിസ്തു പറയുന്നതും മറ്റുള്ളവർക്ക് അപ്പമാകാൻതന്നെ. അങ്ങനെയാണ്. കൊച്ചിയിലെ ചില യുവാക്കൾ ചേർന്ന് തെരുവുകളിൽ അന്നം വിളമ്പാൻ തുടങ്ങിയത്. രാത്രിയിലെ അത്താഴത്തിനു ദുഃഖങ്ങൾ പങ്കുവയ്ക്കുന്ന കൂട്ടായ്മയാകാനിറങ്ങിയത്.

വിശ്വാസത്തിൽ ആഴപ്പെടാൻ പ്രാർഥനയും പഠനവും മാത്രമല്ല, ഇങ്ങനെയും ചിലതുവേണമെന്ന് അവർക്ക് തോന്നുകയായിരുന്നു. ജീസസ് യൂത്ത് അംഗങ്ങളായ പ്രഫഷനലുകളാണ് ഇവരിൽ എല്ലാവരും. അവരുടെ ഈ ഔട്ട് റീച്ചിനൊരു പേരും നൽകി. സ്ട്രീറ്റ് ബേർഡ്സ്.

ഡോക്ടർ സൈമൺ, എൽദോസ്, ജിൻസ് ഇടുക്കി, ജയിംസ്, സാജൻ തുടങ്ങി ഏതാനും ചെറുപ്പക്കാർ ജോലി ബഹളങ്ങളെല്ലാം കഴിഞ്ഞ് സായാഹ്നത്തിൽ ഇടപ്പള്ളിക്കു സമീപത്ത് ഒരു വീട്ടിൽ ഒത്തുചേരും. ഭക്ഷണം സ്വന്തം കൈകൊണ്ടു പാകപ്പെടുത്തി 40-ൽ അധികം പൊതികളാക്കും. വൈകിട്ട് എട്ടുമണിയോടെ എറണാകുളം നോർത്ത്, കലൂർ, റയിൽവേ സ്റ്റേഷനുകൾ, ബസ്സ്റ്റാൻഡുകൾ എന്നിവിടങ്ങളിലേക്ക് ഇറങ്ങുകയാണ്. തെരുവിൽ അലഞ്ഞുതിരിയുന്നവരെയും പട്ടിണിപ്പാവങ്ങളെയുമെല്ലാം അവരുടെ സമീപത്ത് ചെന്നു കാണും.

അവരോടു സംസാരിക്കും, ഭക്ഷണം നൽകും, അവർക്കുവേണ്ടി പ്രാർഥിക്കും. മാസത്തിൽ രണ്ടാഴ്ചകളിൽ സ്ട്രീറ്റ് ബേർഡ്സിനായി ഒത്തുചേർന്നുപ്രാർഥിക്കുകയും രണ്ടാഴ്ചകളിൽ ഭക്ഷണപ്പൊതികളുമായി തെരുവിലേയ്ക്കുപോകുകയുമാണ് ഇവരുടെ രീതി. അത്തരത്തിൽ കണ്ടുമുട്ടുന്നവരിൽ പലരെയും ആശുപത്രികളിലെത്തിക്കാനും മറ്റ് ആവശ്യമായ സഹായങ്ങൾ ചെയ്യാനും ധ്യാനങ്ങൾക്കു പറഞ്ഞുവിടാനുമെല്ലാം ഈ ചങ്ങാതിക്കൂട്ടത്തിന് സാധിക്കുന്നുണ്ട്. എല്ലാറ്റിനും പിന്തുണയുമായി മുതിർന്നവരും ഇവരോടൊപ്പമുണ്ട്.

വിശ്വാസപ്രകാശനത്തിന്റെ ഈ തുടക്കം വിജയകരമായി ഇന്നും തുടരുന്നു.

കൊച്ചിയിലെ ചില യുവഹൃദയങ്ങളിൽ കത്തിയ തീ തിരുവനന്തപുരത്തെ ചിലരെയും പൊള്ളിച്ചു. അവരും വിശ്വാസം പേറുന്ന, വിശ്വാസം പകരുന്ന സ്നേഹക്കാറ്റായി നഗരവീഥികളിലേക്കൊഴുകി. കഴിഞ്ഞ മൂന്നു മാസം മുൻപ് ആണ് തിരുവനന്തപുരത്ത് ഒരുകൂട്ടം യുവജനങ്ങൾ ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. അവിടെ അതിന് പേര് സിറ്റി സ്ട്രീറ്റ് ബാങ്കെറ്റ്. അവിടെയും മുതിർന്നവരുടെ സഹായമുണ്ട്.

മാസത്തിൽ രണ്ടു ബുധനാഴ്ചകളിൽ എട്ടു മണിക്ക് പ്രാർഥനയോടെ തുടങ്ങുന്നു ഈ കൂട്ടായ്മ. അതിനു ശേഷം നേരത്തെ താറാക്കിയ 80-ഓളം ഭക്ഷണപ്പൊതികളുമായി അവർ 8 ബൈക്കുകളിലും 3 കാറുകളിലുമായി രാജധാനിയുടെ നഗര വിഥിയിലേക്കിറങ്ങുന്നു.

“വെറും അന്നദാനത്തേക്കാൾ ഉപരിയായി അവരുമായി സമയം ചെലവഴിക്കുക. അവരിൽ ഒരാളാവുക, അവരുടെ ജീവിതവും അടുത്തറിയുക എന്നതാണ് ഞങ്ങളുടെ പ്രധാന ലക്ഷ്യം” സംഘാംഗമായ അമലാണ് ഇത് പറയുന്നത്.

അങ്ങനെ വിശ്വാസത്തിന്റെ അഗ്നിയിൽ പാകം ചെയ്ത സ്നഹത്തിന്റെ അന്നം സാഹോദര്യത്തിന്റെതെരുവുകളിൽ വിളമ്പുകയാണ്. ചെറുസംഭാഷണങ്ങളിലൂടെയും പുഞ്ചിരികളിലൂടെയും ക്രിസ്തു പങ്കുവയ്ക്കപ്പെടുകയാണ്.

മുന്നിൽ നിൽക്കുന്നത് ക്രിസ്തുവാണ് എന്ന വിശ്വാസത്തോടെ അസ്സീസിയിലെ ഫ്രാൻസിസിനെപ്പോലെ നമുക്കും വിശ്വാസത്തിന്റെ വെളിച്ചം ആകാം ■



*തിരുവനന്തപുരത്തെ സിറ്റി സ്ട്രീറ്റ് ബാങ്കെറ്റ് ഔട്ട്റീച്ച് പ്രോഗ്രാമിൽ നിന്ന്.*

# വിശ്വാസം പങ്കുവയ്ക്കാൻ കൾച്ചറൽ എക്സ്ചേഞ്ച്

ഇത്തവണത്തെ കൾച്ചറൽ എക്സ്ചേഞ്ച് ഡിസംബർ 7 മുതൽ 26 വരെ നടക്കും. യുവജന നവീകരണം ലക്ഷ്യമാക്കി ജീസസ് യൂത്ത് ഇന്ത്യ മുൻകൈയെടുത്തു നടത്തുന്ന പ്രോഗ്രാമാണ് കൾച്ചറൽ എക്സ്ചേഞ്ച്. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള യുവജനങ്ങൾ കേരളത്തിലെത്തി, ഒരാഴ്ച നീണ്ടുനിൽക്കുന്ന ധ്യാനത്തിൽ പങ്കെടുത്തതിനു ശേഷം വിവിധ സോണുകളിലെ കുടുംബങ്ങളിലേക്ക് പോകുന്നു. അവിടെ 8 ദിവസത്തോളം വിവിധ പരിശീലന പരിപാടികളിലൂടെയും ഇടവക സന്ദർശനങ്ങളിലൂടെയും, ജീസസ് യൂത്ത് പ്രാർഥനാ കൂട്ടായ്മ സന്ദർശനങ്ങളിലൂടെയും മറ്റും അവർ കേരള ക്രൈസ്തവ സംസ്കാരം പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യും. പ്രോഗ്രാമിൽ നിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് അവർ സ്വന്തം സ്ഥലങ്ങളിൽ പ്രാർഥനാ കൂട്ടായ്മകളും, കോർ ഗ്രൂപ്പുകളും നടത്തുകയും ധ്യാനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. 1997-ലാണ് യുവജനങ്ങൾക്കായുള്ള കൾച്ചറൽ എക്സ്ചേഞ്ച് ആരംഭിച്ചത് ■






ജീവൻ അമൂല്യമാണ് എന്ന സന്ദേശം പകർന്നുകൊണ്ട് കോതമംഗലം മാർത്തോമ്മാ ചെറിയ പള്ളി തിരുനാളിനോട് അനുബന്ധിച്ച് ജീസസ് യൂത്ത് കോതമംഗലം സോൺ സംഘടിപ്പിച്ച പ്രോലൈഫ് എക്സിബിഷനിൽ നിന്ന്. ദൃശ്യ ശ്രാവ്യ ഉപാധികളുടെ സഹായത്തോടെ അവതരിപ്പിച്ച എക്സിബിഷൻ വിവിധ മതസ്ഥരും വിവിധ പ്രായക്കാരുമായ പതിനായിരക്കണക്കിന് ആളുകൾ സന്ദർശിച്ചു. എക്സിബിഷൻ ഹാളിനോടു ചേർന്ന് നടത്തിവന്ന മധ്യസ്ഥപ്രാർഥനയും ഏവർക്കും പുതിയ അനുഭവമായി. സന്ദർശകരുടെ തിരക്കുമൂലം എക്സിബിഷൻ തീരുമാനിച്ചിരുന്നതിനെക്കാൾ കുറച്ചുദിനങ്ങൾക്കൂടി നീട്ടുകയും ചെയ്തു ■

മാത്യൂസ് കല്ലറ

# അടയ്ക്കാപ്പക്ഷിയും അബോർഷനും



ഒന്നുകരയാൻ പോലും അനുവദിക്കാതെ ജനിപ്പിച്ചവർതന്നെ കൊന്നുതള്ളിയ കുഞ്ഞുമാലാഖമാർക്കായി, ഏറ്റവും വലിയ മനുഷ്യാവകാശ ധ്വംസനം കണ്ടില്ലെന്നു നടിക്കുന്ന ആഗോള മനുഷ്യാവകാശ പ്രവർത്തകർ അറിയാനായി, രണ്ടുപേരുടെ സുഖതൃഷ്ണയുടെ പേരിൽ നിഷ്കളങ്കതയുടെ പൂർണതയായ കുഞ്ഞുജീവന് വധശിക്ഷ വിധിക്കുന്ന നെറികെട്ട നിയമ നിർമാതാക്കൾ കാണാനായി...

മുറ്റത്ത് ഒരു മൂലയിൽ തഴച്ചുവളർന്നു നിൽക്കുന്ന ഇലച്ചെടിയുടെ ചില്ലകളൊന്നിൽ ഒരടയ്ക്കാപക്ഷിക്കൂട്. കാട്ടുവള്ളികളും, വണ്ണം കുറഞ്ഞ ചുള്ളിക്കമ്പുകളും ഊടും പാവുമിട്ട്, പുല്ലും നാരും മൃദുലമായ തൂവലുകളും അപൂർവമായി കാണാറുള്ള അപ്പൂപ്പൻതാടിയും വിരിച്ച് മെനഞ്ഞെടുത്ത ഒരരുമ കിളിക്കൂട്.

കുട്ടിക്കാലത്ത് കപ്പത്തലപ്പുകൾ കുടചൂടിയ കുന്നിൻപുറങ്ങളിലൂടെ ഏതൊക്കെയോ സിനിമാപാട്ടിന്റെ ഈണം മൂളി അലസം നടക്കുമ്പോൾ കാണാറുള്ള അതേ അടയ്ക്കാപക്ഷിക്കൂട്. അമ്മക്കിളി അതിലൊരു മുട്ടയിട്ടു. ആൺ-പെൺ പക്ഷികൾ മാറിമാറി അടയിരുന്നു. ശക്തിയേറിയ കാറ്റുവീശി മഴപെയ്ത ഒരു രാത്രി. വീശിയടിച്ച കാറ്റിൽ കിളിക്കൂട് നിലത്തുവീണു. ആ ചെറുപക്ഷികൾ നിർത്താതെ കരഞ്ഞ് കൂടിനുചുറ്റും നിസ്സഹായരായി പറന്നുനടന്നു.

കിളിക്കൂട് നിലത്തുവീണെങ്കിലും മുട്ട പൊട്ടിയിരുന്നില്ല. അതുകൊണ്ട് കൂട് പഴയസ്ഥാനത്തുതന്നെ എടുത്തുവച്ചുകൊടുത്തു. മുട്ട വിരിഞ്ഞു. കുഞ്ഞിക്കിളിക്ക് തീറ്റയുമായി ആ പക്ഷിദമ്പതികൾ കൂടെക്കൂടെ പറന്നുവരും. തലനിറയെ കൊക്കുമായി അവ സ്വീകരിച്ച് പക്ഷിക്കുഞ്ഞ് പറക്കമുറ്റി. പ്രതീക്ഷിക്കാത്ത ഒരുദിവസം ആ പക്ഷിക്കുടുംബം എവിടേക്കോ പറന്നുപോയി.

അടയ്ക്കാപ്പക്ഷിയും ദൈവത്തിന്റെ സൃഷ്ടിയാണ്. ദൈവം തന്റെ അനന്തജ്ഞാനത്തിലും ശക്തിയിലും സ്വവംശബോധവും പ്രത്യുത്പാദനശേഷിയും പ്രകൃത്യാതന്നെ നൽകിയാണ് എല്ലാ ജീവജാലങ്ങളേയും സൃഷ്ടിച്ചിട്ടുള്ളത്. വിശപ്പകറ്റാൻ ഭക്ഷണവും വിശ്രമിക്കാൻ ഇടവും നൽകി അവയെ പരിപാലിക്കുകയും, നിലനിർത്തുകയും ചെയ്യുന്നു. അങ്ങനെ അനാദിമുതൽ അനന്തതവരെ ദൈവം ആയുസ്സ് കുറിച്ച അടയ്ക്കാപ്പക്ഷിയും കാലത്തെ അതിജീവിച്ച് കാലഘട്ടത്തിലൂടെ കടന്നുപോകുന്നു.

സ്വവംശം നിലനിർത്താനുള്ള ദൈവികപദ്ധതിയോട് സഹകരിച്ച ആ കുഞ്ഞിക്കിളികളുടെ പ്രയത്നവും, പ്രതീക്ഷയും കാറ്റും മഴയും തല്ലിത്തകർത്ത് താഴെയിട്ടപ്പോൾ അവയുടെ വ്യസനവും, വെപ്രാളവും ഒന്നു കാണേണ്ടതായിരുന്നു.

ഗർഭധാരണം മുതൽ പ്രസവം വരെ ഒരു ഗർഭസ്ഥമനുഷ്യശിശുവിന്റെ ശരീരം, മനസ്സ്, ആത്മാവ്, എന്നീ മൂന്ന് തലങ്ങളെ ഒന്നിനൊന്ന് വ്യത്യസ്തവും പരസ്പരപൂരകവുമാക്കി, എത്ര സൂക്ഷ്മവും, നിഗൂഢവുമായാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. ഒരു ശാസ്ത്രശാഖയ്ക്കും വിശദീകരിക്കാനാവാത്ത സമ്പൂർണവിസ്മയ മാണ് ഓരോ ഗർഭസ്ഥശിശുവും.

അങ്ങനെ ഭൂമിയിൽ ഒരു പ്രവാസജീവിത ത്തിന്, അമ്മയുടെ ഗർഭപാത്രത്തിൽ ദൈവം അണിയിച്ചൊരുക്കുന്ന കുരുന്നുജീവനെ സംരക്ഷിക്കുവാനേൽപിച്ച മാതാപിതാക്കൾ തന്നെ സംഹരിക്കുന്ന ക്രൂരതയാണ് ഭ്രൂണ ഹത്യ. സൃഷ്ടികർത്താവായ ദൈവത്തിന്റെ കൈകൾ തട്ടിമാറ്റിയാണ് ഈ പാതകം.

അമ്മയുടെ ജീവരക്തത്തിൽനിന്നും പോഷ ണം സ്വീകരിച്ച് പരിരൂപപ്പെടുന്ന പാപമാലി ന്യമേൽക്കാത്ത വിശുദ്ധശരീരമാണ് ഓരോ ഗർഭസ്ഥമനുഷ്യശിശുവിന്റേതും. ആ പൂജ്യ ശരീരത്തിലാണ് ദൈവം തന്റെ ആത്മാവിനെ നിക്ഷേപിച്ച് മനുഷ്യനെ ഭൂമിയിലയയ്ക്കു ന്നത്. ദൈവവചനത്തിന്റെ സുകൃതവഴിക ളിലൂടെ സഞ്ചരിച്ച് ക്ഷണികമായ ഈ ഭൂമി വാസത്തിനുശേഷം ആത്മാവ് നിത്യനായ ദൈവത്തിൽ വിലയം പ്രാപിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. വചനം ഈ സത്യം സ്ഥിരീകരിക്കുന്നുണ്ട്.

"നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന ആത്മാവിനെ ദൈവം അസൂയയോടെ അഭിലഷിക്കുന്നു" (യാക്കോ 4:5).

"ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്ക് മട ങ്ങും. ആത്മാവ് അതിന്റെ ഉറവിടമായ ദൈവ ത്തിലേക്ക് മടങ്ങുകയും ചെയ്യും" (സഭാപ്ര സംഗ 2:7).

"നിങ്ങളിൽ വസിക്കുന്ന ദൈവദത്തമായ പ രിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങളുടെ ശരീരമെന്ന് നിങ്ങൾക്കറിഞ്ഞുകൂടെ" (1 കോറി 6:19).

ദൈവവചനപ്രകാരമുള്ള ജീവിതത്തിലൂടെ, ഓരോ വ്യക്തിയുടെയും ആത്മീയ മാനസിക ഭൗതിക വളർച്ചയ്ക്കും, അതിലൂടെ ലോക ത്തിന്റെ നന്മയ്ക്കും, ദൈവമഹത്വത്തിനും ഉപകരിക്കത്തക്കവിധം, ദൈവേഷ്ടം ഭൂമി യിൽ സാധ്യമാക്കി ആത്മാവിനെ ദൈവ തൃക്കരങ്ങളിൽ തിരിച്ചേൽപിക്കണമെന്ന് ദൈവം അഭിലഷിക്കുന്നു. ദൈവികപദ്ധതി കളെ തകിടംമറിക്കുന്നത് പിശാചും അവന്റെ പിന്നണിയാളുകളുമാണ്. ദൈവത്തിന്റെ നി യമം നമ്മെ നിത്യജീവനിലേക്കും, പിശാച് നിത്യനാശത്തിലേക്കും നയിക്കുന്നു. ജീവന്റെ സംസ്കാരം ദൈവത്തിന്റേതും, മരണസം സ്കാരം പിശാചിന്റേതുമാണ്. അബോർഷൻ മരണസംസ്കാരമാണ്.

ഭൗതികലോകം എത്ര നിസ്സാരമായാണ് ഭ്രൂണഹത്യയെ കാണുന്നത്. അചേതനമായ ഒരു വസ്തുവിനെ നശിപ്പിക്കുന്ന നിർവികാ രതയോടെയാണ് അബോർട്ട് ചെയ്യുന്നതും, അതേക്കുറിച്ച് സംസാരിക്കുന്നതും. ജീവന്റെ പ്രകടമായ ലക്ഷണങ്ങളായ വളർച്ച, ചലനാ ത്മകത, സംവേദനശേഷി എന്നിവ ഗർഭസ്ഥ ശിശുവിൽ കാണാനാകും.

അബോർഷൻ ജീവനെ പറിക്കലാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് തിരിച്ചെടു ക്കുവാനുള്ള അവകാശവും ദൈവത്തിന്റേ താണ്. എത്രവലിയ തെറ്റു ചെയ്താലും പ്ര തിയെ വിസ്തരിക്കാതെ ഏതു കോടതിയും വിധിക്കാറില്ല. ഇവിടെ വിസ്തരിക്കപ്പെടാതെ തന്നെ, നൂറുശതമാനം നിരപരാധികളായിട്ടും വധശിക്ഷയ്ക്കു വിധേയരാകുകയാണ് ഈ പിഞ്ചുപൈതങ്ങൾ.

ഗർഭധാരണം മുതൽ മരണംവരെ മനുഷ്യ നിൽ സ്പന്ദിക്കുന്നത് ഒരേ ജീവനാണ്. ഗർഭ സ്ഥശിശുവിന്റെ തുടർവളർച്ചയാണ് പ്രസവാ നന്തരശിശു. ഈ ജീവൻ, മനുഷ്യൻ കട ന്നുപോകേണ്ട ജീവിതഘട്ടങ്ങളിൽ എവിടെ വച്ചു മറ്റൊരാൾ ചോർത്തിയാലും അത് ജീവ നിലേയ്ക്കുള്ള കടന്നുകയറ്റമാണ്; കൊലപാ തകമാണ്. വചനം പറയുന്നു: "അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ മുതൽ അവി ടുന്നാണ് എന്റെ ദൈവം" (സങ്കീ. 22:10). ഉദരസ്ഥശിശുവും, പ്രസവാനന്തരശിശുവും രണ്ടും രണ്ടല്ലെന്നും മരണംവരെ മനുഷ്യനിൽ തുടിക്കുന്നത് ഒരേ ജീവനാണെന്നും വചനം വ്യക്തമാക്കുന്നു.

കൊലക്കത്തിക്കും, ഗർഭസ്ഥശിശുവിനുമിട യിൽ അമ്മയുടെ ഉദരപാളികൾ ഒരു മറ സൃഷ്ടി ക്കുന്നതുകൊണ്ട് ഭ്രൂണഹത്യ ജീവന്റെ അപ ഹരണം അല്ലാതാകുന്നില്ല. ഓടിക്കളിച്ചുനട ക്കുന്ന നമ്മുടെ ഒരു കുഞ്ഞിനെ കറുത്ത ഒരു കർട്ടനുപിന്നിൽ നിർത്തി മറ്റാരും കാണാതെ കുത്തിക്കൊലപ്പെടുത്തിയാൽ അത് കൊലപാ തകം തന്നെയല്ലേ.

"കൊല്ലരുത്" എന്ന ദൈവപ്രമാണത്തിന്റെ നഗ്നമായ ലംഘനമാണ് ഭ്രൂണഹത്യ. ജീവന്റെ അപഹരണം കൊലപാതകമാണ്. ഭൂമിയിലെ ഏത് കടലിൽ കുളിച്ചാലും ആ രക്തക്കറ മായില്ല. എത്ര വിലയേറിയ സുഗന്ധക്കൂട്ട് ഉപയോഗിച്ചാലും ആ മണം മാറില്ല. അനുതാ പവിവശമായ ഹൃദയത്തോടെ അവിടുത്തെ നിസ്സീമമായ കരുണയ്ക്ക് കേണപേക്ഷിക്കു കയേ കരണീയമായിട്ടുള്ളൂ. അവിടുന്നാണ് സമഗ്രവിമോചകൻ; ഏകരക്ഷകൻ ■



കൂടിക്കാഴ്ച

അഡ്വ. കെ.ജെ. ജോൺസൺ

# പുതിയ കാലത്തിനായി സച്ചിന്റെ പുതിയ ചുവടുവയ്പുകൾ

**"ഞാൻ നിനക്കായ് പോകാം, ഞാൻ നിനക്കായ് പോകാം**

**ഏകുവാൻ നിൻ വചനം നൽകുവാൻ നിൻ സാക്ഷ്യം"**

ഞാൻ പോകാമെന്നുള്ള ഒരാളുടെ അന്തരംഗത്തിന്റെ ഉറപ്പുള്ള പ്രതികരണമാണ് പല നന്മകളും, പുതു ചലനങ്ങളും സമൂഹത്തിൽ സൃഷ്ടിക്കാൻ കാരണമാകുന്നത്. ദൈവവചനം ലളിതമായി ചെറുപ്പക്കാർ പഠിക്കുന്നതിനും സഭയുടെ മതബോധനം യുക്തമായി മനസ്സലാക്കുന്നതിനും ഒരു നവപാഠ്യ രീതി രൂപീകരിച്ച ചെറുപ്പക്കാരനാണ് എറണാകുളം സ്വദേശിയായ എൻജിനീയർ ആന്റണി സച്ചിൻ. സച്ചിൻ രൂപീകരിച്ച പാഠ്യ രീതി ഇന്ന് സഭാ സമൂഹത്തിൽ ചർച്ചയായിക്കൊണ്ടിരിക്കുന്നു.

**ബൈബിളിനോടുള്ള സ്നേഹമാണ് സച്ചിനെ പുതിയ ചുവടുവയ്പിന് പ്രേരിപ്പിച്ചത്. എന്താണ് ഈ സ്നഹത്തിന്റെ പശ്ചാത്തലം?**

കൊല്ലം ടികെഎം എൻജിനീയറിങ് കോളജിൽ പഠിക്കുന്ന സമയത്താണ് (2000 -2004) പ്രാർഥനാ ഗ്രൂപ്പിലേക്കെത്തുന്നത്. ബൈബിൾ പഠനത്തോട് എനിക്ക് വലിയ താത്പര്യമായിരുന്നു. 2007-ൽ ജീസസ് യൂത്തിന്റെ തേജസ് ബൈബിൾ മിനിസ്ട്രിയുടെ ഭാഗമായി. 2008-ൽ എറണാകുളത്തെ ചില ബൈബിൾ ക്ലാസ്സിൽ പങ്കെടുത്തപ്പോഴാണ് യഥാർഥത്തിൽ ബൈബിൾ പഠനം എന്താണെന്നും എങ്ങനെയാണെന്നും മനസ്സിലായത്. മൂലഗ്രന്ഥ ഭാഷകളായ ഹീബ്രുവും ഗ്രീക്കും അറിയുകയും ഗ്രന്ഥകാരന്റെ കാലഘട്ടത്തിന്റെയും സംസ്കാരത്തിന്റെയും സ്വാധീനം മനസ്സിലാക്കുകയും ചെയ്യുമ്പോഴാണ് വചനം വ്യാഖ്യാനിക്കേണ്ട രീതി പഠിക്കുന്നത്. അങ്ങനെ വ്യാഖ്യാനിക്കുമ്പോഴാണ് കത്തോലിക്കാ സഭയോടു ചേർന്ന് തെറ്റുകൂടാതെ വ്യാഖ്യാനിക്കാനും വചനത്തിലാഴപ്പെടാനും കഴിയുന്നത് എന്ന് മനസ്സിലായി. ഇത് പുതിയൊരു തിരിച്ചറിവിന് ഇടയാക്കി. ബൈബിൾ പണ്ഡിതരുടെ പുസ്തകങ്ങൾ വായിക്കുകയും ചിലരെയെങ്കിലും പരിചയപ്പെടുകയും ചെയ്തപ്പോഴാണ് വചനത്തോടുള്ള എന്റെ സമീപനം മാറ്റാനും എളിമയോടെ വചനത്തെ സമീപിക്കുവാനും പഠിച്ചത്.

പിന്നീട് പുതിയ തലമുറയ്ക്ക് ഇഷ്ടപ്പെടുന്ന രീതിയിൽ ദൈവവചനം എങ്ങനെ ക്രിയാത്മകമായി അവതരിപ്പിക്കാമെന്നും പ്രചരിപ്പിക്കാമെന്നും ചിന്തിച്ചു. അതിന് ഉത്തരം തേടിയുള്ള എന്റെ അന്വേഷണം ചെന്നെത്തിയത് ഇന്റർനെറ്റിലും യൂട്യൂബിലുമായിരുന്നു. വചനത്തിന്റെ മേഖലയിൽ ദൃശ്യമാധ്യമ രംഗത്തുണ്ടായ മാറ്റം എന്നെ അത്ഭുതപ്പെടുത്തി. വളരെ ഗഹനമായ ഈ വിഷയം ലളിതമായി പകർന്നുകൊടുക്കാൻ സാധിക്കും എന്ന് എനിക്കുമനസ്സിലായി.

അതുവരെ കണ്ടിട്ടില്ലാത്ത ബൈബിൾ വിഷ്വൽ സോഫ്റ്റ് വെയറുകളും യൂത്തിനുവേണ്ടി പ്രത്യേകം തയാറാക്കിയിട്ടുള്ള ബൈബിളുകളും കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. കാരണം ഇവയെല്ലാം ഒരാൾക്ക് സ്വന്തമായി ബൈബിൾ പഠിക്കാൻ വളരെ സഹായകരമായിരുന്നു. ഇത്തരം പ്രചോദനങ്ങളായിരുന്നു ടു ഇയർ ബൈബിൾ ആൻഡ് യൂ ക്യാറ്റ് റീഡിങ് പ്ളാൻ എന്ന പദ്ധതി ആവിഷ്കരിക്കാൻ ഇടയാക്കിയത്.

**പുതിയ പാഠ്യരീതിയുടെ പ്രത്യേകത എന്താണ്?**

രണ്ടു വർഷം കൊണ്ട് ബൈബിളും, കത്തോലിക്കാ യുവജന മതബോധന ഗ്രന്ഥവും (യൂക്യാറ്റ് ) ഒന്നിലധികം ആവർത്തി വായിച്ചു പഠിക്കുന്നതിനുള്ള ദിനം പ്രതിയുള്ള ചാർട്ടാണിത്. ബൈബിളിലെ പുസ്തകങ്ങളുടെ ക്രമത്തിലല്ല ഇത് രൂപീകരിച്ചിരിക്കുന്നത്. ഓരോദിവസവും വചനങ്ങൾ പഠിക്കുന്നതിനും ധ്യാനിക്കുന്നതിനും സഹായകരമായ വിധത്തിലാണ് ഇത് ക്രമീകരിച്ചിരിക്കുന്നത്. യൂക്യാറ്റിലെ ഭാഗങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഭാത്മകമായി വചനം പഠിക്കുന്നതിന് ഒരാളെ ഇത് സഹായിക്കും.

**ഈ പാഠ്യരീതി വഴി ബൈബിൾ കൂടുതൽ അടുത്തറിയാൻ ചെറുപ്പക്കാർക്ക് സാധിക്കുന്നുണ്ടോ?**

ഇതു വായിച്ച, ഉപയോഗിക്കുന്ന പലരും എന്നോടു പറഞ്ഞത് ഇത് വളരെ മനോഹരമെന്നാണ്. ഇത് ഒരു ദിവസം കൊണ്ടു ഉരുത്തിരിഞ്ഞുവന്നതല്ല. 2007-ൽ ജീസസ്‌യൂത്ത് ബൈബിൾ മിനിസ്ട്രിയുടെ

തേജസ് എന്ന പ്രോജക്ടിന്റെ ഉത്തരവാദിത്തം എനിക്കായിരുന്നു. പക്ഷേ, എനിക്കതു നന്നായി ചെയ്യാൻ കഴിഞ്ഞില്ലെന്ന ചിന്ത എന്നെ അലട്ടിയിരുന്നു. ചെറുപ്പക്കാർക്ക് ദൈവവചനം എങ്ങനെ ലളിതമായി സംലഭ്യമാക്കാം എന്ന അന്വേഷണം അന്നു മുതൽ തുടങ്ങിയതാണ്. അങ്ങനെ സാവധാനം ഉരുത്തിരിഞ്ഞു വന്നതാണ് ഈ പാഠ്യരീതി. എല്ലാസമയത്തും ദൈവത്തിന്റെ ഹിതം തിരിച്ചറിഞ്ഞ് നീങ്ങുവാനും ഞാൻ ശ്രദ്ധിച്ചിരുന്നു.

എല്ലാവർക്കും സമയക്കുറവുള്ള ഈ കാലത്ത് ദിവസവും 15 മിനിറ്റ് മാത്രം ചെലവഴിച്ചാൽ ഈ പാഠ്യപദ്ധത രണ്ടു വർഷംകൊണ്ട് വിജയകരമായി പൂർത്തീകരിക്കാമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത.

**അധികമാരും ശ്രമിക്കാത്ത ചുവടുവയ്പാണിത്. വളരെയധികം അധ്വാനവും സൂക്ഷ്മമായ പഠനവും ആവശ്യമുള്ള ഈ ദൗത്യത്തിൽ ഉടനീളം സച്ചിനെ മുന്നോട്ട് നയിച്ച പ്രചോദനം എന്തായിരുന്നു ?**

നമ്മുടെ അന്തഃരംഗത്തിൽ ഒരു അസ്വസ്ഥത രൂപപ്പെടും. ശരിയായ വിധത്തിൽ അതു ചെയ്തു കഴിയുമ്പോഴാണ് നമുക്ക് ശാന്തത ലഭിക്കുക. ദൈവം നൽകിയ കഴിവുകളും ക്രിയാത്മകതയും ഈ പ്രചോദനത്തിന്റെ സാക്ഷാത്കാരത്തിനായി ഉപയോഗിച്ചിട്ടുണ്ട്. പല രാത്രികളിലെ ഉറക്കം നഷ്ടപ്പെട്ടിട്ടുണ്ട്. വളരെയധികം സമയം പുസ്തക വായനയ്ക്കും, ഇന്റർനെറ്റ് സേർച്ചിങ്ങിനും വേണ്ടി വന്നിട്ടുണ്ട്. സുഹൃത്തുക്കളുടെ സഹായം സ്വീകരിച്ചും സ്വന്തം കൈയിൽ നിന്നെടുത്തും കടം വാങ്ങിയും ഞാൻ ഇതിനായി പണം കണ്ടെത്തിയിട്ടുണ്ട്.

ഓരോ സമയത്തും ദൈവം തുറന്നുതരുന്ന വഴികളിലൂടെ നീങ്ങാനുള്ള പ്രചോദനമാണ് ഇതിനു പിന്നിൽ ഉണ്ടായിരുന്നത്. ദൈവിക പ്രചോദനങ്ങളെ പിൻതുടർന്ന് ഇതിനായി മനസ്സും ശരീരവും സമർപ്പിച്ചാൽ പുതിയ ഒരു സമൂഹത്തെ നമുക്കു സൃഷ്ടിക്കാനാകും.


ബൈബിളും യുവജന മതബോധന ഗ്രന്ഥവും സമന്വയിപ്പിക്കുന്നത് പഠന രീതിയെ കൂടുതൽ സമ്പന്നവും സമഗ്രവുമാക്കുന്നു.

ബൈബിൾ ഒരു അമൂല്യ നിധിയാണ്. ഈ നിധി ശേഖരിക്കണമെങ്കിൽ വളരെയധികം ഊർജം നാം ചെലവഴിക്കണം. ഒരു മനുഷ്യന്റെ എല്ലാ തലത്തിലുള്ള പരീക്ഷണ, നിരീക്ഷണ ചോദ്യങ്ങൾക്കുള്ള ഉത്തരം ബൈബിളിലുണ്ട്. അത് കണ്ടെത്താനും, ഇതിൽ ആശ്രയം വയ്ക്കാനും തയാറാകുന്നവന് ജീവിതത്തിൽ നിരാശനാകേണ്ടി വരില്ല.

'എന്താണോ നാം വിശ്വസിക്കുന്നത് അത് നാം അറിഞ്ഞിരിക്കണമെന്നുള്ള ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ വാക്കുകൾ നമുക്കു വഴികാട്ടിയാണ്'. നമ്മുടെ സാധാരണ വിശ്വാസ ജീവിതത്തിൽ അനുവർത്തിക്കുന്ന കാര്യങ്ങളെ ബൈബിളിന്റെയും, സഭാപ്രബോധനത്തിന്റെയും പശ്ചാത്തലത്തിൽ മനസ്സിലാക്കുവാൻ ചെറുപ്പക്കാരെ സഹായിക്കുകയാണ് ഈ സമന്വയത്തിലൂടെ സാധ്യമാകുന്നത്.

ദൈവവചനത്തിന്റെ ലിഖിത രൂപം മാത്രമാണ് ബൈബിൾ. ദൈവം പല വഴികളിലൂടെ- സഭയുടെ പ്രബോധനങ്ങളിലൂടെ പ്രകൃതിയിലൂടെ, സുഹൃത്തുക്കളിലൂടെ, ജീവിതാനുഭവങ്ങളിലൂടെ എന്നിങ്ങനെയെല്ലാം മനുഷ്യനോട് സംസാരിക്കുന്നുണ്ട്. കർത്താവിന്റെ വചനം (verbum domini) എന്ന അപ്പോസ്തോലിക പ്രബോധനത്തിലൂടെ സഭ നമ്മെ പഠിപ്പിക്കുന്നത് ഇങ്ങനെയാണ്. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ടാണ് ഒരു വിശ്വാസിക്ക് ബൈബിൾ എന്നപോലെ തന്നെ സഭയുടെ പ്രബോധനങ്ങളും പ്രധാനപ്പെട്ടതായി വരുന്നത്. അങ്ങനെയാണ് ബൈബിളും യൂക്യാറ്റും സമന്വയിപ്പിച്ച ഒരു പഠന രീതി വികസിപ്പിച്ചെടുത്തത്.

*ആന്റണി സച്ചിൻ*



**ബൈബിളിന്റെ ഒരു വലിയ ശേഖരം സച്ചിൻ സൂക്ഷിക്കുന്നുണ്ട്. ബൈബിൾ സംബന്ധമായ പല നവീന ആശയങ്ങളും ഇന്റർനെറ്റിൽ തുടക്കമിടാനും ശ്രമിച്ചിട്ടുണ്ട്. പുതിയ ആശയങ്ങൾ പ്രവൃത്തി പഥത്തിൽ എത്തിക്കാൻ എന്താണ് ചെയ്യുന്നത്?**

എന്റെ കൈവശം വിവിധങ്ങളായ 80-ൽ അധികം ബൈബിളുകൾ ഉണ്ട്. ബൈബിൾ സൊസൈറ്റിയുടെ ഒരു മീറ്റിങ്ങിൽ രൂപതാതലത്തിൽ ബൈബിളുകളുടെ എക്സിബിഷനും, അനുബന്ധ പഠനസാധ്യതകളും പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകത ഞാൻ ഉന്നയിച്ചു. അധ്യക്ഷനായ സൂസൈപാക്യം പിതാവ് (തിരുവനന്തപുരം ആർച്ച് ബിഷപ്) ഇത് പ്രാവർത്തികമാക്കാൻ ഉടൻ തന്നെ തീരുമാനമെടുത്തു. ബൈബിൾ സ്റ്റഡി വിഡിയോ തയാറാക്കുന്നതിനും അത് www.jybibleministry.com എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുമായി ഞാൻ ജോഷി മയ്യാറ്റിലച്ചനോട് (ബൈബിൾ കമ്മിഷൻ സെക്രട്ടറി) പറഞ്ഞപ്പോൾ അദ്ദേഹം വളരെ സജീവമായി സഹകരിച്ചു.

ദൈവിക പ്രചോദനങ്ങളെ നമ്മൾ അനുസരിക്കുകയാണെങ്കിൽ നമ്മൾ ചെയ്യുന്ന കാര്യങ്ങളെ ആശ്ലേഷിക്കാനും, പ്രവൃത്തി പഥത്തിൽ എത്തിക്കാൻ അതിനു യുക്തമായ സാഹചര്യങ്ങളും ഉരുത്തിരിഞ്ഞു വരുമെന്നാണ് എന്റെ അനുഭവം.

**ഇന്നത്തെ സാഹചര്യത്തിൽ വിശ്വാസ കൈമാറ്റത്തിനും യുവാക്കളെ സ്വാധീനിക്കുന്നതിനും പുതിയ തുടക്കങ്ങൾ വളരെ ആവശ്യമായിരിക്കുന്നു?**

വ്യക്തിയിലൂടെ ഉടലെടുക്കുന്ന പുതിയ ആശയങ്ങൾ വ്യക്തിയെ തന്നെയും, സഭയെയും, സമൂഹത്തെയും നവീകരിക്കുകയും, ശുദ്ധീകരിക്കുകയും ചെയ്യുമെന്ന കാര്യം നാം ഓർക്കണം. ഓരോ മനുഷ്യനും പുതിയ മാനങ്ങൾ സൃഷ്ടിക്കാൻ അനന്തമായ സാധ്യത ദൈവം നൽകിയിട്ടുണ്ട്. മനുഷ്യന്റെ നന്മക്കായി, സമൂഹപുരോഗതിക്കായി നമ്മുടെ അന്തരംഗത്തിൽ നിന്നും പുറപ്പെടുന്ന ശക്തമായ ചിന്തകളെ നമുക്കു ദൈവിക പ്രചോദനങ്ങളായി കണക്കാക്കാം.

അസ്സീസിയിലെ ഒരു ഫ്രാൻസിസിനുണ്ടായ പ്രചോദനം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും നമ്മെ വെല്ലുവിളിക്കുന്നില്ലേ... കൊൽക്കത്തയിലെ തെരേസയെന്ന കന്യാസ്ത്രീ തുടങ്ങിവച്ച പ്രവർത്തനങ്ങൾ ഇന്നും നമ്മെ പ്രചോദിപ്പിക്കുന്നില്ലേ. ഈടുറ്റ പ്രഭാഷണങ്ങൾ റേഡിയോയിലൂടെ നടത്തിയ ബിഷപ് ഫുൾട്ടൻ ജെ. ഷീൻ നമ്മുടെ അന്തരംഗങ്ങളെ ഇന്നും ഉണർത്തുന്നില്ലേ. ചില ചെറുപ്പക്കാർക്ക് പ്രാർഥിക്കാൻ ഒരുമിച്ചു കൂടണമെന്നുള്ള നവചിന്തയല്ലേ ഇന്ന് ആഗോളസഭയിൽ ശ്രദ്ധേയമായി മിഷൻ പ്രവർത്തനം നടത്തുന്നതിന് ജീസസ് യൂത്തിനെ സഹായിക്കുന്നത്.

**നിലവിലുള്ള മറ്റു പ്രോജക്ടുകൾ എന്തൊക്കെയാണ് ?**

രണ്ടാം വത്തിക്കാൻ കൗൺസിലിനെക്കുറിച്ച് മൂന്നുമണിക്കൂറിന്റെ സ്റ്റഡി വിഡിയോ തയാറാക്കിക്കൊണ്ടിരിക്കുകയാണ്. ഉടൻ പുറത്തിറങ്ങും. അന്ധർക്ക് മലയാളത്തിൽ ഉപയോഗിക്കാവുന്ന ബൈബിൾ സോഫ്റ്റ്‌വെയറിന്റെ ആരംഭദശയിലാണ്. faith database software, bible software, catholic youth bible എന്നിവ ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നു. എന്റെ കൈവശമുള്ള വ്യത്യസ്തതരം ബൈബിളുകൾ പ്രദർശിപ്പിച്ചുകൊണ്ട് ബൈബിൾ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു.

**ജോലി, കുടുംബം?**

എറണാകുളത്ത് സ്വന്തമായി ബിസിനസ് നടത്തുകയാണ് ഇപ്പോൾ. ഭാര്യ- സിമി, FISAT എഞ്ചിനീയറിങ് കോളജിൽ പഠിപ്പിക്കുന്നു. മകൾ. ജിയന്ന, മകൻ ജിയോവൻ.

**പുതിയ ചിന്തകൾ, സ്വപ്നങ്ങൾ?**

ബൈബിളിന് നല്ലൊരു ആമുഖം (ഒരു പുസ്തകം) എഴുതണമെന്ന് ആഗ്രഹിക്കുന്നു. ബൈബിളിലെ 73 പുസ്തകങ്ങളെ ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്ന ആനിമേറ്റഡ് സ്റ്റഡി വിഡിയോ, യൂക്യാറ്റ് സ്റ്റഡി വിഡിയോ എന്നിവയാണ് അടുത്തതായി ചെയ്യണമെന്ന് ആഗ്രഹിക്കുന്ന പദ്ധതികൾ.

സച്ചിന്റെ സ്വപ്നങ്ങൾ ഒരുപാടാണ്. സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ മനസ്സും, ശരീരവും തയാറാണ്. ഇതുപോലുള്ള യുവാക്കളുടെ നിശ്ചയദാർഢ്യത്തിലും പ്രതിബദ്ധതയിലും സൃഷ്ടിക്കപ്പെടുന്ന പുതിയ ആകാശവും, പുതിയ ഭൂമിയും ദർശിക്കാൻ ദൈവം നമ്മുടെ കണ്ണുകളെ തുറക്കട്ടെ ■


*സച്ചിൻ രൂപപ്പെടുത്തിയ ചാർട്ട്*



# യുക്തിയും വിശ്വാസവും

ജോബി തോമസ്






മനുഷ്യരായ നമുക്ക് അഞ്ച് ഇന്ദ്രിയങ്ങളാണുള്ളത്. എന്നാൽ ഈ അഞ്ച് ഇന്ദ്രിയങ്ങൾക്കൊണ്ട് നേരിട്ടു ഗ്രഹിച്ചതിനുശേഷമല്ല പല കാര്യങ്ങളും യഥാർഥത്തിൽ ഉണ്ട് എന്നു നമ്മൾ വിശ്വസിക്കുന്നത്.

ഒരു കാന്തത്തിനു സമീപം ഒരു ഇരുമ്പുകഷണം കൊണ്ടുവന്നാൽ അത് ഇരുമ്പിനെ ആകർഷിക്കുന്നു. കാന്തത്തിനും ഇരുമ്പിനും തമ്മിൽ യാതൊരു സമ്പർക്കവും ഇല്ലാതിരുന്നിട്ടും എന്തുകൊണ്ട് ഇരുമ്പിൽ ഒരു ബലം അനുഭവപ്പെടുന്നു എന്നുള്ളത് കുട്ടിയായിരുന്നപ്പോൾ ഐൻസ്റ്റീനെ ഏറെ ചിന്തിപ്പിച്ച ഒരു കാര്യമാണ്. കാന്തത്തിനു ചുറ്റുമായി ഒരു കാന്തികമണ്ഡലം (Magnetic field) ഉണ്ടെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. അതിനാലാണ് ഇരുമ്പിൻമേൽ ആകർഷണബലം അനുഭവപ്പെട്ടത്. എന്നാൽ ഈ കാന്തികമണ്ഡലം നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളിൽ ഒന്നിനും നേരിട്ട് വിഷയീഭവിക്കുന്ന ഒന്നല്ല. എന്നിട്ടും അത് യഥാർഥത്തിൽ ഉള്ള എന്തോ ഒന്നാണെന്ന് ശാസ്ത്രജ്ഞന്മാർ കരുതുന്നു.

അതുപോലെ ഒരു റേഡിയോ സ്റ്റേഷനും റേഡിയോയ്ക്കും ഇടയ്ക്ക് റേഡിയോ തരംഗങ്ങൾ ഉണ്ട് എന്ന് ശാസ്ത്രം പറയുന്നു. എന്നാൽ റേഡിയോ തരംഗങ്ങൾ നമ്മുടെ അഞ്ച് ഇന്ദ്രിയങ്ങളിൽ ഒന്നിനും നേരിട്ട് വിഷയീഭവിക്കുന്ന ഒന്നല്ല. എന്നിട്ടും റേഡിയോ തരംഗങ്ങൾ യഥാർഥത്തിൽ ഉള്ള ഒന്നാണ് എന്നത്രേ നമ്മൾ കരുതുന്നത്. ഇരുമ്പ്, റേഡിയോ എന്നിവയിൽ അനുഭവപ്പെട്ട ആകർഷണബലം, ശബ്ദം എന്നീ പരിണിതഫലങ്ങൾ (effects) നമ്മുടെ ഇന്ദ്രിയങ്ങൾക്ക് വിഷയീഭവിക്കുന്നവയാണല്ലോ. ഈ പരിണിതഫലങ്ങളിൽനിന്നാണ് കാന്തികമണ്ഡലം, റേഡിയോ തരംഗങ്ങൾ എന്നിവയുടെ അസ്തിത്വം നമ്മൾ ഊഹിച്ചെടുത്തത്.

വനപ്രദേശത്തുള്ള ഒരു ഗുഹയിൽനിന്ന് ചില കൽഭരണികളും ശിലായുധങ്ങളും കണ്ടെടുത്തു എന്നു കരുതുക. അവയുടെ കാലപ്പഴക്കം കണക്കാക്കിയപ്പോൾ ഒരു ലക്ഷം വർഷങ്ങൾ എന്നു മനസ്സിലായി എന്നുമിരിക്കട്ടെ. ഉടനെ പുരാവസ്തുഗവേഷകർ കരുതും ഒരു ലക്ഷം വർഷങ്ങൾക്കുമുമ്പ് ഈ ഗുഹയിൽ മനുഷ്യർ വസിച്ചിരുന്നു എന്ന്. എന്നാൽ ഒരു ലക്ഷം വർഷങ്ങൾക്കു മുമ്പ് വസിച്ചിരുന്ന മനുഷ്യരെ നേരിട്ട് കണ്ടിട്ടാണോ ഇവർ ഇപ്രകാരം വിശ്വസിക്കുന്നത്!

ഏതെങ്കിലും അന്യഗ്രഹങ്ങളിൽനിന്ന്, എന്തെങ്കിലും പ്രത്യേക യുക്തി അന്തർഭവിച്ചിരിക്കുന്ന ഒരു റേഡിയോ സിഗ്നൽ ലഭിച്ചാൽ ആ ഗ്രഹത്തിൽ മനുഷ്യരെപ്പോലെ ബുദ്ധിശക്തിയുള്ള ജീവികൾ ഉണ്ട് എന്ന് അനുമാനിക്കാം എന്നതാണ് ശാസ്ത്രത്തിന്റെ പക്ഷം. ഇവിടെയും, ആ ഗ്രഹങ്ങളിലുള്ള ജീവികളെ നേരിട്ടുകണ്ടിട്ടാണോ ശാസ്ത്രം ഇപ്രകാരം അനുമാനിക്കുന്നത്?

ദൈവം അശരീരിയാണ്. ദൈവത്തെ നമുക്ക് നേരിട്ടു കാണാനാവില്ല. എങ്കിലും ഈ പ്രപഞ്ചവും ഭൗതികപ്രതിഭാസങ്ങളും സസ്യജന്തുജാലങ്ങളും നമ്മുടെ ഇന്ദ്രിയങ്ങൾക്ക് നേരിട്ട് വിഷയീഭവിക്കുന്നവയാണ്. ഇവയെക്കുറിച്ച് യുക്തിവിചാരം നടത്തിയാൽ ഇവയുടെ ആവിർഭാവത്തിനു പിന്നിൽ ബുദ്ധിമാനായ ഒരു സ്രഷ്ടാവിന്റെ കരങ്ങൾ പ്രവർത്തിച്ചിട്ടുണ്ട് എന്ന് നമുക്ക് അനുമാനിക്കാവുന്നതേയുള്ളൂ. പൗലോസ് അപ്പസ്തോലൻ ചൂണ്ടിക്കാട്ടുന്നതും ഇതുതന്നെ.

"ദൈവത്തെക്കുറിച്ച് അറിയാൻ കഴിയുന്നതൊക്കെ അവർക്കു വ്യക്തമായി അറിയാം. ദൈവം അവയെല്ലാം അവർക്കു വെളിപ്പെടുത്തിയിട്ടുണ്ട്. ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്. അതുകൊണ്ട്, അവർക്ക് ഒഴികഴിവില്ല" (റോമാ 1:19-20) ■



ലേഖനം

ഫാ. ആൻസിൽ പീറ്റർ പുത്തൻപുരയ്ക്കൽ

# സൗഹൃദം

ദൈവവുമായി സൗഹൃദം സ്ഥാപിക്കുന്നവർ അവിടുത്തെ സംരക്ഷണയ്ക്ക് കീഴിലാണ്. കർത്താവുമായി സൗഹൃദം സ്ഥാപിച്ച നോഹയെ ജലപ്രളയമുണ്ടായപ്പോൾ അവിടുന്ന് പെട്ടകത്തിലടച്ചുവെന്ന് ഉത്പ 7:16-ൽ വായിക്കുന്നു. ദൈവവുമായി സൗഹൃദം സ്ഥാപിച്ച അബ്രഹാം അനുഗ്രഹിക്കപ്പെട്ടവനായി (ഉത്പ 12:2). അബ്രഹാം മാത്രമല്ല അബ്രഹാമുമായി സൗഹൃദം സ്ഥാപിക്കുന്നവർപോലും ദൈവത്താൽ അനുഗ്രഹീതരാകുന്നു (ഉത്പ 12:3). ദൈവവുമായി ആത്മബന്ധം സ്ഥാപിച്ച ഇസഹാക്കും (ഉത്പ 26:3), യാക്കോബും (ഉത്പ 28:15) അനുഗ്രഹിക്കപ്പെടുന്നു. കർത്താവുമായി സൗഹൃദം സ്ഥാപിച്ച ജോസഫിന് സ്വപ്നം വ്യാഖ്യാനിക്കാനുള്ള വരവും (ഉത്പ 39:21), അവന്റെ ഉദ്യമങ്ങളിൽ വിജയവും ലഭിക്കുന്നു (ഉത്പ 39:23). ദൈവത്തോട് ചേർന്നുനിന്ന മോശ കൂടുതൽ ശക്തിപ്പെടുന്നതായി പുറപ്പാട് പുസ്തകം 6-ാം അധ്യായത്തിൽ കാണുന്നു. കർത്താവുമായി ആത്മബന്ധം സ്ഥാപിച്ച ജോഷ്വാ, ധീരനും അജയ്യനുമായി മാറി (ജോഷ്വ 1:5). ജോഷ്വായെ ദൈവം ഇസ്രായേൽജനത്തിന്റെ മുമ്പാകെ ഉന്നതനാക്കുകയും ചെയ്തു (ജോഷ്വാ 3:7). ഇങ്ങനെ ദൈവത്തെ കൂട്ടുപിടിച്ചവരെല്ലാം അനുഗ്രഹിക്കപ്പെടുന്നതായി തിരുവചനം സാക്ഷ്യപ്പെടുത്തുന്നു.

മുകളിൽ സൂചിപ്പിച്ചവരെല്ലാം ദൈവവുമായി എങ്ങനെയാണ് ബന്ധം സ്ഥാപിച്ചത്? നോഹ തന്റെ മനസ്സാക്ഷി നിർമലമാക്കിക്കൊണ്ടും കർത്താവിന്റെ മാർഗത്തിൽ നടന്നുകൊണ്ടുമാണ് ദൈവവുമായി ബന്ധം സ്ഥാപിച്ചത് (ഉത്പ 6:9). അബ്രഹാം കർത്താവ് കൽപിച്ചതെല്ലാം നിറവേറ്റിക്കൊണ്ടാണ് സൗഹൃദം സ്ഥാപിച്ചത് (ഉത്പ 12:4). ദൈവസാന്നിധ്യമനുസരിച്ച് പ്രാർഥനകളും ആരാധനകളും അർപ്പിക്കുന്നതിൽ അബ്രഹാം പിന്നോട്ടുപോയില്ല (ഉത്പ 12:8). അനുസരണയിലൂടെയാണ് ഇസഹാക്ക് കർത്താവുമായി ബന്ധം സ്ഥാപിച്ചത്. ഈജിപ്തിലേക്ക് പോകാതെ ഗാരാനിൽ പോയി താമസിക്കാൻ ദൈവം ആവശ്യപ്പെട്ടപ്പോൾ ഇസഹാക്ക് അനുസരിക്കുന്നു (ഉത്പ 26:2). തന്നെ വഞ്ചിച്ചവരോട് ഇസഹാക്ക് പ്രതികാരം ചെയ്യാതിരുന്നപ്പോൾ ദൈവദർശനം അദ്ദേഹത്തിന് ലഭിക്കുകയും ചെയ്തു (ഉത്പ 26:24). സ്വപ്നത്തിൽപോലും ദൈവസാന്നിധ്യം തിരിച്ചറിയുകയും തനിക്കു ലഭിക്കുന്നതിന്റെ ദശാംശം കർത്താവിന് നൽകിക്കൊണ്ട് യാക്കോബ് കർത്താവുമായി ആത്മബന്ധം സ്ഥാപിച്ചു. തന്റെ പിതാവിന്റെ ദൈവം എന്നും തന്റെ കൂടെ ഉണ്ടായിരുന്നുവെന്ന് ഏറ്റുപറയുന്നുമുണ്ട് (ഉത്പ 31:5). തന്റെ ദൈവം മാറാത്ത സ്നേഹിതനാണെന്ന് യാക്കോബ് ഇവിടെ തിരിച്ചറിയുകയാണ്. ദൈവവുമായുള്ള സൗഹൃദം എന്തുവില കൊടുത്തും നേടിയെടുക്കേണ്ടതാണെന്ന് യാക്കോബ് നമ്മെ ഓർമിപ്പിക്കുന്നത് ദൈവവുമായി അദ്ദേഹം മൽപിടിത്തം നടത്തുമ്പോഴാണ്. തന്നെ അനുഗ്രഹിക്കാതെ ദൈവത്തെ താൻ വിടുകയില്ല എന്നാണ് യാക്കോബ് പറയുന്നത് (ഉത്പ 32:26). തന്റെ കഷ്ടപ്പാടിൽ തന്റെ പ്രാർഥന ചെവിക്കൊണ്ട നല്ല സ്നേഹിതനാണ് കർത്താവെന്ന് യാക്കോബ് പ്രഖ്യാപിക്കുന്നുമുണ്ട് (ഉത്പ 35:3).

ജോസഫ് കർത്താവുമായി ബന്ധം സ്ഥാപിച്ചത് തന്നെ വേദനിപ്പിച്ച സഹോദരങ്ങളോട് ഹൃദയപൂർവം ക്ഷമിച്ചുകൊണ്ടായിരുന്നു (ഉത്പ 45:15). പാപസാഹചര്യമുണ്ടായിട്ടും തന്നെത്തന്നെ അശുദ്ധിക്ക് സമർപ്പിക്കാത്ത ജോസഫ് പരിശുദ്ധനായ ദൈവവുമായുള്ള ആത്മബന്ധത്തിൽ വളർന്നു. കർത്താവുമായുള്ള സൗഹൃദത്തിന്റെ ശക്തിയും വിലയും തിരിച്ചറിഞ്ഞ ജോസഫ് പൊത്തിഫറിന്റെ

ഭാര്യയുമായി സൗഹൃദം കൂടാൻ പോയില്ല (ഉത്പ 39:13). മർദിതരോട് കാരുണ്യം കാണിച്ചുകൊണ്ടായിരുന്നു മോശ കർത്താവുമായി അടുത്തത് (പുറ 2:11-14). ദൈവസാന്നിധ്യത്തിന്റെ പ്രതീകമായ സീനായ്മലയിൽ നിരന്തരം പ്രാർഥനയിൽ ചെലവഴിച്ചതുകൊണ്ട് മോശ പ്രതിസന്ധികളിൽ പതറിയില്ല. ഇസ്രായേൽക്കാർ ആരാധിച്ച അന്യദൈവങ്ങളുടെ പിറകെ പോകാനും മോശ തയാറായില്ല. മറിച്ച് അന്യവിഗ്രഹാരാധകരെ കൂടി സത്യവിശ്വാസത്തിൽ തിരിച്ചുകൊണ്ടുവരുവാനും ഉറപ്പിച്ചുനിർത്താനും മോശയ്ക്ക് കഴിഞ്ഞു. കർത്താവുമായി സൗഹൃദം സ്ഥാപിക്കാൻ തികഞ്ഞ വിശ്വസ്തത നമുക്കാവശ്യമുണ്ടെന്ന് ജോഷ്വാ ഓർമിപ്പിക്കുന്നു (ജോഷ 24:14). തിന്മയുമായി സൗഹൃദം സ്ഥാപിക്കുന്നവർക്ക് നന്മസ്വരൂപനായ ദൈവത്തെ ശുശ്രൂഷിക്കാൻ കഴിയില്ലെന്ന് ജോഷ്വാ അടിവരയിട്ടു പറയുന്നു (ജോഷ 24:19-13).

ഇന്ന് മനുഷ്യൻ തെറ്റായ സ്നേഹബന്ധങ്ങളുടെ പിറകെ പരക്കം പായുകയാണ്. സ്ഥാനമാനങ്ങൾ നേടിയെടുക്കാൻ സമാജങ്ങളും ചങ്ങാതിക്കൂട്ടങ്ങളും സംഘടിപ്പിക്കുന്നവരുമുണ്ട്. എളുപ്പത്തിൽ പണം സമ്പാദിക്കാൻ ചതിയുടെയും വഞ്ചനയുടെയും മേലാപ്പുകളണിയുന്ന സൗഹൃദക്കൂട്ടങ്ങളെയും നാം രാഷ്ട്രീയലോകത്ത് ഇതിനകം കണ്ടുകഴിഞ്ഞു. ഈ സംസ്കാരത്തിൽ ബാച്ച് ഗാതറിങ്ങുകൾ ബീച്ച് ഗാതറിങ്ങുകളായി രൂപപ്പെടുന്നതും ക്ലാസ്സ്മേറ്റുകൾ ഗ്ലാസ്സ്മേറ്റുകളായി മാറുന്നതും നാം കാണുന്നു. ഫെയ്സ്ബുക്കിൽ കയറി ഫെയ്സ് നഷ്ടപ്പെട്ടവരും വിരളമല്ല.

തെറ്റായ സൗഹൃദങ്ങളിൽ കുരുങ്ങി മുഖം നഷ്ടപ്പെട്ടവരും വ്യക്തിത്വം വികൃതമാക്കപ്പെട്ടവരും അപമാനിക്കപ്പെട്ടവരും വഞ്ചിക്കപ്പെട്ടവരും മുറിവേൽക്കപ്പെട്ടവരും ഇനി ദൈവവുമായി സൗഹൃദം സ്ഥാപിക്കട്ടെ. നശ്വരമായ സൗന്ദര്യത്തിന്റെ പിറകേ പോയി സമയം കളഞ്ഞവർ ഒരുകാര്യം മനസ്സിലാക്കട്ടെ. ദൈവവുമായി സൗഹൃദം സ്ഥാപിക്കുന്നവന് ശാശ്വതമായ ആത്മീയസൗന്ദര്യം ലഭിക്കും. കർത്താവുമായി സൗഹൃദം സ്ഥാപിച്ച ജോസഫ് സുമുഖനായി വളർന്നുവെന്ന് (ഉത്പ 39:7) സാക്ഷ്യപ്പെടുത്തുന്നു. മുഖം മങ്ങിയവരും മുഖം നഷ്ടപ്പെട്ടവരും തിരിച്ചറിയട്ടെ, കർത്താവുമായി സൗഹൃദം സ്ഥാപിച്ച മോശയുടെ മുഖം പ്രകാശിച്ചിരുന്നുവെന്ന് (പുറ 34:35). തെറ്റായ സ്നേഹബന്ധനങ്ങളിൽപ്പെട്ട് മനസ്സ് കലങ്ങിയവരും ആന്തരിക മുറിവ് പറ്റിയവരും അറിയട്ടെ, ദൈവവുമായി സൗഹൃദം സ്ഥാപിക്കുന്നവരുടെ മനസ്സും ഹൃദയവും ജ്വലിക്കുമെന്ന്. യേശുവുമായി കൂട്ടുകൂടിയ എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് ഹൃദയം ജ്വലിക്കുന്ന അനുഭവമുണ്ടായി (ലൂക്ക 24:32). അക്രമത്തിന്റെയും ഭീകരതയുടെയും പാതയിൽ ജീവിതം നശിപ്പിക്കുന്നവർക്ക് ഇനിയും തിരിച്ചുവരാം. കാരണം, സ്തേഫാനോസിന്റെ വധത്തിന് കൂട്ടുനിന്ന സാവൂൾ യേശുവുമായി സൗഹൃദം സ്ഥാപിച്ചപ്പോൾ സഹോദരസ്നേഹത്തിന്റെയും ജീവന്റെയും വക്താവായി മാറി. കാരാഗൃഹത്തിൽ വാതിലുകൾ തുറക്കപ്പെട്ട അത്ഭുത സംഭവത്തിൽ ഞടുങ്ങിപ്പോയ കാവൽക്കാരൻ ആത്മഹത്യചെയ്യാനൊരുങ്ങിയപ്പോൾ അത് തടയുന്ന പൗലോസായി സാവൂൾ മാറിയിരുന്നു (അപ്പ 16:27-28).

മറ്റുള്ളവരെ പറ്റിച്ച് ചുളുവിൽ കാശ് നേടി ഒടുവിൽ നിയമത്തിന്റെ പിടിമുറുകി സമൂഹമധ്യേ കള്ളന്മാരായിപ്പോയവർ ഒന്നു മനസ്സിലാക്കട്ടെ. മറ്റുള്ളവരെ പറ്റിച്ച കുള്ളനായ സക്കേവൂസ് യേശുവുമായി ചങ്ങാത്തം കൂടിയപ്പോൾ പൊക്കമുള്ള മനുഷ്യനായി എങ്ങനെ മാറിയെന്ന് (ലൂക്ക 19). ദൈവവുമായി സൗഹൃദം സ്ഥാപിക്കുന്നത് ബലഹീനതയാണെന്ന് കരുതുന്ന യുക്തിവാദികളും സെക്കുലറിസ്റ്റുകളും സ്റ്റാറ്റസ് പ്രമാണികളും ഐഡന്റിറ്റി ക്രൈസിസുകാരും ഒന്നു മനസ്സിലാക്കട്ടെ. സ്റ്റാറ്റസ് പേടിച്ച് യേശുവിനെ രഹസ്യമായി കണ്ട്, യേശുവുമായി സൗഹൃദം സ്ഥാപിച്ച നിക്കോദേമോസ് ഒടുവിൽ യേശുവിന്റെ മൃതശരീരം ഏറ്റെടുക്കാൻ തക്ക ധൈര്യം സംഭരിച്ച് പരസ്യശിഷ്യനായി മാറുന്ന കഥ (യോഹ 3-ാം അധ്യായം).

ജഡികതയുടെ കുടമുപയോഗിച്ച് ലോകത്തിന്റെ കിണറ്റിൽ പാപജലം കോരിയെടുത്ത് നട്ടുച്ചയുടെ സുഖമാസ്വദിക്കുന്നവർ ഒന്നു തിരിച്ചറിയട്ടെ. യേശുവെന്ന നല്ല സ്നേഹിതനെ തിരിച്ചറിഞ്ഞപ്പോൾ പാപമാകുന്ന കുടം കിണറ്റിൻകരയിൽ ഉപേക്ഷിച്ച് മിഷനറിയായി പോകുന്ന സമരിയാക്കാരിയുടെ കഥ (യോഹ 4). അതിനാൽ പ്രിയമുള്ളവരേ നമുക്ക് തീരുമാനമെടുക്കാം. പകലിനു യോജിച്ചവിധം പെരുമാറുകയും കർത്താവായ യേശുക്രിസ്തുവിനെ ധരിക്കുകയും ചെയ്യാം (റോമാ 13:13-14). അങ്ങനെയെങ്കിൽ അബ്രഹാം അറിയപ്പെട്ടതുപോലെ ദൈവത്തിന്റെ സ്നേഹിതൻ (യാക്കോ 2:23) എന്ന് നാം വിളിക്കപ്പെടും. സ്നേഹിതനോടെന്ന പോലെ മോശയുമായി സംസാരിച്ച കർത്താവ് (പുറ 33:11) നമ്മോടും മുഖാഭിമുഖം സംസാരിക്കുകയും അഭിഷേകം നൽകുകയും ചെയ്യും, തീർച്ച ■



**അനുഭവം**

ആലീസ് മാത്യു

# സ്നേഹം സ്നേഹിക്കപ്പെടുന്നില്ല

ഒരു വിശ്വാസിയുടെ യാത്ര മാമ്മോദീസയിൽ ആരംഭിച്ച് നിത്യതയിൽ അവസാനിക്കുന്നു (വിശ്വാസ വാതിൽ). നിത്യതയെ ലക്ഷ്യംവച്ച് ജീവിക്കാൻ ഓരോ വിശ്വാസിയും കടപ്പെട്ടിരിക്കുന്നു! ഈ യാത്രയിൽ ദിശ തെറ്റാതിരിക്കാൻ പരസ്പരം താങ്ങാകാൻ വിവാഹമെന്ന കൂദാശയിലൂടെ രണ്ടുപേരെ ദൈവം കൂട്ടിച്ചേർക്കുന്നു. ഒരേ ചിന്തയിൽ ഒരേ ആഗ്രഹത്തിൽ ഒരേ തീരുമാനത്തിൽ ഒരു മനസ്സോടെ, ആത്മാവോടെ ദൈവത്തിന്റെ കൈപിടിച്ച് ഇരുവരും നീങ്ങുന്നു. അത്തരമൊരു യാത്രയ്ക്കുടമയായിരുന്നു തോമസ് ചേട്ടൻ! 29 വർഷം തുടർന്ന ആ ബലിജീവിതം പൂർത്തിയാക്കി 59-ാം വയസ്സിൽ തോമസുചേട്ടൻ നിത്യതയുടെ തീരത്തേക്ക് യാത്രയായി.

ഷിപ്‌യാർഡിലെ ഉദ്യോഗസ്ഥനായ തോമസ് ഈരേത്ര ബീനച്ചേച്ചിയെ വിവാഹം കഴിച്ച് ഏഴ് മാസങ്ങൾക്കുശേഷം ചേച്ചി ഗർഭിണിയായിരിക്കുമ്പോഴാണ് മൾട്ടിപ്പിൾസ് ക്ലിയറോസിസ് എന്ന രോഗം ബാധിക്കുന്നത്. മകൻ ടോണിക്ക് ജന്മം നൽകി. രോഗം ചേച്ചിക്ക് സമ്മാനിച്ചത് ബുദ്ധിമാന്ദ്യം. ബീനച്ചേച്ചിയുടെ ബുദ്ധി (IQ) ഏഴ് വയസ്സ് പ്രായമുള്ള കുട്ടിയുടേതുപോലെയായി. ബിരുദധാരിണിയായ ചേച്ചിക്ക് അക്ഷരങ്ങൾപോലും തിട്ടമില്ല. വർഷങ്ങൾക്കുള്ളിൽ മരുന്നുകളുടെ പാർശ്വഫലം മൂലം ശരീരത്തിന്റെ സ്വാധീനവും നഷ്ടപ്പെട്ടു. പരസഹായമില്ലാതെ ഒന്നും ചെയ്യാനാവാത്ത സ്ഥിതി.

പിന്നീടങ്ങോട്ട് ബീനച്ചേച്ചിയെ കുളിപ്പിച്ചും പല്ലുതേപ്പിച്ചും മുടി ചീകിക്കെട്ടിയും വാരിക്കൊടുത്തും കഥകൾ പറഞ്ഞുകൊടുത്തും തോമസ് ചേട്ടൻ സ്നേഹം ആവോളം വിളമ്പി! മകൻ ടോണി പറയുന്നു: "അമ്മച്ചിയുടെ എല്ലാ കാര്യങ്ങളും അപ്പാപ്പൻ (തോമസുചേട്ടൻ) തന്നെ ചെയ്യണമെന്ന് അപ്പാപ്പന് നിർബന്ധമുണ്ടായിരുന്നു. ആന്റിമാരൊക്കെ വരുമ്പോൾ ചില കാര്യങ്ങൾ അവർ ചെയ്യാമെന്നു പറഞ്ഞാൽ പോലും അപ്പാപ്പൻ സമ്മതിക്കില്ലായിരുന്നു."

പൂർണമായ പരസ്പരം പങ്കുവയ്ക്കലിന്റെ ഇടം ദാമ്പത്യമാണല്ലോ. തോമസ് ചേട്ടന് നൽകൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭാര്യയിൽനിന്ന് ഒരു തലോടലോ സ്നേഹത്തിന്റെ വാക്കോ ഒരു ആലിംഗനമോ ഒന്നും കിട്ടിയിരുന്നില്ല. കിട്ടാതെ പോകുന്നതിനെക്കുറിച്ച് പരാതി പറഞ്ഞ് കലഹിക്കുന്ന ദമ്പതികളുടെ മുന്നിൽ തോമസുചേട്ടൻ ഒരു അത്ഭുതംപോലെ നിൽക്കുന്നു. അസ്സീസിയിലെ വി. ഫ്രാൻസിസ് പറഞ്ഞില്ലേ സ്നേഹം സ്നേഹിക്കപ്പെടുന്നില്ല. കലർപ്പില്ലാത്ത സ്നേഹത്തിന്റെ കലവറയായിരുന്നു തോമസ് ചേട്ടൻ!

ദാമ്പത്യ ജീവിതത്തിൽ ഭാഷ ഒരു പ്രധാന ഘടകംതന്നെയാണ്. സാഹിത്യഭാഷ വേണമെന്നല്ല ഉദ്ദേശിച്ചത്. പരസ്പരം ഭാഷ മനസ്സിലാവണം. ഭാഷ മനസ്സിലാക്കപ്പെടാതെയും മനസ്സിലാകാതെയും പോകുന്ന പ്രശ്നങ്ങൾ ഇന്ന് ധാരാളമാണ്.

ബീനച്ചേച്ചി കൊച്ചു കുട്ടികളെപ്പോലെ അർഥമില്ലാതെ ഓരോന്നും വിളിച്ചുപറയുമ്പോൾ പൊട്ടത്തരം പറയുകയാണെന്നുപറഞ്ഞ് ഭാര്യയെ ശാസിക്കാം; നിശ്ശബ്ദയാക്കാം. പക്ഷേ, തോമസുചേട്ടൻ അതു ചെയ്യില്ല. മറിച്ച്, ചേച്ചി പറയുന്നതെല്ലാം മനസ്സിലായി എന്ന മട്ടിൽ ചിരിക്കും. മറുപടി നൽകും. ഒരിക്കൽ പോലും യാതൊരു ഇറിറ്റേഷനും തോമസ് ചേട്ടൻ കാണിച്ചിട്ടില്ല. ഇതുകണ്ടിട്ട് ഒരാൾ അത്ഭുതത്തോടെ ഇങ്ങനെ ചോദിച്ചു: ഇതെന്തൊരസാധാരണ മനുഷ്യൻ! അപ്പോഴും വിനയാന്വിതനായി തോമസ് ചേട്ടൻ പറയും, എല്ലാം ദൈവകൃപ!

മകൻ ടോണിയെ ഏറെ സ്വാധീനിച്ച തോമസ് ചേട്ടനിലെ ഒരു നന്മ ക്ഷോഭിക്കാത്ത പരാതിപ്പെടാത്ത പ്രകൃതമായിരുന്നു. മിക്കപ്പോഴും തോമസ്ചേട്ടൻ ചെയ്യാത്ത പല തെറ്റുകളും അദ്ദേഹത്തിനുനേരെ ആരോപിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ തെറ്റിദ്ധരിക്കപ്പെടുന്ന അവസരങ്ങളിൽ താനാണ് തെറ്റ് ചെയ്തതെന്ന മട്ടിൽ നിശ്ശബ്ദനായി നിൽക്കും. ന്യായീകരണത്തിന്റെയോ വിശദീകരണത്തിന്റെയോ ഒരു വാക്കുമുരിയാടാതെ കുറ്റപ്പെടുത്തിയിട്ടുള്ള എല്ലാവർക്കും പിന്നീട് ബോധ്യപ്പെട്ടിട്ടുണ്ട്, അദ്ദേഹം കുറ്റക്കാരനായിരുന്നില്ലെന്ന്. അവർ ചെന്ന് സോറി പറയുമ്പോൾ ഭാവ വ്യത്യാസങ്ങളില്ലാതെ പുഞ്ചി

രിച്ചുകൊണ്ട് തോമസ് ചേട്ടൻ പറയും അതൊന്നും സാരമില്ല!"

"എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ" (1തെസ 5:16) ഓ... അതൊക്കെ നടക്കുന്ന കാര്യമാണോ? അതേയെന്ന് തോമസ് ചേട്ടൻതന്നെ നമ്മെ പഠിപ്പിക്കുന്നു. ഒരിക്കൽപോലും തോമസ് ചേട്ടന്റെ മുഖം മ്ലാനമായി കണ്ടിട്ടില്ല. തിരക്കുകൾക്കിടയിലും അദ്ദേഹം കുറേ കോഴികളെ വളർത്തുന്നുണ്ടായിരുന്നു. ഓരോന്നിനും പേരും നൽകിയിരുന്നു. അവയെ തീറ്റുന്നതും അവയോട് വർത്തമാനം പറയുന്നതും വലിയ ഇഷ്ടമായിരുന്നു. കോഴികൾക്ക് ഉറുമ്പിനെ ഇഷ്ടമായിരുന്നതിനാൽ മാവിൽനിന്ന് ഉറുമ്പിൻകൂട് പൊട്ടിച്ച് അവയ്ക്കിട്ടുകൊടുക്കുമായിരുന്നു. അതെല്ലാം വിഡിയോയിൽ പിടിച്ചുവയ്ക്കും. വൈകുന്നേരങ്ങളിൽ ഓരോ കോഴിയുടേയും വിശേഷങ്ങൾ ടോണിയെ പറഞ്ഞുകേൾപ്പിക്കുകയും പതിവായിരുന്നു. വളരെ സില്ലിയെന്ന് നമ്മൾ ഇതിനെ വിളിക്കുമായിരിക്കും. ഇന്ന് സന്തോഷിപ്പിക്കാൻ വേണ്ടി ഉപാധികൾ തേടി പലരും പരക്കം പായുന്നിടത്ത് സ്വന്തം കുടുംബത്തിലും ചുറ്റുപാടുകളിലും സന്തോഷം കണ്ടെത്താൻ തോമസ് ചേട്ടന് സാധിച്ചു.

തോമസ് ചേട്ടന്റെ ദിനചര്യ ഇങ്ങനെയായിരുന്നു. രാവിലെ 4 മണിക്ക് എഴുന്നേൽക്കും. ആദ്യ ഡ്യൂട്ടി അടുക്കളയിലാണ്. ഭക്ഷണം പാകം ചെയ്യും. ശേഷം നടക്കാൻ പോകും. തിരികെ വന്ന് തയാറായി വിശുദ്ധ കുർബാനയ്ക്ക് പോകും. മടങ്ങിയെത്തി ബീന ചേച്ചിയെ പല്ലുതേപ്പിച്ച് വൃത്തിയാക്കും. ടോണിക്കും ചേച്ചിക്കും ഭക്ഷണം നൽകും. ഡ്യൂട്ടിക്ക് പോകും. വൈകുന്നേരം വന്ന് എല്ലാം ഒതുക്കിക്കഴിഞ്ഞ് വായനയിലേക്കും എഴുത്തിലേക്കും തിരിയും. ജീവജ്വാലയുടെ കാര്യങ്ങളും നാടക രചനയും ഉണ്ടായിരുന്നു. ഇത് വായിക്കുമ്പോൾ കരുതരുത് തോമസ് ചേട്ടൻ വീട്ടിൽ ഒതുങ്ങിക്കൂടി കഴിഞ്ഞിരുന്ന ആളാണെന്ന്. 12 വർഷം ജീവജ്വാല മാസികയുടെ എഡിറ്റോറിയൽ ബോർഡംഗമായിരുന്നു. അതിരൂപതയുടെ കാറ്റെക്കിസം ഡിപ്പാർട്മെന്റിന്റെ ഫൊറോനയുടെ പ്രൊമോട്ടർ, ബൈബിൾ കോഴ്സിന്റെ കോ-ഓർഡിനേറ്റർ ഇടവകയിലെ കുടുംബ കൂട്ടായ്മകളുടെ കൺവീനർ, എറണാകുളം സോണിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിലെ സജീവ സാന്നിധ്യം ഇങ്ങനെ പോകുന്നു തോമസ് ചേട്ടൻ എത്തപ്പെട്ട ഇടങ്ങൾ. കുടുംബത്തിൽപെട്ടവരുടെ വിശേഷങ്ങൾക്കും പോകുമായിരുന്നു. ബന്ധങ്ങൾ മുറിയാതെ... സ്നേഹം നഷ്ടപ്പെടാതെ എല്ലാവർക്കുമൊപ്പം തോമസ് ചേട്ടനുമുണ്ടായിരുന്നു.

തോമസ് ചേട്ടന്റെ മരണശേഷം ബീന ചേച്ചിയും മകൻ ടോണിയും കുടുംബവുമാണ് ഇപ്പോൾ എറണാകുളത്തെ വീട്ടിൽ.

വ്യക്തിപരമായ ഒരു ഓർമകൂടി പങ്കുവയ്ക്കട്ടെ. 6 വർഷങ്ങൾക്കുമുൻപ് എയ്ഞ്ചൽസ് ആർമി ഫാമിലി ഗാതറിങ്ങിൽ ഒരു പാനൽ ഷെയറിങ്ങിൽ തോമസ് ചേട്ടനുണ്ടായിരുന്നു. ഷെയറിങ്ങിനായി എഴുന്നേറ്റ് തോമസ് ചേട്ടൻ ഇങ്ങനെ പറഞ്ഞു. ഞാൻ എവിടെ ഷെയറിങ്ങിനു പോയാലും എന്റെ കസേരയ്ക്കൊപ്പം മറ്റൊരു കസേരകൂടി ഉണ്ടാകും. കാരണം, ശാരീരികമായി ബീന എന്റെ ഒപ്പമില്ലെങ്കിലും ആത്മാവിൽ ഞങ്ങൾ ഒരുമിച്ചാണ്. സത്യത്തിൽ എന്റെ കണ്ണു നിറഞ്ഞു. ഈ കലർപ്പില്ലാത്ത സ്നേഹമല്ലേ... ദാമ്പത്യത്തിന്റെ സൗന്ദര്യം... അതെ സ്നേഹം സ്നേഹിക്കപ്പെടുന്നില്ല! ■





**ലേഖനം**

എൽസീന ജോസഫ്

# വിശ്വാസത്തിന്റെ യുവജനാഘോഷം







പഞ്ചാബിലെ ജലന്ദർ രൂപതയിലെ ട്രിനിറ്റി കോളജ് പരിസരത്തിന് ക്രൈസ്തവ യുവത്വത്തിന്റെ തേജസ്സായിരുന്നു. ഇന്ത്യയുടെ നാലു ദിക്കുകളിൽ നിന്നായി പതിമൂന്ന് റീജിയനുകൾ... ആയിരത്തി എണ്ണൂറോളം യുവജനങ്ങൾ... ഇരുന്നൂറിലധികം വൈദികരും സന്യസ്തരും... സജീവ സാന്നിധ്യമായി CBCI യൂത്ത് കമ്മിഷൻ ചെയർമാർ ആർച്ച് ബിഷപ് മാർ. ലിയോ കൊർണേലിയോ... നിത്യേന ദിവ്യബലിക്ക് നേതൃത്വം നൽകിയിരുന്ന അഭിവന്ദ്യ പിതാക്കന്മാർ... ഭാരത കത്തോലിക്കാ സഭയുടെ യുവത്തിടമ്പുകൾ ഒൻപതാമത് ദേശീയ കൺവൻഷന് ഏകമനസ്സായി ഒത്തുചേർന്നപ്പോൾ സഭയ്ക്ക് കൂടുതൽ യുവത്വമായി.

പഞ്ചനദികൾ പതഞ്ഞൊഴുകുന്ന പഞ്ചാബിന്റെ മണ്ണിൽ യൂത്ത് കൺവൻഷന് ഒത്തുചേർന്നവർ നെഞ്ചോട് ചേർത്ത ആപ്തവാക്യം ഇതായിരുന്നു, വിശ്വാസത്തിൽ നവീകൃതരായി പരിവർത്തിത ലോകത്തിനായ് (Transformed by faith, Transforming the world). ഏഴുദിനങ്ങൾ നീണ്ടുനിന്ന കൺവൻഷൻ ഓരോരുത്തർക്കും അസുലഭ മുഹൂർത്തങ്ങളാണ് നൽകിയത്.

മൂന്നു ദിവസത്തെ ഡെയ്സ് ഇൻ ഡയസസിനു ശേഷം സമ്മേളന നഗരിയിൽ ഒത്തുചേർന്നവരുടെ വാക്കുകളിൽ വിശ്വാസ കൈമാറ്റത്തിന്റെ നിർവൃതി. വിവിധങ്ങളായ പഠന വിഷയങ്ങൾ, ജീവിത സാക്ഷ്യങ്ങൾ, സെമിനാറുകൾ, കേരളമുൾപ്പെടെ പതിമൂന്ന് റീജിയനുകളുടെയും കൾചറൽ പ്രോഗ്രാം... കണ്ണും മനവും നിറച്ച സംഗീത-നൃത്ത വിരുന്ന്... സമാപന ദിവസത്തെ ആറു കിലോമീറ്റർ നീണ്ടുനിന്ന സമാധാന സന്ദേശയാത്ര. ഒടുവിൽ ഇന്ത്യയുടെ വത്തിക്കാൻ സ്ഥാനപതി കർദിനാൾ സാൽവദോർ പിനാക്കിയോയുടെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ ദിവ്യപൂജ...

ചിന്തകളിൽ നൂതന ആശയങ്ങളും മനസ്സിൽ കുളിരാകുന്ന ഓർമകളുമായവർ യാത്ര തുടരുകയാണ്. തങ്ങൾക്ക് പകർന്നു കിട്ടിയ വിശ്വാസത്തിന്റെ കെടാവിളക്ക് കൂടുതൽ പേരിലെത്തിക്കുക എന്ന ലക്ഷ്യവുമായി. ഇനി ഒരു കാര്യം ഉറപ്പിച്ച് പറയാം മാർപാപ്പ ആഹ്വാനം ചെയ്തതുപോലെ... പാട്ടുപാടിയും കൂട്ടുകൂടിയും നൃത്തം ചെയ്തും കാലഘട്ടം വിളമ്പുന്ന എല്ലാ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിയും സഭാമാതാവിനെ ശുശ്രൂഷിക്കുന്ന യുവത്വത്തിന്റെ ചടുലത സഭയെ കൂടുതൽ സുന്ദരിയാക്കുന്നു... ■

**അനുഭവം**



ഡോ. ട്രീസ ഏബ്രഹാം, അദിലാബാദ്

# ഡെങ്കി പനിയും കൊന്തയും

ഞാൻ ഒരു മിഷൻ ഡോക്ടർ ഫുൾടൈമറായിട്ട് ഒരു മാസം പിന്നിട്ടിരിക്കുന്നു. ജീവിതത്തിലെ ഏറ്റവും അനുഗ്രഹിക്കപ്പെട്ട ദിവസങ്ങളിൽപ്പെട്ടത് എന്ന് ഞാൻ കരുതുന്ന 40 ദിവസത്തെ ട്രെയിനിങ്ങിൽ വീണ്ടും വീണ്ടും കേൾക്കുകയും അറിയുകയും ചെയ്ത ദൈവപരിപാലന; സ്വർഗീയ അപ്പന്റെ ഉദാരത ഓരോ നിമിഷവും അനുഭവിക്കുകയാണിവിടെ.

ആന്ധ്രപ്രദേശിലെ അദിലാബാദ് രൂപതയിലെ ഇന്ദ്രവെല്ലി എന്ന മിഷൻ സ്റ്റേഷനിലാണ് ഞാൻ. അവിടെയുള്ള മിഷൻ ഹോസ്പിറ്റലാണ് (Holy Trinity Hospital) എന്റെ ഫുൾടൈമേഴ്സ് ബാച്ചിനൊപ്പം നടന്നു പഠിച്ച തെലുങ്ക് തന്നെ ഏറ്റവും വലിയ സമ്പാദ്യം. ജീവിതത്തിൽ ആദ്യമായി ഹിന്ദിയിലും ഞാൻ സംസാരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്ര ഭാഷയായ 'ഹിന്ദി'യിൽ നിന്നും ചെറിയ വ്യത്യാസങ്ങളുണ്ടെന്നതു സത്യമാണെങ്കിലും അതു തന്നെ ഞാൻ സംസാരിക്കുന്നു.

എന്റെ പരിചയക്കുറവിൽ നിന്നുണ്ടായ പേടിയിൽ നിന്നു തുടങ്ങിയാണ് കർത്താവെനിക്കു തരുന്ന രോഗികൾക്കായി മാതാവിന്റെ മാധ്യസ്ഥം അപേക്ഷിക്കാൻ തുടങ്ങിയത്. പ്രത്യേകിച്ച് അവരെ പരിശോധിക്കുമ്പോൾ മനസ്സിൽ നന്മനിറഞ്ഞ മറിയം ചൊല്ലും. വാർഡുകളുടെ മുമ്പിലൂടെ നടക്കുമ്പോഴൊക്കെ അമ്മ അവരെ വ്യക്തിപരമായി പരിപാലിക്കുന്നതായി പലപ്പോഴും അനുഭവപ്പെട്ടിട്ടുമുണ്ട്.

ഈ ആശുപത്രിയിൽ ഡെങ്കി പനി ബാധിതരായി ധാരാളം പേർ അഡ്മിറ്റ് ആവാറുണ്ട്. ICU മുതലായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ observation- ൽ വച്ച് പ്ലേറ്റ്‌ലെറ്റ് കൗണ്ട് നോക്കി, ചികിത്സ തുടരുകയോ, കൗണ്ട് തീരെ കുറയുന്നതായോ രക്തസ്രാവത്തിന്റെ ലക്ഷണങ്ങളോ കണ്ടു തുടങ്ങിയാൽ ടൗണിലെ ആശുപത്രിയിലേയ്ക്ക് വിടുകയോ ആണ് പതിവ്.

എന്നാൽ ഈ പറഞ്ഞപോലെ അത്ര 'സാധാരണക്കാര'നല്ല എനിക്ക് 'ഡെങ്കി പനി'. എന്റെ മെഡിക്കൽ കോളജ് പഠനകാലത്ത് പ്രഗത്ഭരായ പ്രഫസേഴ്സിന്റെയും, ആത്മാർഥതയോടെ രോഗികളെ നോക്കിയിരുന്ന പി.ജി. സ്റ്റുഡൻസിന്റെയും നഴ്സുമാരുടെയും മരുന്നും പരിപാലനയും ഉണ്ടായിട്ടും മരണത്തിനു കീഴ്പ്പെട്ട പലരുടെയും ഓർമ എന്നും തെല്ലു ഭയമുണ്ടാക്കിയിരുന്നു.

അങ്ങനെയിരിക്കെ ഡെങ്കിപനി ബാധിച്ച് അഡ്മിറ്റായ ഒരു രോഗി, രാത്രി പെട്ടെന്ന് അതിയായി വിറയ്ക്കാനും പനിക്കാനും തുടങ്ങി. സിസ്റ്റർ വിളിച്ചതനുസരിച്ച് ഞാൻ ചെന്നു കണ്ടു. വൈകിട്ട് സീനിയർ ഡോക്ടർ കണ്ട് വേണ്ട മരുന്നുകളെല്ലാം കൊടുത്തിട്ട് അധികമായില്ല. ഭയം ഉള്ളിൽ തലപൊക്കി. കമ്മിഷനിങ് സമയത്ത് കൈവയ്പുവഴി നവീകരിക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ സൗഖ്യവരത്തിൽ വിശ്വസിച്ചു പ്രാർഥിച്ചുകൊണ്ട് രോഗിയെ പരിശോധിച്ചു.

പാരസെറ്റമോൾ ഇൻജക്ഷൻ മാത്രം നൽകാൻ പറഞ്ഞു ഞാൻ മുറിയിലേക്കോടി, കൊന്ത എത്തിക്കാൻ തുടങ്ങി. പിന്നീട് വിളി വരാത്തതിനാൽ അടുത്ത കൊന്ത ചൊല്ലി ഞാൻ ഉറങ്ങി.

തെല്ലാധിയോടെയായിരുന്നു രാവിലെ ഉണർന്നത്. 'എന്തായിക്കാണും' എന്നൊരുപേടി. പള്ളിയിലേയ്ക്ക് പോകുന്ന വഴി ഞാൻ നോക്കുമ്പോൾ എന്റെ പനിക്കാരി അമ്മച്ചി 'കൂളായി' നിന്ന് പല്ലുതേയ്ക്കുന്നു. Rounds-ൽ പ്ലേറ്റ്‌ലെറ്റ് നോക്കുമ്പോൾ നന്നേ കുറഞ്ഞിരുന്നു. രക്താംശവും (Haemoglobin) അങ്ങനെ തന്നെ.

ആ രാത്രിയിൽ എന്തു സംഭവിച്ചു എന്ന് എനിക്കറിയില്ല. പക്ഷേ, അമ്മ കാത്തു എന്നുറപ്പ്. ടൗണിലെ ആശുപത്രിയിലേയ്ക്കു പറഞ്ഞു വിട്ടിട്ടും പൈസക്കുറവുമൂലം അവർ പോയില്ല. പിന്നീടുള്ള ദിവസങ്ങളിൽ ആശുപത്രിയിലെ കന്യാസ്ത്രീമാർ കൊന്തയെത്തിച്ച്, കൊന്തയെത്തിച്ച് മൂന്നു ദിവസങ്ങൾക്ക് ശേഷം അവർ സുഖമായി തിരിച്ചുപോയി.

കർത്താവിന്റെ കാരുണ്യത്തിൽ അമ്മയുടെ മാധ്യസ്ഥത്തിൽ ഭയത്തിനിടയില്ല എന്നു വിശ്വസിച്ചുകൊണ്ട്... ■




കാലത്തിന്റെ അമാവാസികൾക്കുമേൽ അലിവിന്റെ സുവർണ താരകം നിതാന്ത ജാഗ്രതയുടെ മിഴിക്കോൺ തുറന്നിട്ടുണ്ട്. അംബരചുംബികളുടെ അലസമൗനങ്ങൾക്കും ചുമടുതാങ്ങികളുടെ ചുടുനെടുവീർപ്പുകൾക്കുംമേൽ ഒരേവെളിച്ചത്തിന്റെ മിന്നലൊളികൾ. ഈന്തപ്പനയോലക്കൂടൊരുക്കാൻ, ഈറ്റനക്ഷത്രം ഇറയത്തു തൂക്കാൻ, വർണക്കടലാസിന്റെ ദീപക്കാഴ്ച തീർക്കാൻ ഏകനും നിസ്വനുമായ ഒരു കുരുന്നു കുഞ്ഞ് ഓട്ടപ്രദക്ഷിണം തുടങ്ങിക്കഴിഞ്ഞു. ദാരിദ്ര്യത്തിന്റെ പുൽക്കൂട്ടിലും ലാളിത്യത്തിന്റെ പിള്ളക്കച്ചയിലും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഒരു അവനിവാഴ്‌വ് ആരംഭിക്കുകയാണ്. പ്രിയ യാത്രികാ... നിങ്ങൾ ഒരുങ്ങിക്കഴിഞ്ഞോ ???

## ഏവർക്കും ക്രിസ്മസ് ആശംസകൾ



ഡോ. സൂസി ജോസ്



# ഇന്റർനെറ്റിനു പുറത്തും ഒരു ലോകമുണ്ട്

എനിക്ക് ഫാഷൻ വസ്ത്രങ്ങളോട് വല്ലാത്ത ഭ്രമമാണ്. അതുകിട്ടാനായി വീട്ടിൽ പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ദിവസങ്ങളോളം ആരോടും സംസാരിക്കാതെയിരിക്കും. വലിയ സാമ്പത്തിക സ്ഥിതിയില്ലാത്ത കുടുംബമാണ് എന്റേത്. എങ്കിലും അവർ എങ്ങനെയെങ്കിലും ഞാൻ ആവശ്യപ്പെട്ടത് വാങ്ങിത്തരും. എന്നാൽ അത് കിട്ടിക്കഴിയുമ്പോൾ എനിക്ക് വലിയ സങ്കടവും മനസ്താപവുമാണ്.

യുവത്വത്തിന്റെ ഒരു പ്രത്യേകതയാണ് ഫാഷൻ ഭ്രമം. പക്ഷേ, അതിരുവിട്ടാൽ അത് കുടുംബങ്ങളുടെ ശൈഥില്യത്തിനുതന്നെ കാരണമായേക്കാം. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന മാതാപിതാക്കളുടെ കഷ്ടപ്പാടുകൾ നാം കണ്ടില്ലെന്നുവയ്ക്കരുത്. കുടുംബത്തിന്റെ അവസ്ഥ മനസ്സിലാക്കാൻ നമുക്ക് കടമയുണ്ട്. മാർക്കറ്റിൽ വരുന്ന ഏറ്റവും വിലകൂടിയ വസ്ത്രങ്ങൾ ധരിക്കുന്നതിലല്ല, നമ്മുടെ വ്യക്തിത്വം നിഴലിക്കുന്നത്. നമ്മുടെ സ്വഭാവസവിശേഷതകളായിരിക്കണം നമ്മെ ശ്രദ്ധാകേന്ദ്രമാക്കേണ്ടത്. അതേസമയം, നമ്മുടെ വസ്ത്രങ്ങൾ മോടിയായും വൃത്തിയായും സൂക്ഷിച്ച് കഴിയുന്നത്ര കാലം ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

ഇന്റർനെറ്റിൽ വളരെയധികം സമയം ചെലവഴിക്കുന്നയാളാണ് ഞാൻ. അതിന് അടിമയായി എന്നുതന്നെ പറയാം. എത്രശ്രമിച്ചിട്ടും അതിൽനിന്നു രക്ഷപ്പെടാൻ സാധിക്കുന്നില്ല.

മദ്യവും മയക്കുമരുന്നും മറ്റുലഹരികളും പോലെ ഇന്നത്തെ സമൂഹത്തെ അടിമപ്പെടുത്തുന്ന ഒരുവില്ലനാണ് ഇന്റർനെറ്റും സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകളും എന്നുപറയേണ്ടി വരുന്നു. ഇവയുടെ വിവേകശൂന്യമായ ഉപയോഗം ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിച്ചതാണ്. ഈ വിഷയത്തിൽ വീണ്ടുംവീണ്ടും സംവാദത്തിലേർപ്പെടുന്നത് നമ്മെ ഒരുകരയ്ക്കും അടുപ്പിക്കില്ല. ഇന്റർനെറ്റിൽ കൂടുതൽ സമയം ചെലവഴിക്കുമ്പോൾ നമ്മുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ചിന്തിക്കണം. വായന, പഠനം, ജോലി എന്നിവയ്ക്കൊക്കെ ആവശ്യത്തിന് സമയം മാറ്റിവയ്ക്കുക. സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടുമൊപ്പം ചെലവഴിക്കാനും സമയം കണ്ടെത്തണം. അതുപോലെ സന്നദ്ധസംഘടനകളുടെയും മറ്റുകൂട്ടായ്മകളുടെയുമൊക്കെ ഭാഗമായി പ്രവർത്തിക്കുമ്പോൾ നമ്മുടെ സാമൂഹിക ജീവിതം വളരുകയും വ്യക്തിത്വം വികസിക്കുകയും ചെയ്യും. ഇന്റർനെറ്റിൽ ചെലവഴിക്കുന്ന സമയത്തിന് ആനുപാതികമായി എന്ത് നേട്ടമാണു ലഭിക്കുന്നത് എന്ന് ചിന്തിക്കണം. ഇന്റർനെറ്റിന്റെ സാധ്യതകളെ നമ്മുടെ സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയാണല്ലോ ചെയ്യേണ്ടത്. കൂടുതൽ ക്രീയേറ്റിവ് ആയ കാര്യങ്ങളിലേക്ക് ശ്രദ്ധയൂന്നുമ്പോൾ തന്നെ അടിമത്തങ്ങളിൽ നിന്ന് രക്ഷപ്പെടാനാകും.

അസഭ്യവാക്കുകൾ ഉപയോഗിക്കുന്ന ശീലം ഞങ്ങൾ കൂട്ടുകാർക്കിടയിൽ ഉണ്ടായിരുന്നു. ഈ സ്വഭാവം മൂലം പല സദസ്സുകളിലും അവഹേളനം അനുഭവിക്കേണ്ടിവന്നു.

പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നു. അസഭ്യഭാഷണം ശീലിക്കരുത്, അത് പാപമാണ്. അമിതഭാഷി നിന്ദ്യനാണ്. സുഹൃത്‌സദസ്സുകളിൽ തുടങ്ങിവയ്ക്കുന്ന ചില ശീലങ്ങൾ അനവസരങ്ങളിൽ നമ്മെ വെട്ടിലാക്കിയേക്കാം. ചില കുട്ടികൾ സുഹൃത്തുക്കളെ സംബോധന ചെയ്യുന്നതുപോലും അസഭ്യവാക്കുകൾ ഉപയോഗിച്ചാണെന്നത് അമ്പരിപ്പിക്കുന്നു. പലപ്പോഴും തമാശയ്ക്കു തുടങ്ങുന്ന ഇത്തരം ശീലങ്ങൾ നമ്മുടെ വ്യക്തിത്വത്തിന്റെ മാറ്റുകുറയ്ക്കുന്നു. സംഭാഷണത്തിൽ അറിഞ്ഞും അറിയാതെയുമെല്ലാം ഇത്തരം വാക്കുകൾ ഉപയോഗിക്കുന്നവർ ബോധപൂർവം ശ്രമിച്ചെങ്കിലേ അതിൽനിന്നു രക്ഷപ്പെടുവാൻ സാധിക്കുകയുള്ളൂ. ലഹരി വസ്തുക്കൾക്ക് അടിമയാകുന്നതുപോലെതന്നെയാണ് ഇത്തരം ശീലങ്ങൾക്കുകീഴ്പ്പെട്ടുപോകുന്നതും. സ്വയം നിന്ദ്യരായി മാറാനിടയാകാതെ വാക്കുകൾ ഉപയോഗിക്കുന്നതിൽ ശ്രദ്ധപുലർത്തുക. ക്രമേണ മാറ്റിയെടുക്കാനാകാത്ത ശീലങ്ങളില്ല. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനായി പ്രാർഥിക്കുക, നാവിന് നിയന്ത്രണം ക്രമേണ വന്നുകൊള്ളും.

*സ്നേഹപൂർവം, സൂസിച്ചേച്ചി*




## വാർത്താവിചാരം

സണ്ണി കോക്കാപ്പിള്ളിൽ

# സജീവമാകുന്ന സാത്താനാരാധന

ഒക്ടോബർ മാസത്തിൽ കേരളത്തിലെ നിരവധി പ്രസിദ്ധീകരണങ്ങൾ സാത്താനാരാധനയെക്കുറിച്ചു പ്രതിപാദിക്കുകയുണ്ടായി (മാധ്യമം, ദീപിക, സൺഡേ ശാലോം). യുവജനങ്ങളെയും ബിസിനസ്സുകാരെയും



*The Masonic Square and Compasses.*

വഴിതെറ്റിച്ച് തങ്ങളുടെ പ്രവർത്തനങ്ങളിലേക്കു കൊണ്ടുവരുകയാണ് ഇതിന്റെ പിന്നിലുള്ളവർ ചെയ്യുന്നത്. ലഹരി ഉപയോഗം, ലൈംഗിക അരാജകത്വം, ആത്മഹത്യ തുടങ്ങിയവയൊക്കെ ഇതിന്റെ പരിണിതഫലങ്ങളാണ്. കേരളത്തിലെ ചില പ്രമുഖ ബിസിനസ്സുകാർ ഇതിനെ പിൻതുണയ്ക്കുന്നുവെന്ന് പറയപ്പെടുന്നു.

സാത്താൻ സഭയുടെ ഉപവിഭാഗങ്ങളിലൊന്നാണ് ഫ്രീമേസൻ ക്ലബ്ബുകൾ. സമൂഹത്തിലെ ഉന്നത വ്യക്തികളായ ചലർ അറിഞ്ഞോ അറിയാതെയോ ഇതിലെ അംഗങ്ങളാണ്. ഫ്രീമേസൻ ക്ലബ്ബുകളിൽ സാത്താനാരാധന അരങ്ങേറുന്നു. വാഴ്ത്തിയ തിരുവോസ്തി ഏറ്റവും മ്ലേച്ഛവും നിന്ദ്യവുമായ വിധത്തിൽ ഇവരുടെ പൂജയ്ക്കുപയോഗിക്കുന്നു. പള്ളികളിൽ നിന്നും തിരുവോസ്തി മോഷ്ടിക്കുന്നത് ഇതുമായി ബന്ധപ്പെട്ടവരാണ്. നഗ്നമായ സ്ത്രീ ശരീരമാണ് ഇവരുടെ ബലിപീഠം.

ഫ്രീമേസൻ ലോഡ്ജുകൾ എന്നറിയപ്പെടുന്ന സാത്താനാരാധന കേന്ദ്രങ്ങൾ ആകർഷകമായ പ്രവർത്തന ശൈലി കൊണ്ടാണ് മറ്റുള്ളവരുടെ വിശ്വാസമാർജിക്കുന്നത്. ശരിയായ അവബോധമുണ്ടെങ്കിൽ മാത്രമേ ഇവരെ തിരിച്ചറിയാൻ പറ്റുകയുള്ളു. ഇവരുപയോഗിക്കുന്ന അടയാളങ്ങളും ചിഹ്നങ്ങളുമൊക്കെ മനസ്സിലാക്കി അത്തരം സാഹചര്യങ്ങളിൽ നിന്നും അകന്നു നിൽക്കുകയെന്നതാണു ബുദ്ധി. വെളിയിൽ ജോലിക്കു പോകുന്നവരും പഠിക്കാൻ പോകുന്നവരുമൊക്കെ ഇതു ശ്രദ്ധിക്കണം.

'വീണ്ടും, പിശാച് വളരെ ഉയർന്ന ഒരു മലയിലേക്ക് അവനെ കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും അവനെ കാണിച്ചുകൊണ്ട്, അവനോടു പറഞ്ഞു: 'നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്കു ഞാൻ നൽകും' (മത്താ 4:8). ഈ വചനത്തെ ചൂണ്ടിക്കാട്ടിയും സാത്താൻ സേവക്കാർ ഭൗതിക സമ്പത്തിന്റെ വർധനയ്ക്കുവേണ്ടി അനേകരെ സ്വാധീനിച്ച് തങ്ങളുടെ വലയത്തിലാക്കുന്നുണ്ട്. ഈ വഴികളിലൂടെ പോകുന്നവർ ഏറ്റവും വലിയ പാപാവസ്ഥയിലാണു കഴിയുന്നതെന്നു നാം മനസ്സിലാക്കണം. അതിനാൽ അതീവ ജാഗ്രത പാലിക്കാൻ നമുക്കു കഴിയട്ടെ.

# കാനറാ ബാങ്കിനെ മറ്റുള്ളവരും പിന്തുടരുക

കൊച്ചി മെട്രോയ്ക്ക് കാനറാ ബാങ്ക് 1170 കോടിരൂപ വായ്പ നൽകാൻ തീരുമാനിച്ചിരിക്കുന്നു. എന്താണിതിന്റെ പ്രത്യേകതയെന്നു ചോദിച്ചാൽ രാജ്യത്തിന്റെ വികസനത്തിനു വേണ്ടി ബാങ്കുകൾക്കു ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങളുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാൻ ഇവിടെയാരുമില്ല എന്നതാണു സത്യം.

ലക്ഷക്കണക്കിനു കോടി രൂപയാണ് കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപമായി കെട്ടി

ക്കിടക്കുന്നത്. ഈ പണം നാടിന്റെ വികസനത്തിനായി മുടക്കിയാൽ വൻതോതിലുള്ള മാറ്റം ഇവിടെ വരും. ബാങ്കുകളിൽ കുമിഞ്ഞു കൂടിക്കിടക്കുന്ന നിക്ഷേപം നാടിനു പ്രയോജനകരമായ പദ്ധതികളിലേയ്ക്ക് കടന്നു ചെല്ലട്ടെ.

സമ്പത്തു മുഴുവനും പെട്ടികളിൽ പൂട്ടി വച്ചിട്ട് തെണ്ടിനടക്കാനുള്ള വിധിയാണ് ഇപ്പോഴത്തെ നിലയിൽ നമുക്കുള്ളത്. കേരളത്തിലെ ബാങ്കുകൾ നിക്ഷേപം കൊണ്ടു വീർപ്പുമുട്ടുന്നു. നാടിന്റെ വികസനത്തിനു പണവുമില്ല. ഇതെന്തൊരു വൈരുധ്യമാണ്. അതുകൊണ്ട് ഫലപ്രദമായ വിധത്തിൽ മറ്റുള്ള ബാങ്കുകളും തങ്ങളുടെ കൈവശമുള്ള പണം നാടിന്റെ വികസന പദ്ധതികളിൽ നിക്ഷേപിക്കാൻ തയ്യാറായാൽ ലോകത്തെ ഏറ്റവും സമ്പന്നമായ ദേശമായി കേരളം മാറാൻ പ്രയാസമില്ല.

## ഫ്രാൻസിസ് പാപ്പയും ജർമ്മനിയിലെ ആഡംബര ബിഷപ്പും

കൊട്ടാരസദൃശ്യമായ വീട്ടിൽ വസിച്ചിരുന്ന ജർമൻ ബിഷപ്പ് ഫ്രാൻസ് പീറ്റർ ടെബാർട്സ് വാൻ എൽറ്റ്സിന്റെ ഗതി ഇനിയാർക്കും വരാതിരിക്കട്ടെ. കുളിക്കാനായി 12 ലക്ഷം രൂപയുടെ ടബ്ബ് ഉപയോഗിച്ചിരുന്നുവെന്നു പറയുമ്പോൾ ആഡംബരത്തിന്റെ ശൈലി നമുക്കു മനസ്സിലാകും. അദ്ദേഹത്തിന്റെ യാത്രകളും ആഡംബര രീതിയിലായിരുന്നു. ഏതായാലും ലളിത ജീവിതത്തിന്റെ നിറകുടമായ ഫ്രാൻസിസ് മാർപാപ്പ ബിഷപ്പിനെ രൂപതാ ഭരണത്തിൽ നിന്നും നീക്കം ചെയ്തു. ജർമൻ സഭയിൽ ഇത് ഉണർവുണ്ടാക്കിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എല്ലാ കത്തോലിക്കർക്കും ഇതൊരു പാഠമാകട്ടെ.

*Bishop Peter Tebartz-Van Elst*



എവിടെ തിരിഞ്ഞാലും ധൂർത്തിന്റെ ആധിക്യമാണ് നമുക്കു കാണാൻ കഴിയുന്നത്. സഹജീവികളുടെ വേദന അറിഞ്ഞവർ ഇതിനു കൂട്ടു നിൽക്കില്ല. സമ്പത്തിന്റെ അഭാവമല്ല വിതരണത്തിലെ അപര്യാപ്തതയാണ് ഇന്നിന്റെ പ്രശ്നം. മാർപാപ്പ കാണിച്ചുതരുന്ന മാതൃക സ്വീകരിച്ച് ലളിത ജീവിതത്തിന്റെ വക്താക്കളാകാൻ സഭയിലെല്ലാവർക്കും കഴിയട്ടെ.

## 'പിതാവിനും പുത്രനും'

സമകാലിക മലയാളം വാരികയിൽ പ്രസിദ്ധീകരിച്ച 'പിതാവിനും പുത്രനും' എന്ന തിരക്കഥ ലൈംഗിക വൈകല്യമുള്ള മനസ്സിന്റെ ബഹിർസ്പുരണമായിട്ടാണ് അനുഭവപ്പെടുന്നത്. ഒരു കോൺവെന്റിന്റെ പശ്ചാത്തലത്തിൽ ഇതൾ വിരിയുന്ന കഥയെഴുതിയത് ബൽറാം മട്ടന്നൂർ എന്നയാളാണ്. ഇയാളുടെ ചിന്തയിൽ കോൺവെന്റ് എന്നു പറയുന്നത് അടിച്ചമർത്തിയ രതിമോഹങ്ങളുടെ കേന്ദ്രമാണ്. വൈദികരും സിസ്റ്റേഴ്സും അടുത്തു പെരുമാറിയാൽ അത് ലൈംഗിക കാര്യങ്ങൾക്കായിരിക്കുമെന്ന് ഇയാൾ നിനച്ചിരിക്കുന്നു. തനിക്കുണ്ടാകുന്ന വീഴ്ചകൾ മറ്റുള്ളവർക്കുമുണ്ടായിരിക്കുമെന്ന് തിരക്കഥാകൃത്ത് ധരിച്ചുവശായിരിക്കുന്നു. എഴുത്തുകാരുടെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് തങ്ങൾ നിലകൊള്ളുന്നതെന്ന സമകാലിക മലയാളം പത്രാധിപരുടെ വാദഗതിയും തികച്ചും അപഹാസ്യമാണ്. തിരക്കഥ എഴുതിയവനും പടം പിടിച്ചവനും തിരക്കഥ പ്രസിദ്ധീകരിച്ചവനും നാണക്കേട്! ഓരോരുത്തരുടെയും ഉള്ളിലെ ദുരാസക്തികളെ വെളിപ്പെടുത്താൻ കത്തോലിക്കാ സഭയിലെ വൈദികരെയും സിസ്റ്റേഴ്സിനെയും കരുവാക്കിയാൽ തല്ലു കിട്ടില്ലെന്നുറപ്പ്. അല്ലാതെന്തു ധൈര്യത്തിലാണ് ചിലർ ഇത്തരം അധമസാഹിത്യത്തിന്റെ വക്താക്കളാകുന്നത്?






# കലപില

അരുൺ ആന്റണി

## I BELIEVE

നവംബർ 10 മുതൽ 19 വരെ എറണാകുളം സെയിന്റ് ആൽബർട്ട്സ് സ്കൂൾ മൈതാനത്ത് അരങ്ങേറിയ ഐ ബിലീവ് - സൈറ്റ് ആൻഡ് സൗണ്ട് ഷോ ഒരു ദൃശ്യശ്രാവ്യ വിരുന്നായി മാറി. വിശ്വാസ വർഷത്തിൽ വരാപ്പുഴ അതിരൂപതയിലെ മതബോധന വിഭാഗത്തോടും ഫാമിലി അപ്പസ്തൊലേറ്റിനോടും ചേർന്ന് അതിരൂപതയിലെ കലാകാരൻമാരുടെ കൂട്ടായ്മയായ CAC (Cochin Arts and Communications) ആണ് ഈ ദൃശ്യശ്രാവ്യ വിസ്മയത്തെ അണിയിച്ചൊരുക്കിയത്. ആയിരത്തോളം കലാസാങ്കേതിക പ്രവർത്തകർ ഒത്തുചേർന്ന കലാസൃഷ്ടിയിൽ ആദവും ഹവ്വയും തുടങ്ങി ഫ്രാൻസിസ് മാർപാപ്പ വരെയെത്തി അവസാനിക്കുമ്പോൾ വിശ്വാസം ജീവിച്ച 20 വിശുദ്ധ ജീവിതങ്ങൾ നയന മനോഹരമായി അവതരിപ്പിക്കപ്പെടുന്നു. വിശ്വാസികളുടെ പിതാവായ അബ്രഹാം, പരി. മറിയം, വിശുദ്ധ റീത്ത, ഫ്രാൻസിസ് അസീസി, വി. അന്തോണീസ്, ഫാ. ഡാമിയൻ, വി. അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട മദർതെരേസ എന്നിങ്ങനെ പോകുന്നു അവർ.




വെറും ഒരു കഥപറച്ചിലിൽ ഒതുക്കാതെ ഇന്നത്തെ സാമൂഹിക, സാംസ്കാരിക മൂല്യബോധത്തെയും ഐ ബിലീവ് സ്പർഷശിച്ചുപോകുന്നു. CAC ഡയറക്ടർ ഫാ. ക്യാപ്പിറ്റൻ ലോപ്പസ്, ഡയസ് ജയിംസ്, അഭിലാഷ് ഫ്രേസർ, ഫാ. വിൻസന്റ് വാരിയത്ത്, ബേണി ഇഗ്നേഷ്യസ്, ജോസഫ് നെല്ലിക്കൻ, ഫാ. ആന്റണി പോൾ, ആലിസ് മാത്യു എന്നിവർ ഐ ബിലീവിന്റെ മുഖ്യശിൽപികളിൽ ചിലരാണ്.

നടനും സംവിധായകനുമായ ലാലിന്റെ ശബ്ദവിവരണം ഐ ബിലീവിനെ കൂടുതൽ സുന്ദരമാക്കി. കഴിഞ്ഞ വർഷത്തിൽ 'അമ്മമര'ത്തിലൂടെ കാണികളെ വിസ്മയിപ്പിച്ച CAC യുടെ രണ്ടാംവരവാണ് നാം കണ്ടറിഞ്ഞത്.


## 'ഫിലിപ്സ് ആൻഡ് മങ്കിപെൻ'

ഇത് കുട്ടികളുടെ ചിത്രം മാത്രമാണ് എന്നു ഞാൻ കരുതുന്നില്ല; കുട്ടികളുടെ കുഞ്ഞുചെരുപ്പിൽ നിന്നുകൊണ്ട് ഏതൊരുപ്രേക്ഷകനും കാണേണ്ട, ആസ്വദിക്കേണ്ട ഉത്തമ ചിത്രം. സിനിമയിലെ മുഖ്യകഥാപാത്രമായ റയാൻ ഫിലിപ് എന്ന കൊച്ചുകുട്ടിക്ക് രണ്ടുപ്രശ്നങ്ങളാണ്. കണക്കും, കണക്കുസാറും. മങ്കിപെൻ കൈവശമാക്കുന്നതോടെ റയാൻ എല്ലാവരുടെയും ഹീറോ ആയി മാറുന്നു; കണക്കുസാറിന്റെയും.

റയാന്റെ കൊച്ചുജീവിതത്തിൽ നിന്ന് അവന്റെ അപ്പനായ ഫിലിപ്പിലേക്കും വല്യപ്പൻ ക്യാപ്റ്റൻ ഫിലിപ്പിലേക്കും കഥ നീളുമ്പോൾ കുഞ്ഞുചിന്തകൾക്കൊപ്പം ചില വലിയ ചിന്തകളും നമുക്ക് ദർശിക്കാം. റയാന്റെയും കൂട്ടുകാരുടെയും ജീവിതത്തിലൂടെയുള്ള ഒരു യാത്രയാണ് സിനിമയുടെ മുഖ്യ ആകർഷണം. ഒപ്പം ചില ജീവിത ചിന്തകൾ ലളിതമായി പങ്കുവയ്ക്കുകയും ചെയ്യുന്നു.

കുട്ടികളിലെ സൻമാർഗ ബോധത്തെയും സ്വപ്രയത്നത്തെയും എടുത്തുപറയുന്ന ഈ ചിത്രം എല്ലാ കുട്ടികളും അവരെ സ്നേഹിക്കുന്ന അധ്യാപകരും മാതാപിതാക്കളും കണ്ടിരിക്കേണ്ടതുതന്നെ. റയാനായി വരുന്ന സനൂപിന്റെയും ജുഗ്നുവായ ഗൗരവിന്റെയും ഛായാഗ്രാഹകൻ നീൽ ഡി. കുഞ്ഞയുടെയും പ്രകടനങ്ങളെ പ്രശംസിക്കാതെ വയ്യ. റോജിൻ തോമസ്, ഷാനിൽ മുഹമ്മദ് എന്നിവർ ചേർന്നാണ് സംവിധാനം.

കുഞ്ഞുങ്ങൾ ഇന്നിന്റെ സൗന്ദര്യമാണ്, നാളെയുടെ പ്രതീക്ഷയും. നമുക്ക് വളർത്താം അവരെ, കരുതലോടെ ■





ജീസസ് യൂത്ത് കേരള ടീമിന്റെ നേതൃത്വത്തിൽ ആലുവ നിവേദിതയിൽ നടന്ന വൈദികരുടെയും സന്യസ്തരുടെയും സമ്മേളനമായ കമ്യൂണിയനിൽ നിന്ന്



ഷില്ലോങ്ങിൽ നടന്ന നോർത്ത് ഈസ്റ്റ് മേഖലയിലെ ജീസസ് യൂത്ത് ഫുൾടൈമേഴ്സ് ഗ്യാതറിങ്ങിൽനിന്ന്



ആലുവയിൽ നടന്ന സൗത്ത് മേഖലയിലെ ജീസസ് യൂത്ത് ഫുൾടൈമേഴ്സ് ഗ്യാതറിങ്ങിൽനിന്ന്



പൂനെയിൽ നടന്ന നോർത്ത് മേഖലയിലെ ജീസസ് യൂത്ത് ഫുൾടൈമേഴ്സ് ഗ്യാതറിങ്ങിൽനിന്ന്



KAIROS RNI No. KERMAL/2002/12027. Postal Reg No. EKM/734/2013-15. Date of publication: 27 Nov 2013. ₹15.00.

*"The eyes of your heart enlightened, that you may know what the hope is of the glory of His inheritance in the saints."* Eph.1/18

A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

# FORERUNNER'S MEET – 2013

**Dec 21st 8:00am to 22nd 4:00pm, Alpha Pastoral Centre, Edacochin, EKM.**

- Reunion & Celebration
- Thanking & Praying together
- Renewing the Commitment
- Growing together

Seperate session for **Family, Youth And for Kids**

For details and Registration :

Jothish - 9744887111
Jerin Shaji - 8089809069
FT Office - 9072151819

*For online registration please visit :*
***www.fulltimers.jesusyouth.org***

# JESUS YOUTH

FULLTIME VOLUNTEERS TRAINING 2014

"BE A DISCIPLE AND MAKE DISCIPLES"



40 DAYS TRAINING
ONE YEAR FORMATION
FOR A LIFELONG COMMITMENT

TRAINING WILL STARTS ON MAY 18, 2014
LAST DATE OF RECEIVING APPLICATION IS JAN 15,2014
SCREENING ON JAN 25 FROM 4PM TO 26TH 4PM.

DO YOU WISH TO TAKE **ONE YEAR COMMITMENT** FOR THE **LORD?**

THEN BE A **FULLTIME VOLUNTEER**, RESPOND TO THE **CALL** OF YOUR **MASTER!**

FOR MORE DETAILS:
JESUS YOUTH FULLTIME VOLUNTEERS OFFICE EMMAUS, HMT COLONY PO, ERANAKULAM, KERALA-683503 , PH:-9072151819, 9400003993
FOR REG: www.fulltimers.jesusyouth.org

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Ernakulam-682041. Ph. 9847900555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512